# ഗുരുനാഥൻ

10 APR. 1932
MADRAS

പുസ്തകം 11 | 1107 ധനു | ലക്കം 5

## സാമ്പത്തികാധഃപതനവും വിദ്യാഭ്യാസവകുപ്പും.

ലോകമൊട്ടുക്കു ബാധിച്ചിരിക്കുന്ന സാമ്പത്തികദുരവസ്ഥ ഒന്നിനൊന്നിനു വർദ്ധിച്ചു വരികയാണല്ലോ. ജനങ്ങൾ ഇതിനുമുമ്പ് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തതായ കഷ്ടതയാണ് ഇന്നനുഭവിച്ചുവരുന്നതു്. എല്ലാ രാജ്യങ്ങളിലും ഇതിനു പരിഹാരമാർഗ്ഗങ്ങൾ അന്വേഷിച്ചും ഏറക്കുറെ അവലംബിച്ചും പ്രവർത്തിച്ചും വരികയാണ്. നമ്മുടെ രാജ്യവും ഈ വിഷയത്തിൽ ആലോചന നടത്താതിരിക്കുന്നില്ല. ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും അവർ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിവ്. വല്ലതും പ്രവർത്തിക്കുവാനുദ്ദേശിച്ചിട്ടും ഉണ്ടായിരിക്കാം. അതിനുള്ള കാലം ആസന്നമായിരിക്കുന്നു. വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചു മാത്രമേ ഞങ്ങൾ ഇപ്പോൾ അല്പം പറയണമെന്നു വിചാരിക്കുന്നുള്ളു. ഫീസ് തല്ക്കാലത്തേക്കെങ്കിലും കുറക്കാൻ പാടില്ലെന്നും പിഴ നാലു ചക്രം തന്നെ ആയിരിക്കണമെന്നും തീർച്ചയാക്കീട്ടുള്ളതായി കാണുന്നു. ഫീസിന്റെ തവണ എട്ടിൽനിന്നും പത്താക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടതും സ്വീകരിച്ചിട്ടില്ല. കമ്മിററിയുടെ ഒരു വിശേഷമായ ശുപാർശ ഇപ്പോഴത്തെ ആക്ഷേപാർഹങ്ങളായ പാഠപുസ്തകം തന്നെ മൂന്നു കൊല്ലത്തേയ്ക്കു നിശ്ചയിക്കപ്പെടണമെന്നാണ്. ഇതുകൊണ്ടു വിദ്യാർത്ഥികൾക്കൊ രക്ഷാകർത്താക്കന്മാർക്കൊ എന്താശ്വാസമാണു ലഭിക്കുന്നതെന്ന് ഞങ്ങൾക്കറിവില്ല. ഇപ്പോഴത്തെ പുസ്തകങ്ങൾ തന്നെ ഏറെക്കുറെ ആക്ഷേപങ്ങൾക്കധീനങ്ങളായിട്ടുള്ളവയാണ്. അവ ചിലരുടെ സ്വാധീനശക്തികൊണ്ടു തിരഞ്ഞെടുക്കപ്പെട്ടവയുമാണ്. ഇങ്ങിനെ ഇരിക്കെ ഇവയെ തന്നെ വിദ്യാർത്ഥികൾ മൂന്നു കൊല്ലംകൂടി അമിതമായ വിലകൊടുത്തു വാങ്ങി

ക്കണമെന്നു നിശ്ചയിക്കുന്നതു് എന്തുകൊണ്ടാണെന്നു അറിവാൻ പാടില്ല. പ്രസാധകന്മാർക്കും ഉടമസ്ഥന്മാർക്കും സ്ഥിരമായ ആദായം ഉണ്ടാകുമെന്നല്ലാതെ വിദ്യാർത്ഥികൾക്കു് ഒരാശ്വാസവും ഉണ്ടാവാൻ തരമില്ല. നേരെമറിച്ചു കഷ്ടത അധികരിക്കയേ ഉള്ളുവെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഈ ശുപാർശയെ ഗവർമ്മെൻറു് അനുകൂലിക്കയില്ലെന്നു വിശ്വസിക്കുന്നു. വ്യയന്യൂനീകരണക്കമ്മിററിയും വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചു ചില നിർദ്ദേശങ്ങൾ ചെയ്തിട്ടുള്ളതായി കേൾക്കുന്നുണ്ടു്. അവയിൽ ഒന്നു പ്രൈമറിസ്കൂളുകളിൽ പഴയപടി ഫീസേർപ്പെടുത്തണമെന്നുള്ളതാണത്രെ. ഇതു ഗവർമ്മെൻറിനു് അല്പം ആദായകരമായിരിക്കാമെങ്കിലും വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കന്മാർക്കും കൂടുതൽ ഭാരമായിരിക്കാനേ തരമുള്ളു. എന്നല്ല, ഇതു വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രതിലോമനയവും കൂടി ആയിരിയ്ക്കും. വിദ്യാഭ്യാസവും നീതിസംരക്ഷണവും ഒരിക്കലും ആദായമാർഗ്ഗങ്ങളാക്കി കരുതാൻ പാടില്ലാത്തവയാകുന്നു. ഇപ്പോൾ അനാവശ്യമില്ലാതായിത്തീർന്നിരിക്കുന്ന "ട്രെയിനിംഗ്കാളേജും" ആവശ്യത്തിലധികമുള്ള "അസിസ്റ്റൻറ്ഇൻസ്പെക്ടർ"സ്ഥാനങ്ങളും രണ്ടു ചീഫ്ഇൻസ്പെക്ടർമാർ ഉള്ള സ്ഥിതിക്കു് ഇപ്പോഴത്തെ "ഡയറക്ടർഉദ്യോഗം" തന്നെയും നിറുത്തിയാൽ വലിയ തരക്കേടില്ലായിരിക്കുമെന്നു തോന്നുന്നു. ഹജൂരിൽ ഒരു സിക്രട്ടറി ഉണ്ടായാൽ മതിയാകും. കാളേജുകൾ രണ്ടുംകൂടി പഴയപോലെ ഒന്നാക്കാവുന്നതും സ്ത്രീകൾക്കുള്ള കാളേജിലും ഐച്ഛികവിഷയങ്ങൾ കുറയ്ക്കാവുന്നതുമാണു്. കാളേജുഹോസ്റ്റലുകളും തല്ക്കാലം കുറയ്ക്കാം. ഹൈസ്കൂളുകളിൽ പലതും വിദ്യാഭ്യാസവിഷയത്തിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങൾക്കു വിട്ടുകൊടുക്കുന്നതുകൊണ്ടും വലിയ ദോഷം വരാനില്ല. ഇങ്ങനെ വല്ലതുമൊക്കെ ചെയ്യുന്നതല്ലാതെ സാധുക്കളായ വിദ്യാർത്ഥികളിൽ കൂടുതൽ ഭാരം ചുമത്തുന്നതായ ഏർപ്പാടുകൾ ആശാസ്യമാണെന്നു തോന്നുന്നില്ല. സ്കൂളുകളിലേക്കു് എടുത്തുവന്നിരുന്ന വിദ്യാഭ്യാസസംബന്ധമായ മാസികകളും നിറുത്താൻ ഭാവമുള്ളതായി കേൾക്കുന്നുണ്ടു്. നിറുത്തിത്തുടങ്ങിയതായും അറിയുന്നു. ഇതു വാസ്തവമാണെങ്കിൽ അതും ഒരനാശാസ്യനയംതന്നെ ആയിരിയ്ക്കും. എന്തെല്ലാം ദുർഘടം നേരിട്ടാലും സർവ്വപ്രധാനമായ ഭാവിപൌരാവലിയുടെ വിദ്യാഭ്യാസത്തിനു ഹാനികരമായിത്തീർന്നേക്കാവുന്ന യാതൊരു പ്രവൃത്തിയും നീതീകരിക്കത്തക്കതല്ല. പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവുമാക്കണമെന്നുള്ള വാദത്തിന്റെ പരിപാവനമായ അടിസ്ഥാനവും ഇതുതന്നെയാണു്. വിദ്യാഭ്യാസം ഉടനടി ആദായം നൽകുന്ന ഒരേർപ്പാടല്ല. അതിന്റെ ആദായം ദീർഘകാലം കൊണ്ടു മാത്രം ഉത്തമപൌരന്മാരുടെ ആവിർഭാവം മുഖേനയുള്ള രാജ്യ

ക്ഷേമരൂപത്തിൽ നമുക്കു ലഭിക്കുന്നതാണ്. കുറച്ചുപേരെ മാത്രം സംബന്ധിക്കുന്ന ഉൽകൃഷ്ടവിദ്യാഭ്യാസത്തിന് അല്പം കുറവു വന്നാലും ജനസാമാന്യത്തെ ആകമാനം സ്പർശിക്കുന്ന പ്രാഥമികവിദ്യാഭ്യാസത്തെ എത്രയും വ്യയം ചെയ്തും പോഷിപ്പിച്ചും രക്ഷിതമാക്കുന്നതിന് ഏതു ഗവർമ്മെൻറും സശ്രദ്ധം യത്നിക്കേണ്ടതാണ്. ഇന്നത്തെ സ്ഥിതിക്കു സാമാന്യവിദ്യാഭ്യാസത്തിന് ജനങ്ങൾക്കു പൂർവ്വാധികം സൌകര്യം നൽകുകയാണ് ഉത്തമമായിട്ടുള്ള കൃത്യം. "ഒരു രാജ്യത്തിൻെറ യഥാർത്ഥമൂലധനം അതിലെ ശിശുക്കളാണ്." അവരിൽ ഒരുത്തനെങ്കിലും സാമാന്യവിദ്യാഭ്യാസം ലഭിക്കാൻ സൌകര്യമില്ലാതെയാക്കുന്ന ഏർപ്പാട് ഒരിക്കലും അഭിലഷണീയമായിരിക്കയില്ല. അതുകൊണ്ടു പ്രൈമറിസ്കൂളുകളിൽ ഫീസ് ഏർപ്പെടുത്തുകയൊ അനാവശ്യമായി പുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും ഇവ വിദ്യാർത്ഥികളെക്കൊണ്ടു വാങ്ങിപ്പിക്കയൊ അദ്ധ്യാപകന്മാരുടെ ഗുണത്തിലേക്കായി ചെയ്തുവരുന്ന ഏർപ്പാടുകൾ എന്തെങ്കിലും നിറുത്തുകയൊ മലയാളം സ്കൂളുകളിൽ ഫീസു വർദ്ധിപ്പിക്കുകയൊ ചെയ്യുന്നതു യുക്തമല്ലെന്നാണ ഞങ്ങൾക്കു തോന്നുന്നതു്. മററു ഡിപ്പാർട്ടുമെൻറുകളിൽ വ്യയന്യൂനീകരണത്തിൽ ധാരാളം മാർഗ്ഗവും സൌകര്യങ്ങളും ഉള്ള സ്ഥിതിക്കു മുറിപ്പട്ടിണിക്കാരായ നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യേതാക്കളിലും അദ്ധ്യാപകന്മാരിലും കൂടുതൽ ഭാരം ചുമത്തേണ്ടകാര്യം ഇല്ലെന്നാണ് ഞങ്ങൾക്കു പറയാനുള്ളതു്. വിദ്യാഭ്യാസമേധാവികൾ ഈ വിഷയത്തിൽ ആലോചനാപൂർവ്വം പ്രവർത്തിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വ്യയവിചാരകകമ്മിററിയുടെ ഖഡ്ഗധാര ഈ വഴിക്കു പ്രയോഗിക്കാതിരുന്നാൽ കൊള്ളാം. അതു് അസ്ഥാനത്തിലായിരിക്കാനേ ഇടയുള്ളു. കഴിഞ്ഞകൊല്ലത്തെ പാഠ്യപുസ്തകങ്ങൾ മേലും തുടർന്നുകൊള്ളണമെന്നു ഡയറക്ടരവർകൾ സർക്കുലർ അയക്കാൻ പോകുന്നു എന്നൊരു ശ്രുതിയും പരന്നിട്ടുണ്ടു്. അങ്ങിനെ വല്ലതും ഭാവമുണ്ടെങ്കിൽ അതു പുസ്തകങ്ങളെപ്പററി ഗുണദോഷം ചിന്തിക്കാൻ ശേഷിയുള്ളവരുമായി ആലോചിച്ചിട്ടു വേണമെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. കഴിഞ്ഞ കൊല്ലത്തെ പാഠ്യപുസ്തകതിരഞ്ഞെടുപ്പിനെ സംബന്ധിച്ചു ചില പ്രസാധകന്മാരുടേയും മററും വിക്രിയകൾ നിയമസഭയിൽക്കൂടി വാദവിഷയമായിത്തീർന്നിട്ടുള്ള സ്ഥിതിക്കു് അവയെത്തന്നെ തുടർന്നുകൊണ്ടുപോകണമെന്നു വിധിക്കുന്നതു് അല്പം ആലോചിക്കയും അന്വേഷിക്കയും ചെയ്തതിന്നു മേൽ വേണ്ടതാണെന്നാണ ഞങ്ങളുടെ വിനീതമായ അഭിപ്രായം. ഡയറക്ടരവർകൾക്കു് മലയാളഭാഷ ഒട്ടും പരിചയമില്ലാത്ത സ്ഥിതിക്കു് ഈ വിഷയത്തിൽ പുസ്തകഉടമസ്ഥന്മാരോ പ്രസാധകന്മാരോ അല്ലാത്തവരും നിഷ്പക്ഷപാതികളും ആയ വിദ്വാന്മാരുടെ അഭിപ്രായംകൂടി അറിഞ്ഞു തീരുമാ-

നിക്കുന്നതാണുത്തമം. മലയാളംസ്കൂൾ ഹെഡ്മാസ്റ്റർമാരുടേയും അസിസ്റ്റൻറ് ഇൻസ്പെക്ടർമാരുടേയും അഭിപ്രായവും അറിയേണ്ടതാണ്.

## പാഠ്യപുസ്തകകാൎയ്യം.

പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ ഭീമമായ അഴിമതികൾ നടക്കുന്നുണ്ടെന്നാണ് പത്രപ്രസ്താവനകളിൽനിന്നും നിയമസഭയിലുണ്ടായ വാദങ്ങളിൽ നിന്നും ജനസംസാരത്തിൽനിന്നും അനുമാനിക്കേണ്ടതു്. ഇതിനെക്കുറിച്ചന്വേഷിക്കുന്നതിനാരുമില്ലെന്നുള്ള സ്ഥിതിയുമാണു കാണുന്നതു്. ഈ വിഷയത്തിൽ ഗവൎമ്മെൻറിൽനിന്നും ഏതെങ്കിലും പ്രവൎത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ദോഷങ്ങൾ മൂൎഛയെ പ്രാപിച്ചാൽ പിന്നെ കഠിനമായ പ്രതിവിധിയില്ലാതെ അവയെ പരിഹരിക്കാൻ പ്രയാസമാണ്. ഇന്നു പറഞ്ഞുവരുന്ന ദോഷങ്ങൾ ഏകദേശം ഇവയാണ്:-

(1) പാഠ്യപുസ്തകക്കമ്മിററി സേവയോ ശുപാൎശയോ മററോ അനുസരിച്ചു വകക്കു് കൊള്ളാത്ത പുസ്തകങ്ങൾ അംഗീകരിക്കുന്നു.

(2) തിരഞ്ഞെടുക്കാനധികാരമുള്ളവരും പുസ്തകങ്ങളുടെ ഗുണദോഷങ്ങളെ ചിന്തിക്കാതെ കേവലം ശുപാൎശ ഒന്നു മാത്രം അടിസ്ഥാനമാക്കി പുസ്തകങ്ങൾ നിശ്ചയിക്കുന്നു.

(3) അംഗീകരിക്കാത്ത പുസ്തകങ്ങളും ശുപാൎശയുടെ ശക്തിനിമിത്തം പാഠ്യപുസ്തകലിസ്റ്റിൽ ഉൾപ്പെടുത്തി കാണുന്നു.

(4) പുസ്തകങ്ങൾക്കു് അമിതമായ വില നിശ്ചയിക്കുന്നു.

(5) ടി. പുസ്തകങ്ങൾ വിദ്യാൎത്ഥികൾക്കു പഠിക്കാനുള്ളവയാണെന്നു് ആരും ലേശംപോലും ചിന്തിക്കുന്നില്ല.

ഇവയുടെ പരിഹാരത്തിനു ചുവടെ ചേൎക്കുന്ന വ്യവസ്ഥയനുസരിച്ചു കമ്മിററിയെ പുനസ്സംഘടിപ്പിക്കുന്നതായാൽ വല്ല ഗുണവുമുണ്ടാകുമോ എന്നു പരീക്ഷിച്ചുനോക്കുന്നതു് കൊള്ളാമെന്നു തോന്നുന്നു. ഈ വ്യവസ്ഥകൾ നിൎദ്ദോഷങ്ങളാണെന്നു് ഞങ്ങൾക്കു പക്ഷമില്ല.

(1) പുസ്തകങ്ങൾ യുക്തംപോലെ നിരാകരിക്കുന്നതിനും അംഗീ

കരിക്കുന്നതിനും പാഠ്യപുസ്തകങ്ങളെ നിശ്ചയിക്കുന്നതിനുമുള്ള അധികാരത്തോടുകൂടി പത്തംഗങ്ങളടങ്ങിയ ഒരുകമ്മിററിയെ രൂപവൽക്കരിക്കണം.

(2) അതിൽ സാമാന്യമായ ഭാഷാജ്ഞാനമുള്ള രണ്ടു വി. എം. സ്കൂൾ ഹെഡ്മാസ്റ്റർമാരും രണ്ടു അസിസ്റ്റൻറ് ഇൻസ്പെക്ടർമാരും ഒരു അസിസ്റ്റൻറ് ഇൻസ്പെക്ട്രസ്സും കൂടാതെ ഒരു കാളേജ് പണ്ഡിതനും മെസ്സേഴ്സ് പി. കെ. നാരായണപിള്ള, എസ്സ്. പരമേശ്വരയ്യർ, എം. രാമവർമ്മ തമ്പാൻ, ഇ. വി. കൃഷ്ണപിള്ള ഇവരും അംഗങ്ങളായിരിക്കണം.

(3) കമ്മിററിയുടെ കാലാവധി മൂന്നു കൊല്ലത്തേക്കുണ്ടായിരിക്കണം.

(4) ഭാഷാജ്ഞാനമൊ സ്വല്പമെങ്കിലും സാഹിത്യപരിശീലനമൊ ഇല്ലാത്തവരുടെ പുസ്തകങ്ങൾ വന്നാൽ പരിശോധിക്കാതെതന്നെ അവയെ മടക്കി ഉടമസ്ഥന്മാൎക്കയച്ചുകൊടുക്കണം. ഇതു് എത്രയും അത്യാവശ്യമായ ഒരു കാര്യമാണു്.

(5) അംഗീകരണവും തിരഞ്ഞെടുപ്പും ഭൂരിപക്ഷം അംഗങ്ങളുടെ വോട്ടനുസരിച്ചു വേണ്ടതാണു്. ന്യൂനപക്ഷക്കാൎക്കു് അവരുടെ അഭിപ്രായം രേഖപ്പെടുത്തുവാൻ അധികാരമുണ്ടായിരിക്കണം. കമ്മിററിഅംഗങ്ങളുടെ പുസ്തകങ്ങൾ അവർതന്നെ തിരഞ്ഞെടുത്തുകൂടാ.

(6) കമ്മിററി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളുടെ ലിസ്ററും ഭിന്നാഭിപ്രായരേഖകളും ഡയറക്ടർ മുഖേന ഗവമ്മെൻറിലേക്കു് യഥാകാലം അയക്കണം.

(7) പുസ്തകങ്ങൾ മാററാനൊ കൂട്ടാനൊ ഡയറക്ടൎക്കധികാരമില്ലാതിരിക്കണം.

(8) ഗവമ്മെൻറിൽനിന്നും ഈ ലിസ്ററു് ഈ വിഷയത്തിൽ ഉപദേഷ്ടാവായി നിയമിച്ചിരിക്കുന്ന ആളിനു് അയച്ചു് അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം ലിസ്ററു് അനുവദിക്കയൊ ഭേദപ്പെടുത്തുകയൊ യുക്തം പോലെ നിരാകരിക്കയൊ ചെയ്യാവുന്നതുമായിരിക്കണം.

(9) പുസ്തകങ്ങളുടെ വിലയും കടലാസിൻെറ മാതിരിയും മററും ഗവമ്മെൻറിൽനിന്നുതന്നെ തീർച്ചപ്പെടുത്തണം.

(10) ശുപാൎശയൊ മററുവിധ പ്രേരണയൊ ഉപയോഗിക്കുന്നതായ ആളിൻെറ പുസ്തകം ഒരുകൊല്ലത്തേയ്ക്കു് പരിശോധിക്കക്കൂടി ചെയ്യാതെ തള്ളണം.

(11) നീതിവിട്ടുള്ള വിക്രിയകൾക്കധീനന്മാരെന്നു കാണുന്ന പ്രസിദ്ധീകരണശാലക്കാരേയും ഇപ്രകാരംതന്നെ ശിക്ഷിക്കണം.

(12) അവസാനലിസ്റ്റു് ഗസററിൽ പ്രസിദ്ധംചെയ്താൽ പിന്നെ യാതൊരു മാററവും ചെയ്തുകൂടാത്തതാകുന്നു. ഇങ്ങിനെ വല്ല പദ്ധതിയും സ്വീകരിച്ചു പ്രവൎത്തിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. ഇന്നു പുസ്തകങ്ങൾ വിദ്യാൎത്ഥികൾക്കു പഠിക്കാനുള്ളവയാണെന്നൊ, ക്ലാസിനു പററിയവയാണെന്നൊ, ഭാഷയും ഭാഷാരീതിയും ദുൎവ്വാച്യകളാണെന്നൊ ആശയങ്ങൾ വല്ലതുമുണ്ടോ എന്നൊ വില അമിതമാണെന്നൊ ആരുംതന്നെ നോക്കാൻ ഭാവമില്ല. ഇതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ സഹിക്കേണ്ടതു് സാധുക്കളായ വിദ്യാർത്ഥികളും അവരുടെ രക്ഷാകൎത്താക്കന്മാരുമാണു്. പുസ്തകഉടമസ്ഥന്മാരുടെ നിൎദ്ദയത്വവും നിശ്ചയിക്കുന്നവരുടെ ഔദാസീന്യവും എത്രമാത്രം ദോഷഹേതുകമാണെന്നു് ആരും അറിയുന്നില്ല. വിദ്യാൎത്ഥികളുടെ തലയിൽ ചപ്പുംചവറും കുത്തിച്ചെലുത്തുന്നതു് ഒരു വലിയ അപരാധമാണു്. അവരുടെ ബുദ്ധിശക്തിയെ ക്ലേശിപ്പിക്കയും ഭാഷാജ്ഞാനത്തെ ദുഷിപ്പിക്കയും ചെയ്യുന്നതു ഭാവിപൌരന്മാരെന്ന നിലയിൽ അവൎക്കു ഹാനികരമായിട്ടുള്ളതാണു്. ഇന്നത്തെ പാഠ്യപുസ്തകനിൎമ്മാതാക്കളുടെ പുസ്തകങ്ങൾ അത്ര വിശിഷ്ടങ്ങളാണെങ്കിൽ അവ് വിദ്വാന്മാൎക്കും വായനശാലക്കാൎക്കും ജനസാമാന്യത്തിനും വിററു് വില വാങ്ങിച്ചുകൊള്ളുവാൻ അവരെ അനുവദിക്കേണ്ടതാണു്.

ഉദാരമതികളായ സ്നേഹിതന്മാരിൽനിന്നും വിദ്യാൎത്ഥികൾ രക്ഷിക്കപ്പെടട്ടെ എന്നു് പ്രാൎത്ഥിച്ചുകൊള്ളുന്നു. കുശാഗ്രബുദ്ധിയും നീതിമാനുമായ പുതിയ ദിവാൻജി അവർകൾ ഈ വിഷയത്തിൽ വേണ്ട അന്വേഷണം നടത്തി ഇന്നു മൂർഛയെ പ്രാപിച്ചിരിക്കുന്ന അഴിമതികളെല്ലാം നിശ്ശേഷം ഉന്മൂലനം ചെയ്യുമെന്നു് ജനങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. ഈ പാഠ്യപുസ്തകബഹളം തലസ്ഥാനത്തുള്ള എത്രപേരുടെ കൃത്യനിഷ്ഠയേയും സന്മാൎഗ്ഗബോധത്തേയും വ്യതിചലിപ്പിക്കുന്നുണ്ടെന്നു് അന്വേഷിക്കേണ്ടതു് ഏററവും ആവശ്യമായിട്ടാണിരിക്കുന്നതു്. സദാ ശാന്തവും നിൎമ്മലവും പരിപാവനവുമായ ഒരന്തരീക്ഷത്തോടുകൂടിവൎത്തിക്കേണ്ട വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് മേധാവികളുടെ നോട്ടക്കുറവുകൊണ്ടോ ഔദാസീന്യതകൊണ്ടോ ഇതു് ഈ വിധം മലിനമായിത്തീൎന്നതിൽ വ്യസനിക്കയല്ലാതെ ഗത്യന്തരമൊന്നും കാണുന്നില്ല.

# ചില അദ്ധ്യാപനവൈഷമ്യങ്ങൾ.

(ഒരു പഴയ അദ്ധ്യാപകൻ)

അദ്ധ്യയനം അദ്ധ്യേതാക്കൾക്കും അദ്ധ്യാപനം അദ്ധ്യാപകന്മാർക്കും ക്ലേശസാദ്ധ്യമെന്ന തോന്നാതെ സരളമായും സരസമായും കഴിഞ്ഞുകൂടുന്നതിന് ഹാനികരമായി നേരിടുന്നതെല്ലാം അദ്ധ്യാപനവൈഷമ്യങ്ങളാണ്. ഇവയെ ഓരോന്നായി പ്രതിപാദിക്കുന്നതിനു മുൻപ് നമ്മുടെ പാഠശാലകളിലെ ജോലിനടത്തിപ്പുസമ്പ്രദായത്തെപ്പററി അല്പം പ്രസ്താവിക്കാം. പല പ്രായത്തിലും തരത്തിലുമുള്ളവരും വിവിധ വാസനയോടുകൂടിയവരുമായ നാല്പതോ അൻപതോ അതിൽപരമോ വിദ്യാത്ഥികളെ സഞ്ചയിച്ച് ഒരു ക്ലാസാക്കി നിശ്ചിതമായ കുറെ സംഗതികൾ അവരുടെ രസനീരസവും ആവശ്യവും പ്രാപ്തിയും ഗണിക്കാതെയും ദഹനശക്തിയുടെ അളവെടുക്കാതെയും ക്ലിപ്തസമയത്ത് അദ്ധ്യാപകൻ പകൻനുകൊടുക്കുന്നു. അരോചകമായ ഈ കടുതിക്തകഷായം സേവിച്ച ഉടൻ ഛർദ്ദിപ്പിക്കുന്നവരും, അഥവാ അജീർണ്ണിപ്പിക്കുന്നവരുമുണ്ട്. ഏതായാലും ശരിയായ ദീപനം വന്ന് സാരാംശം രക്തത്തോടുകലൎന്നുണ്ടാകുന്ന ആരോഗ്യം ഇന്നത്തെ അദ്ധ്യാപനസമ്പ്രദായംകൊണ്ടു വളരെ കുറച്ചാളുകൾക്കു മാത്രമേ ലഭ്യമാവുന്നുള്ളു.

അദ്ധ്യാപനവൈഷമ്യങ്ങളിൽ പ്രധാനം നടപ്പിലിരിക്കുന്ന ക്ലാസ് വിഭജനമാകുന്നു. ക്ലാസ് വിഭജനത്തിൻെറ മാനദണ്ഡം വിദ്യാത്ഥികളുടെ പ്രാപ്തിയാണെന്നാണു വയ്പ്. എന്നാൽ ഒരു ക്ലാസിൽ എല്ലാവരും തുല്യപ്രാപ്തിയുള്ളവരാവുക മിക്കവാറും സാദ്ധ്യമല്ല. ഉദാഹരണത്തിന് ഒന്നാംക്ലാസാവട്ടെ. ഒരാണ്ടിൽ ഏതു കാലത്തും ഈ ക്ലാസിൽ കുട്ടികളെ ചേക്കാം. ചേരാൻ വരുന്ന കുട്ടികൾ അക്ഷരം പഠിച്ചവരും അല്ലാത്തവരുമായിരിക്കും. ആദിയിൽ "പൂ, പൂച്ച, പൂച്ചട്ടി" എന്ന് ചിത്രം കാണിച്ച് ഇവരെ പഠിപ്പിക്കണം. ചിത്രം കാണാതെ, എഴുതിക്കാണിച്ചാൽ വായിക്കാൻ കഴിവുള്ളവക്ക് ഇതൊരു നേരംപോക്കായി തോന്നുകയില്ലേ.? ഏതാനും പാഠങ്ങൾ ചിത്രംമുഖേന വായിക്കാൻ പഠിച്ച്, അവയെ ലിപിഭേദത്തിലെഴുതാനും അഭ്യസിച്ചു കഴിയുമ്പോഴാണ് അക്ഷരജ്ഞാനമൊ ശബ്ദജ്ഞാനമൊ ഇല്ലാത്ത മററതാനുംപേർക്കൂടി വന്നുചേരുന്നതു്. അവക്ക് പൂവും, പൂച്ചയും, പൂച്ചട്ടിയും തീരെ അപരിചിതവുമായിരിക്കും. ന്യൂനപക്ഷക്കാരായ ഇവക്കുവേണ്ടി മററുള്ളവരെ കീഴോട്ടു വലിക്കുക സാദ്ധ്യമാണോ? കണക്കുവിഷയത്തിലും ഒന്നാംക്ലാസുകുട്ടികളുടെ ജ്ഞാനത്തിന് ഐകരൂപ്യ

മുണ്ടായിരിക്കയില്ല. ഇവരെ സിലബസ് പ്രകാരം പഠിപ്പിക്കാനുള്ള സംഗതികൾ ഒരു കൊല്ലത്തെ ആയുസ്സു കളവാൻ മതിയായതുമല്ല. ഇതുകൊണ്ടെല്ലാം അദ്ധ്യാപകനും മുഷിയുന്നു; അദ്ധ്യേതാവും മുഷിയുന്നു. ഇതാണ് കണ്ടുവരുന്ന ഫലം. പിന്നെ അദ്ധ്യാപകൻ കരുതുന്നതു്, പരീക്ഷയ്ക്കു വീട്ടിൽ വളർത്തുന്ന ഏതാനും ജന്തുക്കളുടെ പേരും, പള്ളിക്കൂടത്തിൽ കാണുന്ന ഏതാനും ഉപകരണങ്ങളുടെ പേരും പറയണം; അഥവാ എഴുതണം; പോരെങ്കിൽ അഞ്ചു പത്തും മൂന്നു പത്തും കൂടിയാൽ എത്ര? ഇത്യാദി ചോദ്യങ്ങൾക്കുത്തരം പറയണം; ഇതിൽ കൂടുതൽ നമുക്കു ഭാരമില്ലല്ലോ എന്നാണ്. വർഷാവസാനപരീക്ഷയുടെ ഫലമായി കുറെപ്പേർ രണ്ടാംക്ലാസിലുമായി. അതു് 75 ശതമാനമായെങ്കിൽ അദ്ധ്യാപകൻ അതിസമർത്ഥനെന്നു ഗണിക്കപ്പെടുകയും ചെയ്യും. ഇത്തരത്തിൽ മേലോട്ടുയർന്നുവരുന്നവരാണ് ഓരോ ക്ലാസിലും സഞ്ചയിക്കുന്നതു്. ഇവരുടെ പ്രാപ്തി തുല്യമാണെന്നു ഗണിക്കാമോ എന്നു് അനുഭവസ്ഥന്മാർ തീർച്ചയാക്കട്ടെ. അഞ്ചാംക്ലാസും മറെറാരു തരത്തിൽ ഉദാഹരിക്കപ്പെടാം. നാലാംക്ലാസിലെ വിജയപത്രം ലഭിച്ചവരെയെല്ലാം അഞ്ചാംക്ലാസിൽ ചേർക്കുന്നതിനു വിരോധമില്ലല്ലോ. നാലാംക്ലാസ് പരീക്ഷ തിരുവിതാംകൂറിൽ ഒരു വിചിത്രസൃഷ്ടിയാണ്. പരീക്ഷയ്ക്കു ഏതാനും ആഴ്ച മുൻപു്, പഠിപ്പിക്കുന്ന അദ്ധ്യാപകൻ ചോദ്യപത്രം നിർമ്മിച്ചു് പരിശോധനഉദ്യോഗസ്ഥന് അയക്കണം. അതു പരിശോധിച്ചു് തിരിച്ചുകിട്ടുന്നതിനുള്ളിൽ അവയുടെ ഉത്തരം പഠിച്ചുകഴിഞ്ഞോ എന്നു് അദ്ധ്യാപകൻ പരിശോധിച്ചു തൃപ്തിപ്പെട്ടില്ലെങ്കിൽ അദ്ദേഹമല്ലേ മോശക്കാരൻ.? ഉത്തരക്കടലാസുകൾ പരസ്പരം കൈമാറി പരിശോധിച്ചാലും മുൻ പരിശോധനാഫലം സ്പഷ്ടമാണ്. വിജയികൾ ദുർല്ലഭമാകയില്ല. പക്ഷേ എഴുതാനൊ വായിക്കാനൊ കണക്കുകൂട്ടാനൊ കഴിവില്ലാത്തവർ ധാരാളം വിജയിച്ചേക്കും. നാലാംക്ലാസിലെ സ്റ്റാൻഡാഡ് പ്രകാരമുള്ള പഠിത്തം പരിപൂർണ്ണമായുണ്ടായാലും അഞ്ചാംക്ലാസിലെ സിലബസ് പ്രകാരമുള്ള പാഠങ്ങൾ പഠിക്കാൻ പ്രാപ്തി പോരെന്നിരിക്കെ, മേല്പറഞ്ഞ തരക്കാരൻ സഞ്ചിതമാകുന്ന അഞ്ചാംക്ലാസ് വിദ്യാർത്ഥികളെ ഒരേ തോതിൽവച്ചു് പഠിപ്പിച്ചു ശരിപ്പെടുത്തുക എത്രകണ്ടു വിഷമമാണെന്നു് അനുഭവസ്ഥന്മാരെ പറഞ്ഞറിയിക്കേണ്ടതില്ല. നാലാംക്ലാസ് അദ്ധ്യാപകന്മാരെ പരിപൂർണ്ണമായി വിശ്വസിച്ചു് അവരുടെ അഭിപ്രായപ്രകാരം യോഗ്യന്മാരെന്നു നിർണ്ണയിച്ചു് അയക്കുന്നവരെ അഞ്ചാംക്ലാസിൽ ചേർക്കാമെന്നു വരുന്നപക്ഷം ഈ വിഷമത്തിനു് ഏറെക്കുറെ പരിഹാരമുണ്ടാകുമെന്നുകൂടി തോന്നുന്നുണ്ടു്.

പ്രാപ്തരും അപ്രാപ്തരുമടങ്ങിയ ഒരു സമൂഹത്തെ തുല്യനിലയിൽ ഗണിച്ചു് അവരുടെ പ്രാപ്തിയെ വിഗണിച്ചു് നിശ്ചിതഭാഗങ്ങൾ മുഴുവൻ

ക്ലിപ്തകാലംകൊണ്ടു പഠിപ്പിക്കണമെന്നുള്ളതാണു് വേറൊരു വൈഷമ്യം. അതിൽ വരവണ്ണം മാറാൻ അദ്ധ്യാപകനു് അധികാരമില്ല. പ്രഥമാദ്ധ്യാപകൻെറ സ്കീം ഓരോ പാഠത്തിനും അനുവൎത്തിച്ചുകൊള്ളണം. തീൎന്നില്ലെങ്കിൽ ഓടിച്ചു തീൎക്കാനും വിരോധമില്ല. സിലബസ് ഒരു വിധം; പുസ്തകങ്ങൾ മറെറാരു വിധം; പഠിപ്പിക്കേണ്ട ഭാഗങ്ങൾ അസംഖ്യം; പുസ്തകമൊ കാൎയ്യഭാഗങ്ങളൊ പഠിപ്പിക്കേണ്ടതെന്നറിയാതെ അമ്പരക്കുന്ന അദ്ധ്യാപകന്മാർ; എല്ലാംകൂടി ആവുമ്പോൾ ഒന്നുമില്ല. അതുകൊണ്ടു് ഈ വൈഷമ്യത്തെ അത്ര കാൎയ്യമായി അധികമാരും ഗണിക്കാറില്ല.

വേറൊരു പ്രധാനവൈഷമ്യം വിദ്യാൎത്ഥികളുടെ ദാരിദ്ര്യമാണു്. നാട്ടുഭാഷാപാഠശാലകളിലാണു് ദാരിദ്ര്യം നിമിത്തമുള്ള വിഷമത അധികം ബാധിച്ചിട്ടുള്ളതു്. വിശക്കുന്ന വിദ്യാർത്ഥിയെ പ്രസംഗിച്ചു സമാധാനപ്പെടുത്താൻ അദ്ധ്യാപകൻ പ്രാപ്തനാകുമോ? ഉച്ചപ്പട്ടിണിക്കാരൻെറ നേരെ "ക്രോധമല്ലായ്കനായതുനിൎണ്ണയം" എന്നു പാടി കേൾപ്പിച്ചു്, വായിക്കാൻ പുസ്തകമില്ലാത്തതിനാൽ ക്രോധിക്കുന്ന അദ്ധ്യാപകൻെറ നില എത്ര ദയനീയം. ദിവസം 200 വരിയിൽ കുറയാതെ ഇത്തരം പദ്യം പഠിപ്പിച്ചുതീൎക്കണം.

"ദൃശ്യമായുള്ളൊരുരാജ്യദേഹാദിയും
വിശപ്പുംനിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേതൽപ്രയാസംതവ
യുക്തമതല്ലായ്കിലെന്തതിനാൽഫലം"

എന്നിത്യാദി തത്വങ്ങളുടെ പ്രതിപാദനത്തിൽ വിശപ്പുതീൎക്കാൻ മാൎഗ്ഗമുണ്ടാക്കിത്തന്നാൽ "ഏതൽപ്രയാസം തവയുക്ത"മെന്നായിരിയ്ക്കും വിദ്യാൎത്ഥികൾ ആലോചിക്കുന്നതു്. അതു പോകട്ടെ, കൈയക്ഷരമെങ്കിലും തെളിയണമല്ലോ. അതിലേക്കു് കടലാസു വാങ്ങാൻ കാശില്ല. ഓണമൊഴിവുകഴിഞ്ഞു ബുക്കു് തൈച്ചുതരാമെന്നു പറഞ്ഞു. അങ്ങിനെ ക്രിസ്തുമസ്സുവരെ കഴിയും. ക്രിസ്തുമസ്സ് ഒഴിവുകഴിഞ്ഞാൽ പിന്നെ വൎഷാവസാനപരീക്ഷയ്ക്കു രണ്ടുമാസമേ ഉള്ളുവല്ലോ. അക്കാലം ഒഴിവുകഴിവുകൊണ്ടും കഴിക്കാം. പാഠ്യപുസ്തകം വാങ്ങാതിരിക്കുക, ഫീസ് സമയത്തു കൊടുക്കാതെ ഹാജർ നഷ്ടപ്പെടുത്തുക, പട്ടിണിയായി സ്കൂളിൽ ഹാജരാവുക മുതലായ പല വിഷമതകളും അദ്ധ്യാപനപുരോഗതിയെ തടഞ്ഞു നിറുത്തുന്ന മതിലുകളാണെന്നു് ആവൎത്തിച്ചു പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ.

പട്ടിണിക്കാരായ വിദ്യാർത്ഥികൾ, അർദ്ധപ്പട്ടിണിക്കാരായ അദ്ധ്യാപകന്മാർ, അവരുടെ സമ്മേളനത്തിലുണ്ടാവുന്ന നിരാശ; ഇതിനു തക്ക പോംവഴിയൊന്നും തോന്നുന്നില്ല. പാഠശാലയുടെ അരമ്യതയും അസൌകര്യവും ഈ നിരാശയെ ദ്വിഗുണീഭവിപ്പിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഉപകരണങ്ങൾ മിക്കവാറും നിരുപയോഗങ്ങളാണ്. പാഠശാലയുടെ തറ ധൂളിമയമായിരിക്കും. തന്മൂലം വിദ്യാർത്ഥികൾ നിരുല്ലാസരും മലിനരുമായിത്തീരുന്നു. ഭോജനം മോശമായിരുന്നാലും ഭാജനം നന്നായിരുന്നാൽ ഭുജിക്കാൻ ഔത്സുക്യമുണ്ടാകും. പല നാട്ടുഭാഷാപാഠശാലകളും പശുത്തൊഴുത്തിനേക്കാൾ കഷ്ടമാണ്. അതിൽ നന്നെ ഞെരുങ്ങി പുറത്തോട്ടുപുറമുരുമ്മി സമീപത്തുനിന്നുണ്ടാകുന്ന ദുർഗ്ഗന്ധവായു ശ്വസിച്ച് അഞ്ചു മണിക്കൂർ നേരം കഴിച്ചുകൂട്ടേണ്ടി വരുന്നവരുടെ ആരോഗ്യത്തെപ്പററി എന്തു പറയട്ടെ.

അദ്ധ്യാപകന്മാരുടെ അപ്രാപ്തി അദ്ധ്യാപനവൈഷമ്യങ്ങളിൽ പ്രധാനമാകുന്നു. താനുണ്ണാത്തേവൻ വരദാനത്തിന്നപ്രാപ്തനാണല്ലോ. നാട്ടുഭാഷാദ്ധ്യാപകന്മാരിൽ പലരും സ്വന്തമായ പല ക്ലേശങ്ങളുമുള്ളവരാണ്. പോരെങ്കിൽ പരസ്പരസഹായസംഘങ്ങളിൽനിന്നും കടംകൊള്ളാൻ സൌകര്യമുള്ളതുകൊണ്ട് പ്രാപ്തിയറിയാതെ പലരും കടംവാങ്ങി തിരിച്ചടക്കാൻ കഴിവില്ലാതെ വിഷമിക്കയും, ശമ്പളത്തിൽ സിംഹഭാഗം സംഘങ്ങളിലേക്കു കടത്തിന് പിടിക്കുന്നതിനാൽ നിരുത്സാഹരാകയും ചെയ്തുവരുന്നുണ്ട്. വിധികടത്തിന് വാറണ്ടുള്ളവരും ചുരുക്കമല്ല. അദ്ധ്യാപനം എത്രയോ മാനസോല്ലാസത്തോടെ നിർവ്വഹിക്കപ്പെടണം. അദ്ധ്യാപകന്റെ മാന്ദ്യം വിദ്യാർത്ഥികളിൽ സാംക്രമികരോഗംപോലെ പകരും. മനസ്സമാധാനമില്ലാതെ ഏതു വേല ചെയ്താലും പൂർണ്ണഫലം ലഭ്യമല്ല. കൂടാതെ വിപരീതഫലപ്രദമായിത്തീരുകയും ചെയ്തേക്കാം. “പാട്ടുകേട്ടാലാക്കസൌഖ്യം പട്ടിണിയായ്കിടക്കുമ്പോൾ” എന്നു കവി പാടിയിട്ടുള്ളത് അനുദിനം അനുസ്മരിക്കേണ്ടതായി വരുന്നു.

“സഞ്ചാരിണീദീപശിഖേവരാത്രൌ
യംയംവ്യതീയായപതിംവരാസാ
നരേന്ദ്രമാർഗ്ഗാട്ടഇവപ്രപേദേ
വിവർണ്ണഭാവംസസഭൂമിപാലഃ”

എന്ന അലങ്കാരപ്രധാനമായ പദ്യം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കിട്ടുന്ന വിധിനടത്തുനോട്ടീസ് വായിച്ചുണ്ടാകുന്ന വേദനവൈവർണ്ണ്യത്തിനു ത

ക്കതായ ഒരു ഉപമ കാളിദാസമഹാകവി ഇന്നു ജീവിച്ചിരുന്നെങ്കിൽ നമുക്കു ലഭിക്കുമായിരുന്നു.

അദ്ധ്യാപകൻ പഠിക്കുന്നവനും കൂടി ആയിരിക്കണം. മനസ്വാസ്ഥ്യമില്ലെങ്കിൽ പഠിപ്പിക്കാൻ കഴിയാത്തതുപോലെ പഠിക്കാനും മനസ്സു വരികയില്ല. പുതിയ സംഗതികൾ പഠിച്ചു് അറിയുന്നതിലുള്ള അനാസ്ഥ കൊണ്ടു് നാട്ടുഭാഷാദ്ധ്യാപകന്മാർ സ്വകൃത്യനിർവ്വഹണത്തിനു് അപ്രാപ്തരായിത്തീരുന്നുണ്ടെന്നു് അവരറിയുന്നില്ലെങ്കിലും അതു പലരും കണ്ടറിയുന്നുണ്ടു്. കാര്യകാരണബന്ധത്തെപ്പററി ചിന്തിക്കാനുള്ള ശക്തിയുണ്ടാക്കുകയാണു് വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശ്യം. സ്വസ്ഥിതിയെപ്പററി ചിന്തിക്കാൻ പ്രാപ്തനല്ലാത്ത അദ്ധ്യാപകൻ സംഭവങ്ങളുടെ കാര്യകാരണചിന്താശക്തി സ്വശിഷ്യരിൽ ഉണ്ടാക്കുമെന്നു് എങ്ങിനെ വിചാരിക്കും? അതുകൊണ്ടു് അദ്ധ്യാപകന്മാരുടെ സ്ഥിതിയെ കഴിയുന്നതും ഉയർത്താൻ ശ്രമിക്കേണ്ട ചുമതല എല്ലാവർക്കുമുണ്ടു്. കേവലം ഉപജീവനാർത്ഥം അദ്ധ്യാപകവൃത്തി സ്വീകരിക്കുന്നവർ കുറയത്തക്ക വിധം എന്തെങ്കിലും ഏർപ്പാടുണ്ടാകുന്നതു് കൊള്ളാമെന്നു തോന്നുന്നു. അദ്ധ്യാപകന്മാരുടെ സ്വകൃത്യനിർവ്വഹണപ്രാപ്തിയെ തുണ്ടുതോറും പരിഗണിക്കുന്നതിനു പര്യാപ്തമായ ഏതെങ്കിലും ഏർപ്പാടുണ്ടാകുന്നതു് അവരുടെ സ്ഥാനമഹിമയെ പുലർത്തുന്നതിനും അവർക്കു പൊതുജനപ്രീതിയും ബഹുമാനവും കൂടുതൽ സാധിക്കുന്നതിനും അത്യാവശ്യമാണു്.

നാട്ടുഭാഷാദ്ധ്യാപനം വർണ്ണാക്യുലർസ്കൂൾ ലീവിങ്ങ്പരീക്ഷാവിജയത്തോടുകൂടിയാണല്ലോ സാധാരണ പര്യവസാനിക്കുന്നതു്. തൽഫലം എന്തെന്നന്വേഷിക്കുമ്പോൾ ഉണ്ടാകുന്ന നിരാശ അദ്ധ്യാപനത്തിൽ നേരിടുന്ന ഒരു പ്രധാനവൈഷമ്യമാകുന്നു. ആധുനികവിദ്യാഭ്യാസം പരീക്ഷാവിജയത്തെ ലാക്കാക്കിയും അതിന്റെ ഉദ്ദേശ്യം ഗവമ്മെൻറുദ്യോഗലാഭവും ആണു്. ഉദ്ദേശ്യം ഫലിക്കുന്നില്ലെങ്കിലും ലാക്കിനു മാററമൊന്നും വന്നിട്ടില്ല. തന്മൂലം പരീക്ഷാവിജയികൾ ഏറിവരുന്നു. അതനുസരിച്ചു് തൊഴിലില്ലാത്തവരുടെ സംഖ്യയും വർദ്ധിക്കുന്നു. അഭ്യസ്തവിദ്യന്മാരിൽ—പരീക്ഷാവിജയികളിൽ—തൊഴിലില്ലാത്തവരുടെ സാമാന്യമായ കണക്കു്, തൊഴിലില്ലായ്മക്കമ്മെററിറിപ്പോർട്ടിൽനിന്നും ഈ കഴിഞ്ഞ സെൻസസ്സ് റിപ്പോർട്ടു പുറത്തുവരുമ്പോൾ അതിൽനിന്നും അറിയാം. ഇന്നു പെരുകിവരുന്ന പരീക്ഷാവിജയികൾക്കു് ഉദ്യോഗം ലഭിപ്പാൻ നിവൃത്തിയില്ലാത്തതിനാലും, ഉപജീവനാർത്ഥം മാന്യമായ ഇതരതൊഴിൽ ചെയ്വാൻ വശമില്ലാത്തതിനാലും, ക്ലേശം സഹിക്കാൻ കെല്പില്ലാത്തതുകൊണ്ടും അവർ കുഴങ്ങുന്ന

ത്ത് വിദ്യാർത്ഥികളും കാണുന്നുണ്ടായിരിക്കും. അതിനാൽ രോഗശമനാർത്ഥം അരുചികരമായ ഔഷധം സേവിക്കുംപോലെയെങ്കിലുമുള്ള അദ്ധ്യയനശ്രദ്ധ നാൾക്കുനാൾ കുറഞ്ഞുവരുന്നു. ഉദ്യോഗലാഭേച്ഛ തീരെ വിട്ടുപോയിട്ടില്ലാത്തതുകൊണ്ടാണ് ഇന്നും കുട്ടികളെ പാഠശാലയിലേക്കയക്കുന്നത്. മനുഷ്യനെ പ്രയത്നത്തിനു പ്രേരിപ്പിക്കുന്നത് ഫലസിദ്ധിയിലുള്ള വിശ്വാസമാണ്. അപരോക്ഷഫലത്തിൽ പ്രബലയത്നം ചെയ്യുന്നു. പരോക്ഷഫലത്തിൽ യത്നം കുറയുന്നു. നിഷ്ഫലയത്നത്തിൽ മനുഷ്യൻ വിമുഖനാകുന്നു. പരീക്ഷാവിജയികൾ, ഉദ്യോഗലാഭം സാദ്ധ്യമല്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ആധുനികവിദ്യാഭ്യാസത്തെ നിഷ്ഫലയത്നമായി ഗണിച്ചു പുറംകോട്ടു മാറുന്നതിൽ ആശ്ചര്യത്തിനവകാശമില്ലല്ലോ. പരീക്ഷാവിജയം ശ്രമസാദ്ധ്യവും തൽഫലം മിക്കവാറും ശൂന്യവുമായിത്തീർന്നിരിക്കുന്നതുകൊണ്ട് വിദ്യാർത്ഥികൾ സാമാന്യേന മന്ദോത്സാഹരായിത്തീർന്നിട്ടുണ്ട്. ഇതിനെല്ലാമുള്ള പ്രതിവിധി സ്വാശ്രയവൃത്തികളായി ജീവിക്കാനുള്ള പ്രാപ്തിയുണ്ടാക്കിത്തീർക്കത്തക്ക വിദ്യാഭ്യാസപരിഷ്കാരമല്ലാതെ മറ്റൊന്നും അറിയുന്നില്ല. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും പരീക്ഷയിൽ ജയിക്കാതെ ഉദ്യോഗം ലഭ്യമല്ലല്ലോ. വല്ലപ്രകാരവും പരീക്ഷയിൽ ജയിച്ചാൽ ജന്മസാഫല്യമായെന്നു കരുതി ശ്രദ്ധിച്ചു പഠിക്കുന്നവരും ഏതാനുമുണ്ടായേക്കാം. പരീക്ഷയുടെ കാഠിന്യവും പരിശോധനാഫലവും അവരെ നിരാശരാക്കുന്നു. ക്ലാസിൽ തൃപ്തികരമായ അഭിവൃദ്ധി സമ്പാദിച്ചിട്ടുള്ളവർ പരീക്ഷയിൽ തോററുപോകുന്നതും മോശക്കാർ ജയിക്കുന്നതും അത്ര അപൂർവ്വമല്ല. ഇതിൽനിന്ന് എവിടെയോ ചില പിഴകളുണ്ടെന്നല്ലേ ഊഹിക്കേണ്ടത്. തോൽവി പിണയുന്നവർ കാരണമെന്തായാലും നിരാശരാവുക സാധാരണമാണ്. തോല്ക്കുന്തോറും അശ്രദ്ധയും ഏറിവരുന്നു. ഇത് ക്ലാസിന്നുപദ്രവകരമായും തീരുന്നു. രണ്ടോ അധികമോ വർഷം പരീക്ഷയ്ക്കു ചേർന്നവരെ വീണ്ടും ക്ലാസിൽ പ്രവേശിപ്പിക്കാതിരിക്കുന്ന നിയമം ഇപ്പോൾ ഉള്ളത് ഈ വൈഷമ്യത്തെ പരിഹരിക്കാൻ ഏറെക്കുറെ പര്യാപ്തമാണ്. എന്നാൽ അത് പബ്ലിക്പരീക്ഷാക്ലാസിനു മാത്രം പററിയതാണ്. രണ്ടുകൊല്ലത്തിലധികം ഒരു ക്ലാസിൽ ഒരു വിദ്യാർത്ഥി പഠിക്കാൻ ഇടയാകാതിരിക്കുന്നതിലേക്കു നിയമം ആവശ്യമാകുന്നു.

പരീക്ഷ്യന്മാർ, വിദ്യാർത്ഥികളുടെ പ്രാപ്തി എത്രമാത്രമുണ്ടെന്ന് അവരോടിടപെട്ടു പരിചയമുള്ളവരായിരുന്നാൽ പരീക്ഷയുടെ കാഠിന്യത്തിനു സാമാന്യം കുറവുണ്ടാകാൻ ന്യായമുണ്ട്. ഹൈസ്കൂളിലും കാളേജിലും പഠിപ്പിക്കുന്നവരാണ് വി എസ്സ്. എൽ. സി. പരീക്ഷയ്ക്കു പ്രശ്നപത്രം തയ്യാറാക്കുന്നത്. അവർക്ക് പരീക്ഷ്യന്മാരുടെ പ്രാപ്തിയെക്കുറിച്ച് അനുഭവ

ജ്ഞാനമുണ്ടാകാൻ വഴിയില്ലെന്നു മാത്രമല്ല നാട്ടുഭാഷയുമായി പ്രായോഗികപരിചയവും കുറവായിരിക്കും. തന്മൂലം ചോദ്യങ്ങൾക്കു തൽകർത്താക്കന്മാർ ഉദ്ദേശിക്കുന്ന അർത്ഥമല്ലായിരിക്കും പരീക്ഷ്യന്മാർ മനസ്സിലാക്കുന്നതു്.


ഉത്തരപത്രങ്ങളുടെ പരിശോധനയിലും അപരിഹരണീയമായ വിഷമമാണുള്ളതു്. ക്ലിപ്തമായ മാർക്കു നിശ്ചയിക്കാൻ ഏററവും വിഷമം കുറഞ്ഞ വിഷയം കണക്കാണല്ലോ. അതിന്നുതന്നെ ഒരേ ഉത്തരപത്രത്തിന്നു് രണ്ടുപേർ മാർക്കിട്ടുനോക്കിയിട്ടു് അൻപതു ശതമാനത്തോളം വ്യത്യാസം വന്നു കണ്ടിട്ടുണ്ടു്. ഒരാൾതന്നെ ഒരു പ്രശ്നപത്രം ഒന്നിലധികം തവണ പരിശോധിച്ചപ്പോഴും മാർക്കിനു ഗണ്യമായ അന്തരമുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് വിദ്യാഭ്യാസത്തിന്റെ മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്ന പരീക്ഷ വിദ്യാർത്ഥികളെ വിഷമിപ്പിക്കുന്നതും യഥാർത്ഥയോഗ്യത നിർണ്ണയിക്കാൻ അപര്യാപ്തവും ആണെന്നു തീർച്ചയാക്കുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല.

# വിഹായസവിഹാരം.

(പതിന്നാലാം അദ്ധ്യായം)

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

കഴിഞ്ഞ അദ്ധ്യായത്തിൽ മഴയെപ്പററി പറഞ്ഞുവല്ലോ. മഴക്കണക്കെടുക്കുന്ന സമ്പ്രദായത്തെക്കുറിച്ചു് ഇതിൽ മനസ്സിലാക്കാം. അപ്പോൾ ഓരോ നാട്ടിലും ആണ്ടോന്നുക്കു് എത്ര മഴയുണ്ടാകുന്നുണ്ടെന്നു മാത്രമല്ല അവിടെ സുഖവാസയോഗ്യമാണോ എന്നും ഏതു മാതിരി സസ്യാദികളുണ്ടാകുമെന്നും മററും അറിയാൻ കഴിയും. മഴയുടെ കണക്കെടുക്കുന്നതു് മഴക്കിണ്ണം (Rain gange) വച്ചാകുന്നു. ഒരു ക്ലിപ്തമായ വ്യാസം (സാധാരണ ഇരുപതു ചതുരശ്രഇഞ്ചിൽ കുറയാറില്ല) ഉള്ള വായ്‌വട്ടമുള്ളതും, ഒരു ഉരുണ്ട കുപ്പിയോ അല്ലാത്തപക്ഷം ചെമ്പുകൊണ്ടുള്ള കുഴൽഡപ്പിയോ കഴുത്തിൽ ഇറുകിച്ചേർത്തു വച്ചിരിക്കുന്നതുമായ ഒരു ഉരുളൻ ചെമ്പുകുഴലാണു മഴക്കിണ്ണം. അടിയിലുള്ള പടം നോക്കുക:—




ഈ ചെമ്പുകുഴലും കുപ്പിയും മറെറാരു ലോഹക്കുഴൽ കൊണ്ടു മൂടിയിരിക്കും. മൂടിയുടെ വായിൻെറ പൊക്കം അകത്തുള്ള മഴക്കിണ്ണത്തെക്കാൾ വളരെ പൊങ്ങി നില്ക്കും. മഞ്ഞുകട്ടിയൊ മറെറാ വീണ് അകത്തുള്ള കിണ്ണം പൊട്ടിപ്പോകാതിരിക്കാനാണ് ഇപ്രകാരമുള്ള കരുതൽ ചെയ്യുന്നതു്. ഈ മഴക്കിണ്ണം സ്ഥാപിക്കേണ്ടതു് വൃക്ഷച്ഛായകളൊ കെട്ടിടങ്ങളൊ മററു മറവുകളൊ ഇല്ലാതെ തുറന്ന സ്ഥലത്തു് തറയിൽനിന്നു ഒരടി പൊക്കത്തിൽ ആയിരിക്കണം. ആകാശത്തുനിന്നും വീഴുന്ന മഴത്തുള്ളികൾ തടവുകൂടാതെ മഴക്കിണ്ണത്തിൽ വീഴുന്നതിനു് ഇതു് അത്യാവശ്യമാകുന്നു. കിണ്ണത്തിൽ വീഴുന്ന മഴവെള്ളം ദിവസേന ഒരു നിശ്ചിതസമയത്തു് എടുത്തു് അളവുകുപ്പിയിൽ ഒഴിച്ചു് കണക്കെടുക്കണം. ഒരു ഇഞ്ചിൻെറ നൂറിലൊന്നും പത്തിലൊന്നും കുറിച്ചിട്ടുള്ള മാത്രഗ്ലാസ്സാണു് അളവിനു് ഉപയോഗിക്കേണ്ടതു്. അതിൽ അര ഇഞ്ചു (-50) വെള്ളം അളക്കാം. മഴക്കിണ്ണത്തിൽ കൂടുതൽ വെള്ളമുള്ള പക്ഷം ഒന്നിലധികം തവണയായി അളന്നുകൊള്ളണം. കട്ടിമഞ്ഞാണു വീണിരിക്കുന്നതെങ്കിൽ അതു് ഉരുകിയുണ്ടാകുന്ന വെള്ളം അളന്നുവേണം മഴക്കണക്കെടുക്കാൻ. ഒരു ദിവസം ഒരിഞ്ചിൻെറ നൂറിലൊരു ഭാഗം (.01) മഴക്കിണ്ണത്തിൽ വെള്ളമുണ്ടായിരുന്നാൽ അന്നു മഴദ്ദിവസമായിരുന്നു എന്നുവേണം ഗണിക്കാൻ. എന്തെന്നാൽ ഒരു ചതുരശ്രഗജം സ്ഥലത്തു് നിരപ്പിൽ ഒരിഞ്ചു മഴയുണ്ടെന്നു കണ്ടാൽ 4.67 ഗാലൺ, അതായതു് 47.74 റാത്തൽ തൂക്കം വെള്ളം പെയ്തിട്ടുണ്ടെന്നു കണക്കാക്കണം. അപ്പോൾ ഒരേക്കർ സ്ഥലത്തു് 22,662 ഗാലൺ, എന്നു വച്ചാൽ ഏകദേശം 101 ടൺ വെള്ളമാകുന്നു. പൊക്കമുള്ള കെ

ട്ടിടങ്ങളുടെ ക്രരയ്ക്കു മേൽ മഴക്കിണ്ണം കൊണ്ടുവച്ചാൽ അവിടെത്തന്നെ തറയിൽ വച്ചു കാണുന്നതിൽ കണക്കു കുറവായിരിക്കും. അതെന്തെന്നാൽ മേലോട്ടു പോകുമ്പോഴും മഴത്തുള്ളികൾ ചെറുതാകുന്നു. അതുകൊണ്ടാണ് മുൻപറഞ്ഞ കണക്കുകളിൽ തറനിരപ്പിലെന്ന പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതെന്ന് ധരിക്കണം.

ഭൂമിയിൽ മിയ്ക്ക പ്രധാനസ്ഥലങ്ങളിലും മഴക്കിണ്ണം വച്ചു മഴയുടെ കണക്കെടുക്കുന്നുണ്ട്. നമ്മുടെ താലൂക്കുകച്ചേരികളിലെല്ലാം അപ്രകാരം ചെയ്യുന്നുണ്ട്. മലകളിലും തോട്ടങ്ങളിലും മഴക്കണക്കെടുക്കാറുണ്ട്. ഈ കണക്കുകളെല്ലാം നക്ഷത്രബംഗ്ലാവിൽ വരുത്തി ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതു കൂടാതെ ആണ്ടറുതിറിപ്പോർട്ടിൽ ഓരോ ആണ്ടിൽ ശരാശരി പെയ്തിട്ടുള്ള മഴയുടെ കണക്കു പടമായി വരച്ചിടാറുള്ളത് നിങ്ങൾ കണ്ടിരിക്കുമല്ലോ. ഈ കണക്കു സാമാന്യേന ശരിയായിരിക്കുമെന്നു മാത്രമേ പറയാവൂ. എന്തെന്നാൽ എല്ലാ ദിക്കിലും മഴക്കിണ്ണം വച്ചു കണക്കെടുക്കാൻ സാധ്യമല്ലല്ലൊ.

പ്രധാനമായി മൂന്നു കാരണങ്ങൾ കൊണ്ടാണ മഴയുണ്ടാകുന്നത്:-

(1) ആവി ധാരാളം ചേർന്ന വായു മേലോട്ടുയന്ന് പ്രസരിച്ചു തണുക്കുക.

(2) ആവിയേറെയുള്ള വായു തണുത്ത തറയോടുരസുക.

(3) ചുട്ട വായു തണുത്ത വായുവുമായി കലരുക.

ഭൂമധ്യരേഖാപ്രദേശങ്ങളിൽ ആദ്യത്തേതാണ് മഴയ്ക്കു പ്രധാന കാരണം. അവിടെ വായുവിൻെറ ഉഷ്ണമാനം കൂടുതലാണ്. അതുകൊണ്ട് ആ വായുവിൽ ആവി ധാരാളമായി ചേരുന്നു. ആവി നിറഞ്ഞ വായു മേലോട്ടുയന്നു തണുക്കുമ്പോൾ മഴ പെയ്യുന്നു. അതുകൊണ്ടാണ് ആ പ്രദേശങ്ങളിൽ എല്ലാക്കാലത്തും മഴയുണ്ടാകുന്നത്. അശനിവർഷങ്ങളും (thunder storems) അവിടെ ധാരാളമുണ്ടാകും. മധ്യരേഖയിൽനിന്ന് ധ്രുവങ്ങളിലേയ്ക്കു കടക്കുന്തോറും മഴ കുറവായിരിക്കുമെന്നു സാമാന്യേന പറയാം.

യൂറോപ്പുമഹാഖണ്ഡത്തിൻെറ പശ്ചിമതീരങ്ങളിൽ മഴയുണ്ടാകുന്നതു പ്രധാനമായി രണ്ടാമത്തെ കാരണം കൊണ്ടാണ്. ഐർല്ലണ്ടിൻെറ പടിഞ്ഞാറൻകരയിൽ 45—ം ഇംഗ്ലണ്ടിൻെറ പടിഞ്ഞാറൻകരയിൽ 37—ം ഇഞ്ചു വീതം ആണ്ടിൽ മഴയുണ്ടെങ്കിലും കിഴക്കൻകരയിൽ 24 ഇഞ്ചു മാത്രമേയുള്ളു. ഇൻഡ്യയിലും പടിഞ്ഞാറെ സമുദ്രതീരത്തിൽ ഉള്ളതിൽനിന്നു കിഴക്കൻകരയിൽ മഴ കുറവാണ്. ഇങ്ങനെ വരുന്നതു സമുദ്രത്തിൽനിന്നു വരുന്ന ചുട്ട കാററു പടിഞ്ഞാറൻകരകളിലുള്ള പവ്വതങ്ങ

ളെ ഉരസി മേല്പോട്ടു പായുമ്പോൾ ആവി ഘനീഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫലമാണ്. ധ്രുവദേശത്തോടു സമീപിച്ചുള്ള നാൎവേരാജ്യത്തു ചില ദിക്കിൽ ശരാശരി ആണ്ടൊന്നുക്ക് 80 ഇഞ്ച്യ മഴയുണ്ടാകുന്നതു മൂന്നാമത്തെ കാരണംകൊണ്ടാണ്. ഉഷ്ണമേഖലയിലുൾപ്പെട്ട സ്ഥലങ്ങളിൽ ചിലപ്പോൾ പ്രതിദിനം മുപ്പതോളം ഇഞ്ച്യ മഴയുണ്ടാകുന്നതും ചൂടുള്ള കാററു തണുത്തതിനോടു ചേരുന്നതു നിമിത്തമത്രെ.

ആണ്ടിലൊരിക്കൽ മാത്രമെയുള്ളു വൎഷത്തു മിയ്ക്ക ദിക്കിലും. ഇൻഡ്യയിലും ചീനത്തും രണ്ടുണ്ട്. ഉഷ്ണമേഖലയിൽ സൂൎയ്യൻ ഖമദ്ധ്യത്തിൽ (Meridian) അതായതു നേരെ തലയ്ക്കുമീതെ, ആണ്ടിൽ രണ്ടുതവണ വരും. അക്കാലത്തിനാണ് വിഷുവെന്നു പറയുന്നതു്. നമുക്കു രണ്ടു വിഷുവുണ്ടു്. തുലാവിഷുവും മേഷവിഷുവും. തുലാവിഷു കഴിഞ്ഞാൽ സൂൎയ്യൻ തെക്കോട്ടും, മേഷവിഷു കഴിഞ്ഞാൽ വടക്കോട്ടും ചായും. ഉഷ്ണമേഖലയിൽ മഴ എല്ലാക്കാലത്തുമുണ്ടാകുമെങ്കിലും വൎഷത്തു സൂൎയ്യൻ ഉച്ചസ്ഥനായിരിക്കുമ്പോഴാണ്. ഭൂമദ്ധ്യരേഖയോട്ട് അടുക്കുന്തോറും സൂൎയ്യൻ ഖമദ്ധ്യത്തിൽ വരുന്ന രണ്ടു കാലമുള്ളതുകൊണ്ടു് നമുക്കു രണ്ടു മഴക്കാലമുണ്ടു്. തുലാവൎഷവും കാലവൎഷവും (എടവപ്പാതി). മററുള്ള ദിക്കിൽ സൂൎയ്യൻ എപ്പോഴും മദ്ധ്യത്തിൽനിന്നു ചാഞ്ഞാണു നില്ക്കുന്നതു്. അവിടെ ഒരു വൎഷത്തു മാത്രമേയുള്ളു. ഇൻഡ്യയിൽ രണ്ടു വൎഷകാലമുണ്ടാകുന്നതിന് ഇതു മാത്രമല്ല കാരണം. അവിടെ പ്രാവൃഡ്വാതങ്ങൾ (Monsoon Winds) ഒക്ടോബർ മുതൽ ഏപ്രിൽമാസംവരെ വടക്കുകിഴക്കു നിന്നും, ഏപ്രിൽ മുതൽ സപ്തംബർവരെ തെക്കുപടിഞ്ഞാറുനിന്നും അടിക്കുന്നു. അതുകൊണ്ടു് കിഴക്കൻപ്രദേശങ്ങളിൽ ആദ്യം പറഞ്ഞ കാലത്തും പടിഞ്ഞാറൻകരയിൽ രണ്ടാമതു പറഞ്ഞ കാലത്തും മഴ ധാരാളം പെയ്യുന്നു. ഉഷ്ണമേഖലയ്ക്കു പുറമെയുള്ള ദിക്കുകളിൽ മഴ ഏതു കാലത്തുമുണ്ടാകും.

മഴ കൂടുതൽ വീഴുന്ന പ്രദേശങ്ങൾ ഭൂമദ്ധ്യരേഖയുടെ തെക്കും വടക്കുമുള്ള നിൎവാതസ്ഥലങ്ങളിലും (Doldrums) പൎവ്വതപംക്തികളുടെ തടസ്ഥം നിമിത്തം ആവി നിറഞ്ഞ വായു മേലോട്ടു തള്ളിക്കയറാൻ ഇടയാകുന്ന പ്രദേശങ്ങളിലാകുന്നു. ആസാമിലെ ഖാൽസിയാപൎവ്വതപംക്തിയിലുള്ള ചിറാപ്പുഞ്ചി എന്ന സ്ഥലത്തു്, ഇൻഡ്യൻമഹാൎണ്ണവത്തിൽ നിന്നു തെക്കുപടിഞ്ഞാറായി അടിക്കുന്ന പ്രാവിഡ്വാതങ്ങൾ വഹിച്ചുകൊണ്ടുവരുന്ന ആവി നിറഞ്ഞ വായു ഹിമസ്ഥാനത്തിനു (Dew point) കീഴിലായിത്തന്നെ ഘനീഭവിക്കുന്നതുകൊണ്ടാണു മഴ കൂടിയിരിക്കുന്നതു്. അതുപോലെതന്നെ പടിഞ്ഞാറൻഅതിൎത്തിപ്പൎവ്വതനിരകളാൽ (Western ghats) തടയപ്പെട്ട വായുവിലുള്ള ആവി ഘനീഭവിച്ചിട്ടാണ് ബോംബെയിലും മലയാളത്തും മഴയധികം പെയ്യുന്നതു്. ചിലി (Chili) രാജ്യത്തിന്റെ തെൻഭാഗത്തു

വാൽഡിവിയാ (Valdivia) എന്ന ദിക്കിൽ പടിഞ്ഞാറൻകാററിലുള്ള ആവി മലയിലടിഞ്ഞു് ആണ്ടിൽ 116 ഇഞ്ചു മഴയുണ്ടാകുന്നുണ്ട്. നേരേമറിച്ച ആൻഡീസ് (Andes) പർവ്വതത്തിൻെറ അതേ വശത്തു തെക്കുകിഴക്കൻ വണിഗ്വാതങ്ങൾ അടിക്കുന്നതിൽ ആവി ഇല്ലാത്തതുകൊണ്ട് പെറു (Peru) രാജ്യത്തു് വരണ്ട സ്ഥലങ്ങൾ കാണാം. ഇങ്ങനെ മഴയില്ലാതെ വരണ്ട ഭൂമി കിഴക്കോട്ട സഹാറാ സൈകതം തുടങ്ങി ഈജിപ്തിൽക്കൂടി അറബിനാട്ടിൽ കടന്ന് പാർസ്യൻസൈകതത്തിൽ കൂടി ഗോബിമണൽകാട്ട കടന്ന് ഐക്യനാട്ടിലുള്ള വലിയ ഉപ്പുകായലുകൾ (Great Salt Lakes) വഴി ഭൂമിയെ ചുററിക്കിടക്കുന്നു. ഈ പ്രദേശങ്ങളെല്ലാം വർഷരഹിതങ്ങളാകാനുള്ള കാരണം, വായുവിലുള്ള ആവിയെല്ലാം സഞ്ചാരത്തിൽ മഴയായി പതിച്ചുപോയതിൻെറ ശേഷം ചുടുകാററായി മാത്രം ആ പ്രദേശങ്ങളിൽ വീശുന്നതാകുന്നു. മഴ വീഴാത്ത ഭാഗങ്ങൾ മഹാസമുദ്രങ്ങളിലുമുണ്ട്.

വൃക്ഷങ്ങളും ചെടികളും ധാരാളമുള്ള ദിക്കിൽ മഴ കൂടുതലുണ്ടാകും. അതുകൊണ്ടു കാടുകൾ വെട്ടിത്തെളിച്ചാൽ മഴ കുറയുമെന്ന് സാധാരണജനങ്ങൾ പറയാറുള്ളതു സത്യമാണ്. വനങ്ങൾ നിബിഡങ്ങളായി ഉണ്ടായിരിക്കുന്നതാണ് നമ്മുടെ രാജ്യത്തിനു രക്ഷ. അവയെ കൃഷിക്കുവേണ്ടി തെളിക്കുന്തോറും മഴ കുറവാകും. പുഴകളിൽ ജലക്ഷാമം നേരിടും.

# പ്രോജക്റ്റ് രീതി.

വിദ്യാഭ്യാസരംഗത്തിൽ സ്ഥാനം പിടിക്കുന്നതിനു് അവിടത്തെ പ്രവേശനദ്വാരത്തിൽ വന്നു മുട്ടുന്ന ഒരു ആധുനിക അധ്വനീനനാണ് പ്രോജക്ട്. ഈ പുതിയ അതിഥിയെ പ്രവേശനമനുവദിച്ച് നാം സൽക്കരിക്കണമോ? രണ്ടു പ്രശ്നങ്ങൾക്ക് സമാധാനം ഉണ്ടാക്കിയതിനുശേഷം അങ്ങിനെ ചെയ്യുന്നതു വിവേകപൂർവ്വകമെന്നു തോന്നുന്നു. വിദ്യാഭ്യാസചിന്തയിൽ അഭിലഷണീയമായ സംഭവനംകൊണ്ട് വിശ്വാസ്യതയുണ്ടാക്കുന്ന ഒരു ഉത്തമമനോഭാവത്തിൻെറ സംശുദ്ധി ആശയത്തെ അനുഗമിക്കുന്നുണ്ടോ? സംശുദ്ധമനോഭാവത്തെ ഉചിതലക്ഷ്യത്തിൽ നിയന്ത്രിക്കുന്നുണ്ടോ? ഇവയുടെ അനുകൂലസമാധാനം ആതിഥേയിക്കു സ്വാഗതമരുളുന്നു.

1926 ഡിസംബർമാസത്തിൽ വെല്ലൂർവച്ച് നടന്ന വിദ്യാഭ്യാസകാൺഫറൻസിൽ അഭ്യസനരീതിയുടെ കാര്യക്ഷമതയെക്കുറിച്ച് ഗാഢമായി ഗവേഷണം ചെയ്തു. അന്നു കൊളംബിയ യൂണിവേഴ്സിററിയുടെ ട്രെയിനിങ്ങ് കാളേജിലെ പ്രസിദ്ധ പ്രഫസന്മാരിൽ ഒരു മാന്യൻ—ഡാക്ടർ വില്യം എച്ച് കിൽപാട്രിക് ഏതാനും പ്രസംഗങ്ങൾ ചെയ്കയുണ്ടായി. അന്ന് അവിടെ സന്നിഹിതനായിരുന്ന മേസൺ ഓൾക്കാട്ട് അവയെ സംഗ്രഹിച്ചു പ്രസിദ്ധം ചെയ്തു. വിദ്യാഭ്യാസവിഷയത്തിൽ പ്രോജക്റ്റിനുള്ള അർത്ഥവ്യാപ്തിയെന്ത് എന്ന വിഷയത്തെ അധികരിച്ച് അതിൽ ഒരു പ്രസംഗമുണ്ട്. അതു പ്രകൃതവിഷയത്തെ വിശദീകരിക്കുന്നതാണ്. അദ്ധ്യാപകന്മാരുടെ ശ്രദ്ധക്കായി ഇതരപ്രസംഗങ്ങളും സൗകര്യംപോലെ ഞങ്ങൾ മാസികയിൽ ചേർത്തുകൊള്ളാം.

അദ്ദേഹം പ്രസംഗപരമ്പരകളെ മൂന്നായി ഭാഗിച്ചിരിക്കുന്നു. മനശ്ശാസ്ത്രതത്വങ്ങളെ പ്രതിപാദിച്ച് ആദ്യഭാഗവും, അഭ്യസനവും ജീവിതവും അഭിന്നമെന്നുപന്യസിച്ച് രണ്ടാംഭാഗവും അവസാനിപ്പിക്കുന്നു. മുൻപ്രസ്താവിച്ച രണ്ടു ഭാഗങ്ങളുടേയും സാമഗ്രനിർവ്വഹണം പ്രോജക്റ്റ് കൊണ്ടു സാധിക്കുന്നതാണെന്ന് മൂന്നാംഭാഗംകൊണ്ടുപസംഹരിക്കയും ചെയ്യുന്നു. താഴെ കാണുന്ന ഭാഗം അന്ത്യവിഭാഗത്തിലുള്ള ഒരു ഭാഗത്തോട് ഏതാണ്ടു സാദൃശ്യം വഹിക്കുന്നു.

പ്രോജക്റ്റ് എന്ന ശബ്ദം കൊണ്ട് എന്തർത്ഥവിവക്ഷയാണു ചെയ്യുന്നത്. ഈ ശബ്ദം ചിരപരിചിതമല്ല. എങ്കിലും അഭ്യസനം സ്ഥിരപ്രതിഷ്ഠിതമായിട്ടു കാലം ഒട്ടേറെ കഴിയുകയും ചെയ്തിട്ടുണ്ട്. ശബ്ദത്തിന്റെ പ്രാധാന്യത്തെക്കാൾ അതിൽ അന്തർഹിതമായ സാരത്തിനത്രെ മഹിമയുള്ളത്. അദ്ധ്യയന വിഷയത്തിൽ വിദ്യാർത്ഥികൾ മനോന്മുഖതയോടെ വർത്തിക്കുന്നുണ്ടോ? പാഠശാലകളിൽ മനശ്ശാസ്ത്രസിദ്ധാന്തങ്ങളെ അനുസരിക്കുന്നുണ്ടോ? അഭ്യസനം ജീവിതത്തോട് അഭിന്നമായി, നിയതമായി സംഘടിക്കുന്നുണ്ടോ? എന്നീ പ്രശ്നങ്ങൾക്ക് അനുകൂലമായ ഉത്തരം നൽകുന്നതിനുള്ള ഒരു മാർഗ്ഗമാണു പ്രോജക്റ്റ് എന്നു പറയാം. സമുദായത്തിന്റെ പ്രകൃതാനുഗതസരണിയിൽ കൂടി സംപ്രാപ്തിക്കനുയോജ്യമാം വണ്ണം നിർവ്വഹിക്കപ്പെടുന്നതും ഹൃദയപൂർവ്വകവും, ഉദ്ദേശപരവും ആയ സംരംഭത്തിന്റെ സചികൃതമാത്രയെന്നു കൂടി പ്രോജക്റ്റിനെ വിവരിക്കാം.

പ്രോജക്റ്റ് പല വിധത്തിലുണ്ട്. എന്നാൽ അവയിൽ ഓരോന്നിലും ശിശുക്കളുടെ സ്വകർമ്മങ്ങളും ലക്ഷ്യനിശ്ചിതങ്ങളായിരിക്കണമെന്ന മൗലികതത്വം അന്തർഭവിച്ചിരിക്കണം. അവരുടെ അന്തഃകരണം ഒരു നി

വ്഻ഹന്ന പരിധിയെ ലാക്കാക്കുന്നു. ദൃഢപ്രതിഷ്ഠിതമായ മനോന്മുഖത പ്രായമേറിയവക്കുണ്ടെങ്കിൽ അതിന്റെ അങ്കുരം ശിശുക്കളിൽ ഉണ്ടായിരിക്കും. സദ്വൃത്തങ്ങളിൽ ചാരിതാത്ഥ്യവും സന്നദ്ധതയും ദുശ്ചേഷ്ടിതങ്ങളിൽ വെറുപ്പും അസന്നദ്ധതയും സഹോത്ഭവവിജ്ഞാനങ്ങളുടെ ആനക്രൂല്യവും സൽകമ്മങ്ങൾക്കും സൂക്ഷ്മലക്ഷ്യത്തിന്റെ ആലംബനവും മംഗളപയ്യവസാനത്തിനു അവശ്യോപാധികളാണ്. ഇവയത്രെ പ്രോജക്ററിന്റെ സജീവപ്രമാണങ്ങൾ. വിവിധരീതികളിൽ ഏതൊന്നിൽകൂടിയും ഈ ഉദ്ദേശം നിവ്഻ഹിക്കപ്പെടാം. പ്രോജക്ററ് സാമാന്യമായി നാലിനമാകാവുന്നതാണ്.

(1) സംസ്കൃതിപരമായ പ്രോജക്ററ്:— പഠിതാവ് എന്തെങ്കിലുമൊന്ന് സൃഷ്ടിക്കണമെന്നുദ്ദേശിക്കുന്നു. അത് കളിപ്പുരയോ അരമനയോ ആകാം ഒരു എഴുത്തുപള്ളിയോ, കാളവണ്ടിയോ ആകാം. കരയോഗമോ, സവ്഻രാജ്യസഖ്യസഭയോ ആയിരിക്കട്ടെ. ഇവയെല്ലാം സംസ്കൃതിപരമാണ്. മനസ്സു ഉന്മുഖമായി ചെയ്യുന്ന സകല നിമ്മാണവും സംസ്കൃതിപരമായ പ്രോജക്ററാണ്. ജീവിതപരിക്ലിപ്തിയേക്കാൾ പ്രോജക്ററിന്റെ വ്യാപ്തി അശേഷവും സങ്കുചിതമല്ല. എവിടെയെല്ലാം ലക്ഷ്യപൂവ്഻കമായ സമുദ്യമം അഭ്യസനത്തെ പ്രേരിപ്പിക്കുന്നുവോ അവിടെയെല്ലാം പ്രോജക്ട് പ്രത്യക്ഷപ്പെടുന്നു. നമ്മളിൽ ഒരാൾക്കു പാഠശാലകളിൽ ഒരു പുതിയ പദ്ധതി സ്ഥാപിക്കണമെന്നു തോന്നുകയും അതിനായി സ്വാത്മനാ പരിശ്രമിക്കയും ചെയ്യുന്നതു് സംസ്കൃതിപരമായ ഒരു പ്രോജക്ടാണ്. കൈകൊണ്ടു ചെയ്യുന്ന ഒരു വേലയോ മററു വിധത്തിൽ അനുഷ്ഠിക്കുന്ന ഒരു നിമ്മാണമോ മാത്രമേ പ്രോജക്ററാകയുള്ളു എന്നു നിർബന്ധമില്ല.

(2) സംഹാരപരമായ പ്രോജക്ററ് എന്നു രണ്ടാമിനത്തിന് പേരിടാം:— ഇതിൽ ഒന്നിനെ നശിപ്പിക്കുക, ഉപയോഗിക്കുക, അനുഭവിക്കുക, അനുമോദിക്കുക ഇവയിൽ ഏതെങ്കിലുമാകാം. വെടിക്കെട്ടുകത്തിക്കുക, പാട്ടുകേൾക്കുക, നല്ല ചിത്രം കാണുക, ഉൽകൃഷ്ടസാഹിത്യങ്ങളിൽ അനുമോദിക്കുക ഇവയെല്ലാം ഇതിന്റെ ഭിന്നരൂപങ്ങളാണ്. ഇവയിൽ നമ്മുടെ ഉദ്ദേശം ഒരു നിമ്മിതിയിൽ അല്ല. പക്ഷെ മററുള്ളവരുടെ സൃഷ്ടിയെ ഉചിതമാംവണ്ണം ഉപയോഗിക്കുകയാണ്.

(3) മൂന്നാമിനം പ്രശ്നാന്തഗതമെന്ന് പറയാം. മററുള്ളവരുടെ പ്രശ്നത്തിന് സമാധാനം പറയുന്നതോ ബുദ്ധിയെ ആശ്രയിച്ചു വരുന്ന വിഷമങ്ങളെ തരണംചെയ്യുന്നതോ ഈ വിഭാഗത്തിൽ പെടുന്നതാണ്. സംസ്കൃതിപരമായ പ്രോജക്ററിലും പ്രശ്നങ്ങൾ ഉണ്ടായേക്കാം. പക്ഷെ

അവ ഏതോ ചിലതിന്റെ നിർമ്മിതിയിലുള്ളതാണ്. പ്രശ്നാനുഗതം എല്ലായ്പോഴും മാനസികമായിരിക്കും. ഞാൻ നിങ്ങളോട് ഒരു കാര്യത്തെക്കുറിച്ചു പ്രശ്നംചെയ്കയും അതു നിങ്ങളുടെ പ്രശ്നമായി ഗണിച്ച് അതിനു സമാധാനമുണ്ടാക്കുകയും ചെയ്യുമ്പോൾ അതു് പ്രശ്നാനുഗതപ്രോജക്റ്റ് എന്നു പറയുന്നു.

മററു പ്രോജക്റ്റുകളെസംബന്ധിച്ച് ഒരു കുട്ടിക്കു കർമ്മകുശലതയുണ്ടാകുന്നതിനു പ്രത്യേകപരിശീലനം ആവശ്യമാണ്. അവയിൽ അവർക്കു പ്രാവീണ്യം സിദ്ധിക്കണമെന്നു ലക്ഷീകരിക്കുന്നു എങ്കിൽ അതു നാലാമത്തെ പ്രോജക്റ്റായി. ഇതിനു ആപേക്ഷികാഭ്യസനപ്രോജക്റ്റ് എന്നു പേരിടാം. ഈ അവസരത്തിൽ കൈവേഗതയും സൂക്ഷ്മതയും ആവശ്യമായേക്കാം. ഉദ്ദേശംനശിച്ചാൽ പ്രോജക്റ്റിന്റെ മഹിമയും അവസാനിക്കുന്നു. പിന്നെ ശേഷിക്കുന്നതു വേല മാത്രമാണ്.

ജീവിതത്തിൽനിന്നുത്ഭവിക്കുന്നതും അതിൽതന്നെ ലയിക്കുന്നതുമായ അഭ്യസനരീതി ഏതിലെല്ലാം പെടുമോ അതെല്ലാം പ്രോജക്റ്റ് മെത്തേഡ് എന്നു പറയുന്നു. ഫലപ്രദമായ അഭ്യസനത്തിനു് ഉതകുന്ന സകലരീതികളെയും ഇവിടെ സ്വീകാര്യമാണ്. പ്രത്യേകമായ ഒന്നിനെ അറിവാനുള്ള ഒരു സങ്കുചിതപ്രമാണമായി ഇതിനെ ഗണിക്കരുതു്. കുട്ടികളുടെ അഭ്യാസംകൊണ്ടല്ലാതെ ഒന്നും പഠിക്കുന്നതല്ല. അതിനാൽ ചാരിതാർത്ഥ്യംഭംഗംവരാതെ അവരെക്കൊണ്ടു ഓരോന്നിലും പരിശീലിപ്പിക്കണം. അദ്ധ്യാപകന്മാർ ഉചിതമാംവണ്ണം സജ്ജീകരിച്ച് അഭ്യസനസഹായംചെയ്താൽ വിദ്യാർത്ഥികൾ ഉത്തമപൌരന്മാരും വിദ്യാസമ്പന്നരുമാകുന്നതാണ്.

ബോൾപുരത്തിൽ മഹാകവി ടാഗോറിന്റെ പാഠശാലയിൽ ഈ രീതി നടപ്പിൽവന്നിട്ടുണ്ടു്. മോഗായിലും ഒരു പാഠശാല ഈ രീതിയെ അനുവർത്തിക്കുന്നു. തിരുവിതാംകൂറിൽ അപൂർവം ചില പാഠശാലകൾ ഈ വഴിക്കു ശ്രമിച്ചുവരുന്നുണ്ടു്. പ്രാഥമികവിദ്യാഭ്യാസത്തിനായി പാത്രത്തിലും അപാത്രത്തിലും വ്യയംചെയ്യുന്ന തുകയുടെ ഒരംശമെങ്കിലും ഈ വഴിക്കു വ്യയംചെയ്തു ഗ്രാമോദ്ധാരണംചെയ്തു കാണ്മാൻ സംഗതിവരുത്തട്ടെ.

# ഹരിദ്വാരത്തിലെ ഗുരുകുലവിദ്യാലയം.

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ., എ. എസ്സ്.)

(തുടൎച്ച)

## മററു ചില സംഗതികൾ.

വിദ്യാലയത്തിന്റെ മുൻവശത്തു് ഒരു രമണീയമായ തോട്ടമുണ്ടു്. ഇതു് ഫലനമ്രങ്ങളായ ശാഖകളോടു കൂടിയ തരുക്കളും ചെടികളും വല്ലികളും നിറഞ്ഞു് സദാ സുമഗന്ധമയമായി ശോഭിക്കുന്നു. കാലാന്തരത്തിൽ ഇതു് സസ്യശാസ്ത്രബോധത്തിനുപകരിക്കുന്ന ഒന്നാംതരം തോട്ടമായിതീരും. തോട്ടത്തിൽ രണ്ടു കിണറുകളുണ്ടു്. ഒന്നിൽ പാർഷ്യൻചക്രം ഘടിപ്പിച്ചിരിക്കുന്നു. ഇതിന്റെ സഹായത്താൽ സ്നാനത്തിനു ജലം സംഭരണസ്ഥാനത്തിലേക്കു് പ്രവഹിക്കുന്നു. ഒരേ സമയത്തു് അൻപതു പേർക്കു് ഇവിടെ കുളിക്കാം. പാകശാല, ആശുപത്രി, വിദ്യാർത്ഥിസദനം, ഗ്രന്ഥാലയം, ശാസ്ത്രപ്രയോഗശാല എന്നിവയിലേയ്ക്കും ഈ ജലം ഉപയോഗപ്പെടുത്തുന്നു.

കാളേജുകെട്ടിടങ്ങൾക്കു് നാല്പതിനായിരം രൂപായെ ചെലവായിട്ടുള്ളു. ഒരു വലിയ ഗ്രന്ഥശാല, പ്രയോഗശാല എന്നിവ കൂടാതെ പന്ത്രണ്ടു മുറികളും ഇവിടെ ഉണ്ടു്.

ഏഴായിരത്തിഅഞ്ഞൂറു രൂപ ചെലവാക്കിയാണു് കായികാഭ്യാസശാല നിർമ്മിച്ചിരിക്കുന്നതു്. ഡംബെർപ്രയോഗം, ദണ്ഡപ്രയോഗം, ആരാമനിർമ്മിതി, നീന്തു്, മല്ലിടി, കന്ദുകകേളി എന്നിവ ഇവിടെ അഭ്യസിപ്പിക്കുന്നു. എല്ലാ കളികളിലും സംസ്കൃതശബ്ദങ്ങളാണു് സാങ്കേതികങ്ങളായുപയോഗിക്കുന്നതു്. വർഷം, മാസം എന്നിവപോലും പാശ്ചാത്യരീതിയിൽ ഇവിടെ സ്വീകരിച്ചിട്ടില്ല.

ഗ്രന്ഥാലയത്തിൽ പതിനായിരം പുസ്തകങ്ങളോളം ശേഖരിച്ചിരിക്കുന്നു. പാശ്ചാത്യപൌരസ്ത്യങ്ങളുടെ അന്യോന്യബന്ധം ഹൃദ്യങ്ങളായിരിക്കുമെന്നു പ്രത്യക്ഷപ്പെടുത്താനൊ എന്നു തോന്നുമാറു് സംസ്കൃതസാഹിത്യഗ്രന്ഥങ്ങളുടെ ഉപാന്തത്തിൽ തന്നെ ഇംഗ്ലീഷുഗ്രന്ഥങ്ങളും സൂക്ഷിച്ചിരിക്കുന്നു. രണ്ടു ഭാഷകളിലുമുള്ള പ്രമാണഗ്രന്ഥങ്ങൾ ഏറിയകൂറും ഒഴിച്ചിട്ടില്ല. 'എൻസൈക്ലോപ്പീഡിയാബ്രിട്ടാനിക്കാ'യുടെ നവീനപതിപ്പുകളോടു ചേർത്തു് വിസ്തൃതങ്ങളായ വ്യാഖ്യാനങ്ങളോടു കൂടിയ പരിശുദ്ധ(സംസ്കൃത)വേദഗ്രന്ഥങ്ങളും ഇൻഡ്യയിലും ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള പ്ര

ധാനപ്പെട്ട ഇംഗ്ലീഷ് പത്രങ്ങളോട് യോജിപ്പിച്ച് വേദാന്തരത്നമാലാരത്നാകരം മുതലായ സംസ്കൃതഗ്രന്ഥങ്ങളും സംഭരിച്ചു വച്ചിരിക്കുന്നത് സാഹിത്യമാർഗ്ഗജ്ഞരെയെങ്കിലും പൌരസ്ത്യപാശ്ചാത്യബന്ധം ദൃഢതരമാകട്ടെ എന്നോ ബ്രിട്ടീഷുകാരന്റെയും ബ്രാഹ്മണന്റെയും പൂർവികർ ഒന്നാണെന്ന് ശബ്ദശാസ്ത്രജ്ഞനെങ്കിലും അറിയട്ടെ എന്നൊ ഉദ്ദേശിച്ചു ചെയ്തിരിക്കുന്നതുപോലെ തോന്നും.

വാഗ്വർദ്ധിനിസഭ, ഡിബേററിങ്ങ് ക്ലബ്ബ് എന്നു സാധാരണ പറയാറുള്ള സംസ്കൃതോത്സാഹിനി സഭ എന്നിവ നിശ്ചിതകാലങ്ങളിൽ കൂടുകയും മൃതഭാഷയെന്നു ചിലർ ജല്പിക്കുന്ന സംസ്കൃതത്തിൽതന്നെ അംഗങ്ങൾ സംസാരിക്കയും ചെയ്യുന്നു.

ഹൈന്ദവജനതയ്ക്കുള്ള പൊതുവായ സാഹിത്യത്തിൽ അംഗങ്ങൾക്ക് ആസക്തി വർദ്ധിപ്പിക്കുന്നതിനും സംസ്കൃതത്തിലും ആര്യഭാഷയായ ഹിന്ദിയിലും സന്മാതൃകയിലുള്ള സാഹിത്യസൃഷ്ടിക്കുമായി സരസ്വതീസമ്മേളനവും ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണ യോഗങ്ങളിൽ സാഹിത്യം, ശാസ്ത്രം, തത്വവിജ്ഞാനീയം എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങളെഴുതി വായിക്കയും വാർഷികയോഗങ്ങളിൽ ബ്രഹ്മചാരികളുടെ പ്രയോജനത്തെ ഉദ്ദേശിച്ച് പ്രത്യേകസംഗതികളെ അധികരിച്ചു പ്രസംഗങ്ങൾ ചെയ്വാൻ അന്യസ്ഥലങ്ങളിൽ നിന്നു വിദഗ്ദ്ധന്മാരെ ക്ഷണിച്ചുവരുത്തി ഉദ്ദേശ്യം നിർവഹിക്കയും ചെയ്തുവരുന്നു. വാർഷികസമ്മേളനം അത്യാഡംബരപൂർവമായിട്ടാണു നടത്താറുള്ളത്. അത്യുത്സാഹപ്രദമായ ഒരവസരമാണത്. ധനാപേക്ഷ ഉത്ഭവിച്ചു കൂട്ടുമ്പോൾ നാലുവശത്തുനിന്നും ധനപ്രവാഹം ശക്തിപൂർവം ആവിർഭവിക്കുന്നു. ഈ ആവശ്യത്തിനു ലക്ഷത്തിൽ പരമാണു് ഒരു ഒരു കൊല്ലത്തിൽ വരവ്. സ്വാമി ദയാനന്ദസരസ്വതിയുടെ പേരിലുള്ള ഭക്തി പ്രകാശിപ്പിക്കാനും ഗുരുകുലത്തെ അനുഗ്രഹിക്കാനുമായി അവിടെ ആണ്ടുതോറും കൂടുന്ന ജനങ്ങളുടെ സംഖ്യ ആയിരത്തിൽ കുറയുന്നതല്ല.

ഗുരുകുലം വകയായി രണ്ടു പത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഒന്ന് പ്രൊഫസ്സർ രാമദേവൻ ബി. എ., എം. ആർ.. എ. എസ്സ്. പത്രാധിപത്യം വഹിക്കുന്ന "വൈദിക"മാസികയും, മറെറാന്ന് ഗുരുകുലത്തിലെ ഒരു ഉന്നതപരീക്ഷാവിജയിയുടെ ചുമതലയിൽ നടത്തുന്ന "സദ്ധർമ്മപ്രചാരിക" എന്ന ഹിന്ദിപത്രഗ്രന്ഥവുമാണ്. ഗുരുകുലം സംബന്ധിച്ചുള്ളവക്കെന്നല്ല സാമാന്യജനങ്ങൾക്കെല്ലാം ഒരുപോലെ ഉപയുക്തമാകത്തക്കവിധം ഇൻഡ്യാചരിത്രം, തത്വശാസ്ത്രം, പൌരാണികകാര്യങ്ങൾ എന്നിവയെ അധികരിച്ചു പ്രൌഢങ്ങളായ പ്രബന്ധങ്ങൾ ഇവയിൽ പതിവായി ഉണ്ടായിരിക്കും.

ദീർഘമായ അനദ്ധ്യായ കാലങ്ങളിൽ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുമൊന്നിച്ച് ചരിത്രപ്രസിദ്ധിയുള്ള ദൂരസ്ഥലങ്ങളെ സന്ദർശിക്കുന്നു. ഈ സന്ദർശനസഞ്ചാരത്തിനു സരസ്വതീയാത്രയെന്നാണ് അവർ നൽകിയിരിക്കുന്ന പേരു്. ഇതുകൊണ്ടു വളരെ പ്രയോജനം ഉണ്ടാകുന്നുണ്ട്. ഒരവസരത്തിൽ മിറൺ ഫെൽപ്സ് എന്ന അമേരിക്കൻ സഹൃദയസുഹൃത്ത് ഒരു സന്ദർശകസംഘത്തോടൊന്നിച്ചു സഞ്ചരിച്ച് രസകരമായ ഒരു സഞ്ചാരക്കുറിപ്പു വൈദികമാസികയിൽ പ്രസിദ്ധീകരിക്ക ഉണ്ടായിട്ടുണ്ട്.

### ബ്രഹ്മചാരികളുടെ ഭാവി.

ഗുരുകുലം ഇൻഡ്യൻ യൂണിവേഴ്സിററികളിലൊന്നിനോടു ബന്ധിച്ചിട്ടില്ല. സൂക്ഷ്മം പറകയാണെങ്കിൽ ഗുരുകുലം തന്നെ ഒരു പ്രത്യേക യൂണിവേഴ്സിററിയാണ്. ഗുരുകുലസന്താനങ്ങളായ സ്നാതകന്മാരുടെ ഭാവിയെപ്പററി ഉത്തമബന്ധുക്കൾക്കുപോലും പ്രബലമായ ചില ശങ്കകളുണ്ടാകാറുണ്ട്. ഇക്കാലത്തെ ഈ ജീവിതമത്സരത്തിരക്കിൽ ഇവർക്കു മാനമായി കാലക്ഷേപം കഴിക്കാൻ സാധിക്കുന്നതാണോ? ഗവൺമെൻറുസർവീസിൽ പ്രവേശിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇവരുടെ വിദ്യാഭ്യാസംകൊണ്ടു ഫലമെന്തു്? ഇൻഡ്യൻയൂണിവേഴ്സിററികളിലെ ഡിഗ്രികളെടുത്തവർ ധാരാളമുള്ള ഇക്കാലത്തു് ഇവരുടെ ബിരുദു എന്തു വിലയുള്ളതാണ്? വിജയാനന്തരം ഈ ബ്രഹ്മചാരികൾ തൊഴിലു കിട്ടാതെ വലയേണ്ടി വരുന്നപക്ഷം ഭീമമായ ധനനഷ്ടം സഹിച്ച് ഈ സ്ഥാനത്തെ നിലനിറുത്തുന്നതെന്തിനു? നമ്മുടെ കുട്ടികളുടെ ഭാവിശ്വൈശ്വര്യത്തെ തടയുന്നതെന്തിന്? അതിനെ കളങ്കിതമാക്കുന്നതെന്തിന്? വിശ്വാമിത്രനെ ആദരിക്കാനൊ കണ്വാശ്രമത്തെ സംരക്ഷിക്കാനൊ സന്നദ്ധതയുള്ള രാമനൊ ദശരഥനൊ ദുഷ്ഷന്തനോ ഇപ്പോഴുണ്ടോ? ഇത്യാദി സംശയങ്ങളാണു പലക്കുമുള്ളതു്. വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം ജ്ഞാനസമ്പാദനമാണെന്നുള്ള വിശിഷ്ടതത്വത്തെ അവഗണിക്കയും സവ്കലാശാലാബിരുദാർജ്ജനത്തിൻെറ ലാക്കു ഗവൺമെൻറുദ്യോഗമാണെന്നു വിശ്വസിക്കയും ചെയ്യുന്നവരുടെ ആക്ഷേപങ്ങൾ ഇതിലും കഠിനമാണ്. ഈ സംശയങ്ങൾക്കെല്ലാം സവിസ്തരമായ സമാധാനം പറയേണ്ട ആവശ്യം നമുക്കില്ല. എങ്കിലും കേവലം ബാലിശങ്ങളായ സന്ദിഗ്ദ്ധപക്ഷങ്ങളെ ഇങ്ങനെ ചൂണ്ടിക്കാണിച്ചിട്ട് അവയെപ്പററി രണ്ടു വാക്കെങ്കിലും പറയാതെ ഈ വിവരണം അവസാനിപ്പിക്കുന്നതു് അനുചിതമാണല്ലോ. ഗവൺമെൻറുകലാലയങ്ങളിൽ നിന്നു ജയിച്ചിറങ്ങുന്നവക്കു മെച്ചമുണ്ടെന്നിരുന്നാട്ടെ. അവക്കു ഗവൺമെൻറുദ്യോഗങ്ങളും എളുപ്പത്തിൽ കിട്ടുമെന്നു വന്നാട്ടെ. ഉദ്യോഗങ്ങളുടെ സംഖ്യ

പരിമിതമാണല്ലോ. ഇപ്പോൾതന്നെ പരീക്ഷാവിജയികളുടെ തിരക്ക് അധികമായിപ്പോയെന്നു പലരും പരാതി പറയുന്നു. നടപ്പിലിരിക്കുന്ന കലാമന്ദിരങ്ങളിൽനിന്ന് ആണ്ടോടാണ്ടു വെളിയിലേയ്ക്കിറങ്ങിവരുന്ന പരീക്ഷാവിജയികൾക്കു പുറമെ ഗർഭത്തിൽ കിടക്കുന്ന സമസ്തകലാവേശ്മങ്ങളും ജനിപ്പിക്കുന്നവരും കൂടിയാകുമ്പോഴുള്ള ബഹളം എന്തായിരിയ്ക്കും? ഈ സ്ഥിതിയ്ക്ക് ഇവരുടെ വില കുറയാതിരിയ്ക്കുമോ? ഗുരുകുലത്തിന്റെ ബന്ധുക്കളും ശത്രുക്കളും ഒരുപോലെ അവധാനതയോടെ ഈ കാര്യം ആലോചിച്ചുനോക്കട്ടെ. എന്നാൽ ഗുരുകുലഭാരവാഹികൾക്ക് അവരുടെ ബ്രഹ്മചാരികൾ ഉപയോഗശൂന്യന്മാരായി അലഞ്ഞു നടക്കേണ്ടി വരുമോ എന്നു സംശയമേയില്ല. ശരീരസംസ്കാരത്തിലും മനസ്സംസ്കാരത്തിലും തൃപ്തികരമായ നിലയെ പ്രാപിച്ച് ഗുരുകുലം വിടുന്ന യുവാക്കന്മാരുടെ പ്രവേശനത്തെ തടയാൻ ഗവമ്മെൻറുദ്യോഗമന്ദിരവാതായനങ്ങൾ അടച്ചുകളഞ്ഞാലും അവർ മാതൃഭൂമിയ്ക്ക് ഉപകരിക്കുന്ന സന്താനങ്ങളായിത്തന്നെ ശോഭിയ്ക്കും. നാട്ടിലെ കൃഷി നന്നാക്കാൻ അവർ പഠിച്ചിട്ടുണ്ട്. വാണിജ്യാഭിവൃദ്ധിക്കായി വേണ്ടതു ചെയ്വാൻ അവക്കറിയാം. ഹിന്ദുക്കളുടെ സദാചാരം, മതം, സമുദായം ഇത്യാദി സംഗതികളിൽ ക്ഷേമോന്മുഖമായ ഗതി കണ്ടറിഞ്ഞു വേണ്ടതു ചെയ്വാൻ അവർ പ്രാപ്തരാണ്. വൈദികധമ്മപ്രസംഗങ്ങൾക്ക് അവർ അദ്വിതീയരാകുന്നു. ഗ്രാമങ്ങളിൽ സഞ്ചരിച്ച് സഹകരണസംഘങ്ങൾ, സാംക്രമികരോഗനിവാരണങ്ങൾ, ക്ഷാമപരിഹാരസമിതികൾ എന്നിവ മൂലം രാജ്യസേവനം ചെയ്വാനും അവർ പരിചയിച്ചിട്ടുണ്ട്. ഇൻഡ്യൻജനതയ്ക്ക് പൊതുവായ സംസ്കൃതഭാഷയിൽ പല പര്യവേക്ഷണങ്ങൾ നടത്തി ഗ്രന്ഥങ്ങളായ പലതും പ്രകാശിപ്പിക്കാൻ അവക്കു നൈപുണ്യമുണ്ട്. പാവപ്പെട്ടവരുടെ തമോവൃതങ്ങളായ കുടിലുകളിൽ കടന്നുകയറി വിദ്യാദാനത്താൽ പ്രകാശം നൽകുന്നതിന് അവക്കു മടിയില്ല. രാജ്യാഭിമാനികളും രാജ്യസേവനസന്നദ്ധരുമായി അശ്രാന്തവും കളങ്കരഹിതവുമായ പ്രയത്നംകൊണ്ട് ആദ്യം ഭാരതീയരേയും പിന്നീടു സവ്വജനതയേയും ഉയത്താൻ സമ്മതമുള്ളവരാണവർ. ഇതെല്ലാം മഹൽകൃത്യങ്ങളല്ലയോ? ലോകോപകാരത്തിനായി പ്രയത്നിയ്ക്കുന്ന അവരെ തടുക്കാൻ ലോകത്തിൽ ഏതു ശക്തിയ്ക്കു കഴിയും? ഈ മഹൽകൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പട്ടിണി കിടക്കേണ്ടി വരുമോ? ഇതിനു സമാധാനം എന്തായിരിയ്ക്കും?

# അദ്ധ്യക്ഷപ്രസംഗം.

ഇതു് പഞ്ചാബ് അദ്ധ്യാപക സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച പ്രൊഫസർ പി. ശേഷാദ്രിഅവർകൾ എം. ഏ. ചെയ്ത പ്രസംഗമാണ്. ഇദ്ദേഹം കാൺപൂരിലെ സനാതനധർമ്മകലാശാലയിലെ പ്രിൻസിപ്പാളും ഇൻഡ്യയിലെ ഒരു പ്രസിദ്ധവിദ്യാഭ്യാസപ്രവർത്തകനുമാകുന്നു. ബ്രിട്ടീഷുസാമ്രാജ്യത്തിലുള്ള സർവ്വകലാശാലകളുടെ ഒരു സമ്മേളനം ഇംഗ്ലണ്ടിൽ വച്ചു കൂടിയപ്പോൾ ഇൻഡ്യൻ സർവ്വകലാശാലകളുടെ പ്രതിനിധിയായി ഇദ്ദേഹമാണ് പോയിരുന്നതു്.

യൂറോപ്പിലും അമേരിക്കയിലും ഞാൻ ഈയിടെ നടത്തിയ സഞ്ചാരത്തിനിടയിൽ, അദ്ധ്യാപകന്മാരുടെ ശക്തിയെ സംഘടിപ്പിച്ച് സംയോജിപ്പിക്കുന്നതിലും, അവരുടേ പൊതുക്ഷേമത്തിനു വേണ്ടി അഭിനന്ദനീയമായ ആത്മശക്തിയോടും ഉത്സാഹത്തോടും കൂടി പ്രവർത്തിക്കുന്നതിലും അവർക്ക് ഉണ്ടായിട്ടുള്ള എല്ലാസ്ഥലങ്ങളിലെയും വിജയങ്ങളേക്കാൾ കൂടുതലായി ഒന്നും തന്നെ വിദ്യാഭ്യാസ മണ്ഡലത്തിൽ എന്നെ ആകർഷിച്ചിട്ടില്ല. ഈ അദ്ധ്യാപകസമാജങ്ങൾ ആ രാജ്യങ്ങളിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെ സ്വാധീനശക്തി ചെലുത്തുന്നുണ്ടെന്നും അവയിലെ അംഗങ്ങളുടെ ഗുണത്തിനു വേണ്ടി ശ്രദ്ധിക്കുന്നുണ്ടെന്നും മാത്രമല്ല, സാമാന്യമായി വിദ്യാഭ്യാസ പരിഷ്കാരവിഷയത്തിലും അവ അതിശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നുണ്ട്. ശമ്പളക്കൂടുതലും സർവീസിൽ നല്ലപരിഷ്കാരങ്ങളും കാര്യക്ഷമതയ്ക്കു് വളരെ പ്രധാനമെങ്കിലും, അവ ആവശ്യപ്പെടുന്ന വെറും കച്ചവടസംഘങ്ങളായിരിക്കണമെന്നല്ല അദ്ധ്യാപകസംഘങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതു് എന്നു് നാം ഓർമ്മിക്കുന്നതു് ഉത്തമമായിരിക്കും. അവ മനുഷ്യവർഗ്ഗത്തിൻെറ ബുദ്ധിപരമായ അഭിവൃദ്ധിക്ക് അതിപ്രധാനമായ ഒരു വിഷയത്തിൽ മനുഷ്യ വിജ്ഞാനത്തിൻെറ പരിധികളെ വിസ്തൃതമാക്കുന്നതിനു വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസാനുഭവത്തിൻെറയും ചിന്തയുടേയും ഗണനീയകേന്ദ്രങ്ങളായിരിക്കണം.

ഒരു അദ്ധ്യാപകൻെറ ജീവിതം സുഖകരവും സന്തോഷ പ്രദവും ആകുന്നതിന് ആവശ്യമുള്ള ഭൌതിക നിലകളുടെ പ്രാധാന്യത്തെ ലഘൂപ്പെടുത്തുന്ന ഒരാളല്ല ഞാൻ. മറവുതരത്തിലുള്ള സ്ഥിതിഗതികളിൽ പ്രയോജനകരമായ മാനസികപ്രവൃത്തി സാദ്ധ്യമല്ല. ഈ തൊഴിലിലെ ഉത്സാഹികളായ പ്രവർത്തകന്മാർക്ക് നിത്യേനയുള്ള ജോലിയിൽ സന്തോഷ

ത്തോട്ടുകൂടി പ്രവേശിക്കുവാൻ സാധിക്കയില്ലെങ്കിൽ വിദ്യാഭ്യാസാഭിവൃദ്ധിയെ സംബന്ധിച്ചുള്ള ആശകളെല്ലാം നിഷ്ഫലങ്ങളായിപ്പരിണമിക്കാനെ തരമുള്ളു. വിജയിയായ ഒരു അദ്ധ്യാപകൻെറ ഉത്തമാവശ്യങ്ങളിൽ ഒന്ന്, സ്കൂൾ മുറിയുടെ നഭോമണ്ഡലത്തിലെല്ലാം സൌഖ്യദീപ്തിയെ പ്രകാശിപ്പിക്കുവാൻ സാധിക്കണമെന്നുള്ളതാണ്. അയാളുടെ ആവശ്യങ്ങൾ സാധിക്കാതെ, നിത്യേന സാമ്പത്തികദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാളിൽനിന്നും അതു് ആശിക്കുന്നതു് വിഡ്ഢിത്തമാണ്. തൻെറ കീഴിൽ പഠിക്കുന്ന കുട്ടികൾക്ക് ആത്മാഭിമാനം അന്തസ്സ് എന്നീവിഷയങ്ങളിൽ ഒരു മാതൃകയായിരിക്കേണ്ട അദ്ദേഹം സാമുദായികമായി താഴ്ന്നവനെന്നു വിചാരിക്കുവാനും ഇടകൊടുത്തുകൂടാ. അദ്ദേഹത്തിൻെറ മാതൃകയെയാണല്ലൊ അവർ അറിയാതെ തന്നെ അനുകരിച്ചുപോരുന്നതു്. അദ്ധ്യാപകനിലുള്ള താഴ്മ നാളത്തെ പൌരന്മാരായ അദ്ധ്യേതാക്കളിലും ഉല്പാദിതമാകുന്നതും അവ ഏതു രാജ്യത്തിൻേറയും മഹത്വത്തിന് ഹാനികരമായി ഭവിക്കുന്നതുമാകുന്നു.

ഈ വിഷയത്തിൻെറ പൂർണ്ണമായ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ ഇൻഡ്യയിലെ താഴ്ന്ന സ്ഥിതിയിലുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ശരീരത്തേയും ആത്മാവിനേയും രക്ഷിയ്ക്കുന്നതിനുള്ള ക്രിയ്ക്കു വേണ്ടിയാണ് അവർ ആവശ്യപ്പെടുന്നതെന്നു ധരിക്കേണ്ടതാണ്. സെക്കണ്ടറി പാഠശാലയിലെ അദ്ധ്യാപകന്മാർ അല്പം ഭേദമായ ഒരു നിലയിലാണെങ്കിൽ അവരേയും ഭൌതികാവശ്യങ്ങൾ വിഷമിപ്പിക്കുന്നുണ്ട്. കലാശാലാപ്രാസംഗികന്മാരുടെ നില മോശമല്ലായിരിക്കാം. എന്നാൽ നമ്മുടെ തൊഴിലിലേയ്ക്കു് ഉത്തമന്മാരായ ആളുകളെ ആകർഷിച്ചാണ് നമുക്ക് എല്ലാ ഗുണവുമുണ്ടാകേണ്ടതു്. ഈ തൊഴിലാണല്ലൊ രാജ്യത്തിനു ബുദ്ധിപരമായ പ്രവൃത്തിയിൽ നേതാക്കന്മാരെ നൾകേണ്ടതു്. അതിനുള്ള ഏതു പരിശ്രമവും അധികമായിപ്പോയി എന്നു വരുന്നതല്ല.

ഒരു അദ്ധ്യാപകനെന്ന നിലയിൽ തൻെറ നിത്യേനയുള്ള കർത്തവ്യങ്ങൾ നിറവേററുന്നതിനു വേണ്ട സാമർത്ഥ്യം ലഭിക്കണമെങ്കിൽതന്നെ ബുദ്ധിപരവും സാംസ്കാരികവുമായ ആവശ്യങ്ങളെ വേണ്ടപോലെ സാധിക്കണം. യാതൊരു തരത്തിലുമുള്ള പ്രതിബന്ധങ്ങളും കൂടാതെ ഉത്തമസമുദായവുമായി ഇടപെടുന്നതിനുള്ള സന്ദർഭങ്ങൾ, ബുദ്ധിപരമായ അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതങ്ങളായ പുസ്തകങ്ങളും മാസികകളും വാങ്ങിക്കുന്നതിനുള്ള കഴിവ്, അനദ്ധ്യായദിവസങ്ങൾ, വിനോദം, സഞ്ചാരം—ഇവയെല്ലാം ഒരു അദ്ധ്യാപകൻ ഒരു രാജ്യത്തിലെ വിദ്യാഭ്യാസവൃത്തിയിലെ ഒരു

ഘടകമായിരിക്കണമെങ്കിൽ അയാൾക്ക് ആവശ്യമാണ്. ദാരിദ്ര്യത്തിന്റെ ഗുണങ്ങളിൽ ഒരിക്കലും വിശ്വസിക്കാത്തവനായ ഞാൻ, ഒരുകൂട്ടർ ആദായകരങ്ങളായ ജീവിതവൃത്തികളിലിരുന്നുകൊണ്ടു അവർ നമ്മുടെ വർഗ്ഗക്കാരോടു ത്യാഗം സഹിക്കണമെന്നു മുക്തകണ്ഠം ഉപദേശിക്കുന്നതു ഉപയോഗകരമായി വിചാരിക്കുന്നില്ല. സുഖകരമായ ജീവിതരീതിയ്ക്കുവേണ്ടി പരിശ്രമിക്കുന്നതിൽ ഒട്ടുംതന്നെ ലജ്ജിക്കുവാനില്ലാത്തതുകൊണ്ടു ശരിയായ ശമ്പളം തരണമെന്നാവശ്യപ്പെടുന്നതു് ആദ്ധ്യാപകന്മാരുടെ സ്വാർത്ഥത്തെ ഉദ്ദേശിച്ചാണ് എന്നു തെററിദ്ധരിക്കേണ്ട ആവശ്യമില്ല. അതു് വിദ്യാഭ്യാസാഭിവൃദ്ധിയെ പൂർണ്ണമായി ബാധിക്കുന്നതാണ്. നമ്മുടെ അധീനതയിൽ വിട്ടിട്ടുള്ളതും നമുക്കു ഉത്തമമായിട്ടുള്ളതു നൾകുവാൻ നാം ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നതും ആയ ലക്ഷോപലക്ഷം കുട്ടികളുടെ പേരിലാണ് നാം നല്ല സ്ഥിതിഗതികൾ ആവശ്യപ്പെടുന്നതു്. രാജ്യത്തിന്റെ ഭാവിയെ ആസ്പദമാക്കിയാണ് നാം അതാവശ്യപ്പെടുന്നതും; ഉത്തമമായ വിദ്യാഭ്യാസനിലയില്ലെങ്കിൽ ലോകത്തിലെ ദേശങ്ങളുടെ ഇടയിൽ അതിനു് ന്യായമായ സ്ഥാനം ലഭിക്കുന്നതല്ല. മനുഷ്യവർഗ്ഗത്തിന്റെ ക്ഷേമത്തെ അടിസ്ഥാനപ്പെടുത്തിയാണ് നാം അതാവശ്യപ്പെടുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ സമാധാനത്തിനും ക്ഷേമത്തിനും ഉള്ള ഏകരക്ഷാമാർഗ്ഗം ഉത്തമവിദ്യാഭ്യാസപ്രചരണമാകുന്നു.

നമ്മുടെ ഇത്തരത്തിലുള്ള സമാജങ്ങളിലെ പ്രവൃത്തികളുടെ ഉദ്ദേശം നമ്മുടെ തൊഴിലിനെപ്പററിയുള്ള ജ്ഞാനം വർദ്ധിപ്പിക്കുന്നതിനും, സാമാന്യമായി ബുദ്ധിപരമായ നിലയെ ഉയർത്തുന്നതിനും ഉള്ള അനന്തമായ ആശയല്ലെങ്കിൽ നാം നമ്മുടെ കർത്തവ്യത്തിൽ പരാജിതരായിത്തീരുകയാണു ചെയ്യുന്നതു്. നമ്മുടെ അഭിവൃദ്ധിയുടെ തടസ്സത്തിനുള്ള കാരണങ്ങൾ ബാഹ്യങ്ങളായിട്ടുള്ള വിഷമതകളാണെന്നു പറയുന്നതിനേക്കാൾ ദയനീയവും ആക്ഷേപാർഹവുമായ അശക്തസമ്മതം വേറെയില്ല. ഓരോ കാര്യനിർവ്വഹണത്തിൽ നമ്മെ വേണ്ടപോലെ സഹായിച്ചിട്ടില്ലെന്നും, സത്യസന്ധതയുടേയും ഉൽകൃഷ്ടസ്വഭാവത്തിന്റേയും മാതൃകാസ്ഥാനങ്ങളിൽ നാം എത്തിയിട്ടില്ലെന്നും പറഞ്ഞു് നമ്മുടെ ആത്മാക്കളെ സ്തുതിക്കുന്നതെളുപ്പമാണ്. എന്തുകൊണ്ടെന്നാൽ നാം ഭൗതികശക്തിയിൽനിന്നും ഉയർന്ന ഒരു സ്ഥാനത്തല്ല സ്ഥിതിചെയ്യുന്നതു്. എന്നാൽ പ്രതിബന്ധങ്ങളെ തൃണവൽഗണിച്ചു് നല്ലപോലെ പ്രവൃത്തിക്കുന്നതാണ് പൌരുഷമുള്ള ഹൃദയത്തിന്റെ ലക്ഷണം.

ബുദ്ധിപരമായ ഉണർച്ചയും മനോവീക്ഷണജാഗ്രതയുമാണ് പാ

ശ്ചാത്യദേശത്തിലെ അദ്ധ്യാപകവൃത്തിയിൽ കാണുന്ന വേറൊരു വിശേഷം. അതു് ഏറക്കുറെ അവിടത്തെ സർവീസിലെ സ്ഥിതിഗതികൾ ഇവിടത്തേതിനേക്കാൾ ഉത്തമമായിരിക്കുന്നതുകൊണ്ടും, നല്ല ശമ്പളം ലഭിക്കുന്നതുകൊണ്ടും, ഉദ്യോഗകാലത്തിന്റെ ഉറപ്പുകൊണ്ടും, പഠിക്കുന്നതിനും സഞ്ചരിക്കുന്നതിനും വിശ്രമിക്കുന്നതിനും ഉള്ള കൂടുതൽ സൗകര്യംകൊണ്ടുമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഉത്തമനായ ഒരു അദ്ധ്യാപകന്ന് രണ്ടുതരത്തിലുള്ള ഉത്തരവാദിത്വമുണ്ട്. മററു തുറകളിലെ ചുമതലകളെ പററി നമുക്കു ചിന്തിക്കേണ്ട. അയാൾക്ക് തന്റെ വിഷയം പഠിപ്പിക്കുന്നതിന് ലോകത്തിലെ അടുത്തുണ്ടായ വിദ്യാഭ്യാസാനുഭവംകൊണ്ട് പ്രയോജനമുണ്ടാകണം. വിദ്യാർത്ഥികളുടെ ശക്തികളെ ആകർഷിക്കുന്നതിനും വാത്സല്യത്തോടുകൂടി അവയെ വികസിപ്പിക്കുന്നതിനും ഏററവും സജീവങ്ങളായ രീതികളേയും മാർഗ്ഗങ്ങളേയും അയാൾ അവലംബിക്കണം. അതേസമയത്തുതന്നെ അയാൾ താൻ പഠിപ്പിക്കുന്ന വിഷയത്തിലെ ഒരു അദ്ധ്യേതാവുമായിരിക്കണം. ജ്ഞാനവർദ്ധന അദ്ധ്യാപകനെ ഉത്തമനാക്കുന്നു. ആവശ്യമുള്ളതു മാത്രം അറിയാവുന്നതും ജ്ഞാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ അദ്ധ്യാപകന്മാർ തമ്മിൽ അജഗജാന്തരമുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള സമ്മേളനങ്ങൾ പഠിത്തത്തിനും, തൊഴിലിൽ കൂടുതൽ യോഗ്യത സമ്പാദിക്കുന്നതിനും ഉള്ള സന്ദർഭങ്ങളാണെന്ന് നിങ്ങൾ വിചാരിക്കണമെന്നുള്ളതിനേക്കാൾ ഉത്തമമായി ഒരു ഉപദേശവും തരുന്നതിന് ഞാൻ കാണുന്നില്ല. ഒരു സർവകലാശാലയിൽ പ്രൊഫെസ്സർമാരിൽ നിന്നുള്ളതിനേക്കാൾ വിദ്യാർത്ഥികൾ കൂടുതലായി പരസ്പരമുള്ള സംഘട്ടനത്തിൽനിന്നും പഠിക്കുന്നു എന്നുള്ള ബാൽഫർപ്രഭുവിന്റെ അഭിപ്രായം നമ്മുടെ തൊഴിൽക്കാരേയും, ഒരു തരത്തിൽ വളരെ കൂടുതലായി ബാധിക്കുന്നതാണ്. ഒരു അദ്ധ്യാപകസമ്മേളനം വിശാലമായ ഒരു പരിശീലനകലാശാലയായി വിചാരിക്കണം.

ഈ രാജ്യത്തിൽ അദ്ധ്യാപകസമാജങ്ങൾ നടത്തുന്നവരുടെ പരിശ്രമമുണ്ടായിരുന്നിട്ടും, നമ്മുടെ തൊഴിലിലെ അംഗങ്ങൾക്ക് അദ്ധ്യാപനശാസ്ത്രസംബന്ധമായ വിജ്ഞാനത്തെ വർദ്ധിപ്പിക്കുവാൻ ശരിയായ ശക്തിയോടുകൂടി മുന്നോട്ടുവരുവാൻ സാധിച്ചിട്ടില്ലെന്ന് നിരാശയോടുകൂടി എനിക്ക് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴും പാശ്ചാത്യദേശത്തിലെ വിദ്യാഭ്യാസസാഹിത്യത്തെ നമുക്ക് ആശ്രയിക്കേണ്ടിയിരിക്കുന്നു എന്നുള്ളതും നമ്മുടെ രാജ്യത്തിന്റെ പ്രത്യേകസ്ഥിതിഗതികളെ സംബന്ധിച്ചിടത്തോളമെങ്കിലും ഗുണദോഷം പറയുവാൻ നമുക്കു സാധിക്കയില്ലെന്നുള്ളതും ആക്ഷേപകരം തന്നെയാണ്. തന്റെ ജോലിക്കാലത്തെ അനുഭവംകൊണ്ട് സ്വന്തമായി ചില ആശയങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം അത്ര

താഴ്ന്ന ഒരു അദ്ധ്യാപകനുണ്ടായിരിക്കയില്ലെന്നുള്ള സംഗതി നോക്കുമ്പോഴും ഇതു് അപമാനകരമല്ലേ? ജ്ഞാനലോകം എത്രയും വിസ്തൃതമായിട്ടുള്ള ഒന്നാകകൊണ്ടു് എത്ര എളിയവനും അവിടെ ഹൃദയംഗമമായ സ്വാഗതമുണ്ടാകാതിരിക്കയില്ല.

അതുകൊണ്ടു് ഇങ്ങിനെയുള്ള സമ്മേളനങ്ങളിൽ സർവീസിനെപ്പററിയുള്ള പരാതികൾക്കും സങ്കടങ്ങൾക്കും പുറമെ വിദ്യാഭ്യാസപ്രവൃത്തിയുടെ വിവിധവശങ്ങളെപ്പററി നിങ്ങൾക്കെല്ലാം പറയാവുന്നതു കേൾക്കുന്നതിനു് സന്തോഷമുണ്ടായിരിക്കും. ഓരോ വശത്തെപ്പററി സ്വന്തം അറിവിൽനിന്നും അനുഭവത്തിൽനിന്നും ഓരോരുത്തർക്കെങ്കിലും സംസാരിക്കാവുന്നതാണു്. ഓരോ വ്യക്തിയുടേയും ജീവിതത്തിൽ ഒരു നോവലിനെങ്കിലും വസ്തുക്കൾ ഉണ്ടായിരിക്കുന്നതാണെന്നു പലപ്പോഴും പറയാറുണ്ടു്. അതുപോലെ ഓരോ അദ്ധ്യാപകന്റെ അനുഭവം അദ്ധ്യാപനസംബന്ധമായ ഓരോ പുസ്തകമെഴുതുന്നതിനെങ്കിലും വസ്തുക്കൾ നൾകാതിരിക്കയില്ലെന്നും വിചാരിക്കുന്നതു് യുക്തിഹീനമല്ല. വിദ്യാഭ്യാസസംബന്ധമായ പല കാര്യങ്ങളെപ്പററിയുള്ള പല വിഷമതകൾ ഇന്നത്തെ നേതാക്കന്മാരെ പീഡിപ്പിക്കുന്നുണ്ടു്. അവയെപ്പററിയുള്ള നിങ്ങളുടെ തെളിവുകൾ ഹാജരാക്കുക. സമുദായത്തിലെ നിങ്ങളുടെ നിലയും നിങ്ങളുടെ തൊഴിലും ഈ അഭ്യർത്ഥനയോടുള്ള നിങ്ങളുടെ അനുരണനത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നും ഞാൻ ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

പരീക്ഷകളെ ബുദ്ധിപരമായ കാര്യക്ഷമതയുടേയും സംസ്കാരത്തിന്റെയും ഉത്തമങ്ങളായ പരിശോധനാമാർഗ്ഗങ്ങളാക്കുന്നതിനു് നിങ്ങൾക്കു വല്ല അഭിപ്രായങ്ങളുമുണ്ടോ? കുട്ടികളുടെ ഓരോ ദിവസത്തെയും ജോലിയെ കൊല്ലത്തിൽ രണ്ടുമൂന്നുതവണ അളന്നുനോക്കുന്നതിനു് നിങ്ങൾ വല്ല മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ടോ? പരീക്ഷകളെ ഇല്ലാതാക്കുന്നതിനുതന്നെ വല്ല മാർഗ്ഗങ്ങളേയും നിങ്ങൾ സ്വപ്നം കാണുന്നുണ്ടോ? പദ്യവും നല്ല സാഹിത്യവും വായിച്ചാലുണ്ടാകുന്ന സുഖം നിങ്ങളെ ആനന്ദതുന്ദിലരാക്കുകയും ആ ആനന്ദത്തിൽ ഒരു ഭാഗം നിങ്ങളുടെ കീഴിലുള്ള കുട്ടികൾക്കു നൾകുന്നതിനായി ശ്രമിക്കുകയും നിങ്ങൾ ചെയ്തിട്ടുണ്ടോ? ഈ പ്രപഞ്ചത്തിന്റെ മാഹാത്മ്യങ്ങളെ വ്യക്തമായി വർണ്ണിച്ചു്, ഭൂമിശാസ്ത്രം സങ്കല്പബുദ്ധിയെ ഉദ്ദീപിപ്പിക്കുന്ന ഒരു വിഷയമാക്കിത്തീർക്കുവാൻ നിങ്ങൾ പരിശ്രമിക്കുന്നുണ്ടോ? നിങ്ങൾ ഏതു വിഷയത്തെപ്പററി പഠിപ്പിക്കുന്നുവോ ആ അദ്ധ്യയനം പ്രകൃതിയുടെ മാഹാത്മ്യങ്ങളെ അഭിനന്ദിക്കുന്നതിനു് സഹായമായിത്തീർന്നിട്ടുണ്ടോ? ചരിത്രം ഭൂമിയിലെ മനുഷ്യന്റെ അഭിവൃദ്ധിയുടെ

ചരിത്രമാണെന്നും, പേരുകളും കൊല്ലങ്ങളുമല്ലെന്നും നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ? പരിസരത്തിന്റെ ചരിത്രത്തിൽ കുട്ടികൾക്കു താല്പര്യം ജനിപ്പിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ ശാസ്ത്രാദ്ധ്യാപകന്മാരാണെങ്കിൽ അതിന്റെ അത്ഭുതങ്ങൾ ഉണർന്നിരിക്കുന്ന സമയത്ത് ചിന്തയ്ക്കു വിഷയീഭവിക്കുകയും ഉറക്കത്തിൽ സ്വപ്നം കാണുകയും ചെയ്തിട്ടുണ്ടോ? പഴയ രാജഭക്തിയും നിങ്ങളുടെ ഇപ്പോഴത്തെ കുട്ടികളുടെ വിശ്വാസത്തെ തകിടംമറിക്കുന്ന പുതിയ വിശ്വാസങ്ങളും തമ്മിലുള്ള മത്സരത്തിനു പരിഹാരമായി നിങ്ങൾക്കു വല്ല ഉപദേശവും നല്കുവാനുണ്ടോ? സ്കൂൾനിയമത്തിന്റെ ആവശ്യങ്ങളേയും ദേശാഭിമാനവികാരങ്ങളുടെ പ്രക്ഷോഭണത്തേയും സംയോജിപ്പിക്കുന്നതിന് നിങ്ങൾക്കു സാധിച്ചിട്ടുണ്ടോ? നിങ്ങളുടെ പ്രവിശ്യയിലേയും രാജ്യത്തിലേയും വിദ്യാഭ്യാസാവശ്യങ്ങളെപ്പറ്റി പ്രത്യേകം പഠിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ രാഷ്ട്രീയനേതാക്കന്മാർക്കു വല്ല ഗുണദോഷവും പറഞ്ഞുകൊടുക്കാനുണ്ടോ? പഠിത്തം ഒരു പ്രവൃത്തിയാകാതെ സന്തോഷമാകുവാനുള്ള വിവിധമാർഗ്ഗങ്ങളെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ കീഴിൽ പഠിക്കുന്ന യുവജനങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ മാതൃക നല്ലപോലെ പതിയത്തക്കവണ്ണം ബുദ്ധിജന്യമായ പ്രവൃത്തിയുടേയും ആശയുടേയും ലക്ഷണമുണ്ടായിട്ടുണ്ടോ? നിങ്ങളുടെ സ്വന്തം കുട്ടികളെ എന്നപോലെ പുസ്തകങ്ങളെ സ്നേഹിക്കയും ചെറുതരത്തിലുള്ള ഒരു ഗ്രന്ഥശാല സമ്പാദിക്കയും ചെയ്തിട്ടുണ്ടോ? അതുകൂടാതെ ഒരദ്ധ്യാപകനേയും ആ ജോലിയിലിരിക്കുവാൻ അനുവദിച്ചുകൂട. നിങ്ങളുടെ വിഷയത്തിൽ ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനവുമായി അടുത്തു പെരുമാറുന്നതിന് നിങ്ങൾ കഴിവുള്ളിടത്തോളം ശ്രമിച്ചിട്ടുണ്ടോ? നിങ്ങളുടെ ജീവിതാവസാനത്തിൽ, നിങ്ങൾ പ്രവർത്തിച്ചിരുന്ന ചെറിയ ഭൂവിഭാഗത്തിലെങ്കിലും ജ്ഞാനദീപം മങ്ങിപ്പോകാതിരിക്കത്തക്കവണ്ണം ശ്രമിച്ചിട്ടുണ്ടെന്ന് നിങ്ങൾക്കു സത്യമായി പറയുവാൻ സാധിക്കുമോ? കവി പറയുന്നതുപോലെ ലോകത്തിന് ഒരു സമ്മാനമായി എന്റെ നിഃശ്വാസത്തെ നൽകിയിട്ടില്ല എന്നു സമാധാനിക്കുവാൻ നിങ്ങൾക്കു കഴിയുമോ?

## II.

ഇവയ്ക്കു് ഉത്തരം ലഭിക്കുന്നതിനുവേണ്ടി താമസിക്കാതേയും നിങ്ങളുടെ ചിന്തക്കുതന്നെ വിഷയീഭവിച്ചുകൊണ്ടും ഇൻഡ്യയിലെ വിദ്യാഭ്യാസവീക്ഷണത്തെപ്പറ്റി—പ്രത്യേകിച്ചു പഞ്ചാബിലെ—ഞാൻ സംക്ഷിപ്തമായി പരിശോധിക്കുന്നതിനു ശ്രമിക്കട്ടെ. സാമ്പത്തികാധഃപതനം ലോകത്തിലുള്ള മിക്ക രാജ്യങ്ങളേയും കഠിനമായി ബാധിച്ചിട്ടുണ്ടെങ്കിലും, വി

ഭ്യാഭ്യാസപ്രവൃത്തികളെ ചുരുക്കുന്നതിനെപ്പോലെ ഒരിടത്തും അതിന്റെ ഫലം ദേശീയജീവിതത്തിന് ഹാനികരമായിത്തീർന്നിട്ടില്ല. ഈ വിഷമതയിൽ നിർഭാഗ്യവശാൽ ഭാരതത്തിന് പൂർണ്ണഭാഗവുമുണ്ട്. ഇപ്പോഴത്തെ ചിലവിനെ ചുരുക്കണമെന്നുള്ള അഭിപ്രായം നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നതുകൊണ്ട് കൂടുതലായ വിദ്യാഭ്യാസപ്രവൃത്തികൾ വിദൂരഭാവിയിൽ സ്ഥിതിചെയ്യുന്നതേയുള്ളു. അക്ഷരജ്ഞാനവിഹീനതയോട് മല്ലിടുകയും വിദ്യാഭ്യാസവിഷയത്തിൽ ഒരു ഉയർന്ന സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുള്ള രാജ്യങ്ങൾക്ക് ഇങ്ങനെയുള്ള നിശ്ചലനാവസ്ഥകൊണ്ടു ദോഷമുണ്ടാകയില്ലായിരിക്കാം. എന്നാൽ ഇൻഡ്യക്ക് വിദ്യാഭ്യാസച്ചിലവു ചുരുക്കുക എന്നുള്ളതു് അസഹനീയമത്രെ. വിദ്യാഭ്യാസച്ചിലവ് ഒരു ദേശീയനിക്ഷേപത്തിന്റെ രീതിയിലാണെന്ന് ഗവമ്മെന്റിനേയും ജനങ്ങളെയും മനസ്സിലാക്കുകയും, അതു പൊളിഞ്ഞുപോകാതിരിക്കുവാനായി സകല ശ്രമങ്ങളും ചെയ്കയും വേണ്ടതു് അദ്ധ്യാപകവൃത്തിയിലെ അംഗങ്ങളായ നിങ്ങളുടെ പ്രധാനചുമതലയാകുന്നു.

ഈയിടെയായി വിദ്യാഭ്യാസവിഷയത്തിൽ നിരന്തരമായ അഭിവൃദ്ധി വരുത്തിയിട്ടുള്ള പഞ്ചാബിലെ ജനങ്ങളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. സാമത്ഥ്യത്തോടും ചൊടിയോടും കൂടി പ്രവത്തിച്ചിട്ടുള്ള വിദ്യാഭ്യാസമേലദ്ധ്യക്ഷനായ സർ, ജാർജ്ജ് ആൻഡേർസനെയും പ്രത്യേകം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. വിജയകരങ്ങളായ പരിശ്രമങ്ങൾക്ക് ഡിപ്പാർട്ടുമെന്റു നമ്മുടെ സ്തുതിയെ അർഹിക്കുന്നുണ്ട്. കണക്കുകൾ പരിശോധിച്ചതിൽ 1921 മുതൽ 1930 വരെയുള്ള കാലത്തിനിടയിൽ അദ്ധ്യേതാക്കളുടെ എണ്ണം ഇരട്ടിച്ചിട്ടുണ്ട്. ആകെയുള്ള ജനസംഖ്യയോട് അദ്ധ്യേതാക്കളുടെ എണ്ണവുമായി തുലനം ചെയ്യുമ്പോൾ ശതമാനം മൂന്നിൽനിന്നും ആറായിട്ടുണ്ട്. ആൺകുട്ടികളുടെ സംഖ്യ പത്തു ശതമാനത്തെ കവിഞ്ഞിട്ടുമുണ്ട്.

ഈ അഭിവൃദ്ധി അഭിനന്ദനീയമായതുകൊണ്ടും, മററു പ്രവിശ്യകളിൽ അധികവും ഇതിനോടു സാമ്യം വഹിക്കുന്നില്ലാത്തതുകൊണ്ടും ഡിപ്പാർട്ടുമെന്റിനൊ, അദ്ധ്യാപകന്മാർക്കൊ, ജനങ്ങൾക്കൊ വിശ്രമം എടുക്കേണ്ട സമയം ആസന്നമായിരിക്കുന്നു എന്നു സ്വപ്നം കാണുന്നവരായി ഇവിടെ സന്നിഹിതരായിട്ടുള്ളവരിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. 1921-ലെ ജനസംഖ്യയനുസരിച്ച് (1931-ലെ കണക്കുകൾ ലഭിച്ചിട്ടില്ല) അഞ്ചും അതിനു മേലും പ്രായമുള്ള ആളുകളുടെ അക്ഷരജ്ഞാനത്തിന്റെ ശതമാനം പഞ്ചാബിനു നാലരയും ഇൻഡ്യക്കു മുഴുവനും 8·2—ം ആണ്. സ്ത്രീപുരുഷന്മാരെ പ്രത്യേകിച്ചെടുക്കയാണെങ്കി

ൽ സ്ത്രീകളുടെ സംഖ്യ പകുതിയിൽനിന്ന വളരെ കുറവും പുരുഷന്മാരുടെ സംഖ്യ പകുതിയേക്കാൾ അല്പം കൂടുതലുമാകുന്നു. 1931-ലെ ജനസംഖ്യക്കണക്കുകൾ കുറേക്കൂടി ആശാശനകമായിരിക്കുവാനിടയുണ്ട്. എന്നാൽ ഇൻഡ്യയുടെ സാമാന്യനിരപ്പിലെത്തുവാൻ ഈ പ്രവിശ്യക്ക് എത്രത്തോളം പ്രയത്നിക്കുവാനുണ്ടെന്ന് ഒരു ക്ഷണനേരത്തെ ചിന്ത നമ്മെ ബോദ്ധ്യപ്പെടുത്തുന്നതാണ്. പാശ്ചാത്യദേശത്തിലെ രാജ്യങ്ങളെപ്പററി ഇവിടെ ഒന്നും പറയേണ്ടതില്ല. അവിടെ അക്ഷരജ്ഞാനമില്ലാത്ത ഒരാളെ കാണുവാൻ പ്രയാസമാണ്. അവിടത്തെ വിദ്യാഭ്യാസം എല്ലാ വിഷയത്തിലും കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഒരു സാധാരണ സഞ്ചാരിക്കു മനസ്സിലാക്കാവുന്നതാണ്.

1930-ലെ സംഖ്യയനുസരിച്ചു പഞ്ചാബിൽ ആകെയുള്ള ജനസംഖ്യയിൽ 6.35 ശതമാനം സ്കൂളിൽ പഠിക്കുന്നുണ്ട്. സ്കൂളിൽ പോകുവാൻ പ്രായമുള്ളവരുടെ സംഖ്യ 15 ശതമാനമാണെന്നു നാം വിസ്മരിക്കരുത്. ബ്രിട്ടീഷിൻഡ്യയിലെ ശരാശരി 5.06 ശതമാനമാണെന്നുള്ള വാസ്തവം തന്നെ. പഞ്ചാബ് ഇതിനേക്കാൾ അഭിവൃദ്ധി കാണിക്കുന്നുണ്ടെന്നുള്ളതും ശരിതന്നെ. എന്നിരുന്നാലും സ്കൂളിൽ പോകുവാൻ പ്രായമായവരിൽ മൂന്നു കുട്ടികൾക്ക് ഒരാൾ മാത്രമെ പഠിക്കുന്നുള്ളൂ എന്നുള്ളതാലോചിക്കുമ്പോൾ സങ്കടപ്പെടേണ്ടിയിരിക്കുന്നു. കുട്ടികളേയും ഗൃഹത്തേയും ഭരിക്കത്തക്കവണ്ണമെങ്കിലും ജ്ഞാനം സമ്പാദിക്കേണ്ടവരായ ബാലികമാരിൽ 15-ന് രണ്ടു പേർക്കുപോലും വിദ്യാഭ്യാസത്തിലെ പ്രാഥമികകാര്യങ്ങളുമായി ബന്ധമില്ലെന്നു കാണുന്നതു് കുറേക്കൂടി സങ്കടകരമാകുന്നു. സ്കൂളിൽ പഠിക്കുവാൻ പ്രായമുള്ള എല്ലാ കുട്ടികളും ഏതെങ്കിലും പാഠശാലകളിൽ പഠിക്കുക എന്ന നിലയിലെത്തുന്നതിനു വളരെ പുറകിലാണ് നിങ്ങൾ എന്നു ധരിക്കണം. ആൺകുട്ടികളിൽ മൂന്നിൽ രണ്ടു ഭാഗം പഠിക്കുന്നുണ്ടെന്നുള്ളതു് ആശാസ്യം തന്നെ. ആകെയുള്ള ജനസംഖ്യയുടെ 15 ശതമാനനിലയിലെത്തുകയാണെങ്കിൽതന്നെ അക്ഷരജ്ഞാനം സർവ്വജനീനമാകണമെങ്കിൽ ഒരു ജനപരമ്പരകൂടി കഴിയണമെന്ന് നാം മനസ്സിലാക്കണം.

വിദ്യാഭ്യാസപ്രചരണത്തിനായി ഈ പ്രവിശ്യ ഒരു പുതിയ കാര്യപരിപാടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുവാൻ ഇപ്പോഴത്തെ സമയം ശുഭസൂചകമായ ഒന്നല്ല എന്നാൽ സാമ്പത്തികവിഷമതകൾ അവസാനിക്കുമ്പോൾ സൌജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന്റെ പരിധികളിൽ ഒരു ക്ലിപ്തകാലത്തിനുള്ളിൽ എത്തുന്നതിനുള്ള ഒരു സംരംഭം തുടങ്ങേണ്ടതാണ്. റഷ്യയിലെ സോവിയററ്ശാസ്ത്രത്തിലെ അടി

സ്ഥാനങ്ങളായ തത്വങ്ങളെ അഭിനന്ദിക്കുന്ന ഒരാളല്ല ഞാൻ. മഹത്തായ ഒരു ദേശീയസ്വാതന്ത്ര്യത്തിനു വേണ്ടി ആരംഭിച്ചിട്ടുള്ള പഞ്ചവത്സരപദ്ധതി രാഷ്ട്രീയപ്രവൎത്തകന്മാൎക്കും രാജ്യഭരണധുരന്ധരന്മാൎക്കും അഭിനന്ദനീയമായ ഒരു ഉദ്ദേശം തന്നെയാണു്. ഇത്തരത്തിലുള്ള ഒരു പ്ലാൻ ഉണ്ടായിരിക്കേണ്ട അത്യാവശ്യവും സുവ്യക്തവുമായ മാൎഗ്ഗങ്ങളിൽ ഒന്നു്, ഈ രാജ്യത്തിലെ അക്ഷരജ്ഞാനവിഹീനതയെ അകററുന്നതിനെ സംബന്ധിച്ചാണു്. അടുത്തുവരുന്ന ഭരണപരിഷ്കാരങ്ങളുടെ ഫലമായി ഇൻഡ്യയിൽ പൂൎണ്ണസ്വാതന്ത്ര്യമുള്ള പ്രാദേശികഗവൎമ്മെൻറുകൾ ഉണ്ടാകുമ്പോൾ, ഈ വിഷയത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒഴികഴിവു പറഞ്ഞു് ഒഴിഞ്ഞുനില്ക്കുവാൻ ഒരു പ്രവിശ്യക്കും കഴിയുന്നതല്ല. ഇതിനുവേണ്ടി വിസ്തരിച്ചുള്ള ഒരു പദ്ധതി സമൎപ്പിക്കുവാനുള്ള സന്ദൎഭം ഇതല്ല. പുതിയ പ്രാഥമികവിദ്യാഭ്യാസനിയമം അനുസരിച്ചു് ബങ്കാൾ സ്വീകരിച്ചുവന്നിട്ടുള്ള മാതൃക അനുസരിക്കുന്നതു് വിദഗ്ദ്ധമാകുമെന്നു തോന്നുന്നില്ല. അവിടെയും അതു നടപ്പിലായിട്ടില്ല. പ്രത്യേകം കരം പിരിക്കുക എന്ന അവിടത്തെ ഏൎപ്പാടു്—അതുകൂടാതെ ഇക്കാൎയ്യം ഇൻഡ്യയിൽ കാൎയ്യക്ഷമമായ വിധത്തിൽ നടക്കുന്നതല്ല—സാധിതപ്രായമാകേണ്ടിയിരിക്കുന്നു.

അക്ഷരജ്ഞാനപ്രചരണത്തിനു പുറമെ, പല മാൎഗ്ഗങ്ങളിലും വിദ്യാഭ്യാസത്തിന്റെ ഗുണത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഈ പ്രവിശ്യയിൽ പരിശ്രമങ്ങൾ ചെയ്യുന്നു എന്നു കാണുന്നതും തൃപ്തികരം തന്നെയാണു്. പ്രാഥമികപാഠശാലകൾ ധാരാളം സ്ഥാപിക്കുക, അക്ഷരജ്ഞാനരാഹിത്യത്തിൽ വീണ്ടും ആണ്ടുപോകാതിരിക്കത്തക്കവണ്ണം കുറെ കൊല്ലം കൂടി പഠിക്കുവാൻ കുട്ടികളെ സഹായിക്കുന്ന മിഡിൽസ്കൂളുകൾ വൎദ്ധിപ്പിക്കുക, പരിശീലനം സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ നിയമിക്കുക, പ്രായമായവൎക്കു വേണ്ടി വിദ്യാഭ്യാസമാരംഭിക്കുന്നതിനു ശ്രമിക്കുക, ഇൻറർമീഡിയററു് കലാശാലകൾ സ്ഥാപിക്കുക ഇവയാണു് കാൎയ്യക്ഷമമായ വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി അധികാരികൾ സ്തുത്യൎഹമാകുംവണ്ണം പ്രവൎത്തിച്ചിട്ടുള്ള മാൎഗ്ഗങ്ങൾ. ഇത്തരത്തിലുള്ള ജോലിയിൽ അതിശുഷ്കാന്തി പ്രദൎശിപ്പിക്കേണ്ടതും അത്യുന്നതമായ വിദ്യാഭ്യാസപഥത്തിലെത്തിക്കേണ്ടതും പഞ്ചാബ് അദ്ധ്യാപകസമ്മേളനത്തിന്റെ കൎത്തവ്യമാകുന്നു. സ്റ്റാൻറഡിനെ ഉയൎത്തുന്നതിനു്, മററുള്ള സ്ഥലങ്ങളിലെപ്പോലെ തന്നെ ഇവിടെയും, വളരെ ജോലി ചെയ്യുവാനില്ലെന്നു് ആൎക്കു പറയുവാൻ കഴിയും.? കഴിവുള്ളിടത്തോളം ഉന്നതമായ ഒരു നിലയിൽ ഈ പ്രവിശ്യയെ എത്തിക്കുന്നതുവരെ നിങ്ങളുടേതുപോലെ സുസംഘടിതമായ ഒരു സ്ഥാപനം വിശ്രമിച്ചുകൂടാത്തതാണു്.

# * അദ്ധ്യക്ഷപ്രസംഗം.

(എം. രാജരാജവർമ്മതമ്പുരാൻ എം. ഏ., ബി. എൽ.)

വിദുഷികളായ സോദരികളെ! വിദ്വൽകേസരികളായ സുഹൃന്മണികളേ! നിങ്ങൾക്കു നമസ്കാരം. പ്രണാമപുരസ്സരം നിങ്ങളോട് ഏതാനുമുണർത്തിക്കാനൊരുമ്പെടുന്ന എന്റെ സാഹസത്തിന് ദാക്ഷിണ്യം അപേക്ഷിച്ചുകൊള്ളുന്നു. അഭ്യസ്തവിദ്യന്മാർ പോലും വിജയദശമിദിവസം വിദ്യയാരംഭിക്കുന്നതു ഭാരതഭൂമിയിലെവിടെയും നടപ്പാണല്ലൊ. അതിനു സാക്ഷാൽ ഗുരുക്കന്മാരുടെ അഭാവത്തിൽ തദ്വംശജന്മാരിലൊരാളെ വരിച്ച് ആചാര്യദക്ഷിണ കൊടുക്കുന്നതു പതിവാണ്. അതിൻപ്രകാരം മഹാദേശികന്മാരായിരുന്ന കേരളകാളിദാസന്റെയും കേരളപാണിനിയുടെയും കുലശേഷം ആ പാരമ്പര്യത്തിലുള്ളവനാണെന്നുള്ള അഭിമാനത്തെ കരുതി നിങ്ങളെനിക്ക് ആചാര്യസ്ഥാനം നൽകീട്ടുള്ള അനുഗ്രഹത്തിന് ഞാനതിമാത്രം കൃതജ്ഞനായിരിക്കുന്നു. ആ ഗുരുപാദങ്ങളുടെ അനുഗ്രഹവും നിങ്ങളുടെ സൌഹാർദ്ദപുരസ്സരമായ ദാക്ഷിണ്യവും മാത്രമേ ഈ വമ്പിച്ച പണ്ഡിതമണ്ഡലത്തിലുരിയാടാൻ എന്നെ ശക്തനാക്കുന്നുള്ളു.

ഇന്നാണല്ലൊ സാഹിത്യപരിഷത്തിന് അഞ്ചു വയസ്സു തികഞ്ഞെഴുത്തിനിരുത്തുന്നത്. അതുകൊണ്ടു 'ഹരിഃ ശ്രീ' എന്നു ചൊല്ലിത്തുടങ്ങുന്നതിൽ അലൌകികമൊ പുനരുക്തിദോഷമൊ ഇല്ലായിരിക്കാം. എങ്കിലും ചർവിതചർവണം ചെയ്തു അരങ്ങു മുഷിപ്പിക്കുന്നതിനേക്കാൾ, നാമിതുവരെ സാധിച്ച കാര്യമെന്തെന്ന് പിന്തിരിഞ്ഞു നോക്കുന്നതാണു പ്രയോജനമേറെയുള്ളത്. ആണ്ടുതോറും കൂടുന്ന ഈ മാമാങ്കത്തിന് ഉപയോഗമൊ, ചുമതലയൊ, ക്രിയാകുശലതയൊ ഇല്ലെന്നു സാമാന്യേന ഒരു അഭിപ്രായമുണ്ടെന്നു നാം അറിയാത്തതല്ല. പിന്നെ ഈ സാഹസത്തിനും പാഴ് ചെലവിനും എന്തിനു യോഗ്യന്മാർ ഉദ്യമിക്കുന്നു എന്നൊരു ആകാംക്ഷയ്ക്കു വകയുണ്ട്. ഒരു കാര്യം നാം നല്ലപോലെ ഓർമ്മിക്കണം. വെട്ടും കിളയും കൂടാതെ സസ്യങ്ങൾ വളരുന്നില്ല; കാടു തെളിച്ചിട്ടല്ലാതെ പുതുനാടു പിടിക്കുന്നില്ല; ആദ്യം കണ്ണടച്ചു വിലവഴിച്ചതിനു മേലല്ലാതെ ഫലംകിട്ടുന്ന ഒരു മഹോദ്യമമുണ്ടോ? പ്രദർശനങ്ങൾക്കും പരസ്യങ്ങൾക്കും പ്രയോജനം എത്രത്തോളമുണ്ടെന്ന് നമ്മുടെ നാട്ടുകാരല്ല വിദേശീയരാണ് അധികം അറിഞ്ഞിട്ടുള്ളത്. കോടിക്കണക്കിനു അമേരിക്കർ അതിനു ചെലവഴിക്കുന്നുണ്ടെന്ന് വർത്തമാനപ്പത്രങ്ങളിൽ ഞാൻ വായിക്കയുണ്ടായി. സ്വല്പസാരം

* എറണാകുളത്തുവച്ചു നടന്ന സാഹിത്യപരിഷത്തിലെ അദ്ധ്യക്ഷപ്രസംഗം.

പാടിത്തുടങ്ങുമ്പോൾ തന്നെ പല്ലവിക്കു താളം പിടിച്ചു തുടങ്ങുന്നവൎക്ക് ഇച്ഛാഭംഗത്തിനാണവകാശം.

എങ്കിലും താളവും സ്വരവും ശൃംഖലങ്ങളാണോ എന്നു നോക്കേണ്ടതു അത്യാവശ്യമാണ്. അതിനു കോട്ടം തട്ടിയാൽ അടിയോടെ പിഴക്കും. ജീവനാഡിയായ ഭാഷ സമുദായത്തിന്റെ മുഖമാകുന്നു. ഉള്ളിലുണ്ടാവുന്ന വികാരങ്ങൾ മുഖത്തു സ്ഫുരിക്കുംപോലെ ഭാഷയും അവയെ പ്രതിഫലിപ്പിക്കുന്നു. ഇന്നത്തെ സമുദായത്തിന്റെ പ്രധാനനോട്ടം ദേശീയബോധത്താൽ വ്യാപ്തമായിരിക്കുന്നു എന്നു പറയുന്നതിൽ വലുതായ തെറ്റുണ്ടെന്നു തോന്നുന്നില്ല. വിഷാദദീനമായ ഈ വാഞ്ഛിതത്തിനോട് സ്വാതന്ത്ര്യസമത്വാദിബോധങ്ങൾ കലൎന്നപ്പോൾ ഉണ്ടാകുന്ന ഫലങ്ങളാണ് ഇന്നു സാഹിത്യലോകത്തിൽ മുഴച്ചുനില്ക്കുന്നത്. ചെന്തമിൾതറവാട്ടിൽ പെറ്റുവളൎന്ന കുട്ടി, ഗീൎവ്വാണിയെ വേട്ട്, പ്രഭവിഷ്ണുതാസംബാധത്തോടെ പദവിയിൽ കഴിഞ്ഞിട്ട്, ജനിച്ച കുടുംബത്തിലേക്കു തിരിച്ചു പുറപ്പെട്ടിരിക്കുന്ന ഘോഷയാത്രയാണ് ഇന്നു മലയാളത്തിൽ നാം കാണുന്നത്. ഇരുകൂട്ടരുടെയും പരിച്ഛദകൾ കൂടിക്കലൎന്നപ്പോൾ തിക്കും തിരക്കും ഒട്ടും എളുതല്ല. തിരക്കേറുമ്പോൾ ഉന്തുംതള്ളുമുണ്ടാകുന്നതു സഹജമാണ്. കാളികൂളികളും കൂട്ടക്കൂട്ടം. നിയമലംഘനങ്ങളും തോന്ന്യാസങ്ങളും അട്ടഹാസങ്ങളും ഒഴിച്ചുകൂടുന്നവയല്ല. ഇങ്ങനെയുള്ള അവസ്ഥയിൽ മാന്യരായുള്ളവർ ഉള്ളിലേക്കു പിൻവാങ്ങിയിരിക്കയാണു ചെയ്യുന്നത്.

ഇതല്ലേ ഇന്നത്തെ കേരളസാഹിത്യലോകത്തിന്റെ നില? തറവാട്ടുഭാഗം കഴിഞ്ഞപ്പോൾ കാരണവരാരും ഇല്ലാതായതുപോലെ, സാഹിത്യലോകത്തിനു സൎവ്വാദൃതരായ നേതാക്കളില്ലാതെ ചമഞ്ഞിരിക്കുന്നു. അതിനൊരു പരിഹാരമുണ്ടായെങ്കിലല്ലാതെ പുരോഗമനത്തിനു മാൎഗ്ഗമുണ്ടാകുമോ എന്നു സംശയമാണ്. സ്വാതന്ത്ര്യം കലാകുശലതയ്ക്കു പ്രതിബന്ധമാണെന്ന് ഒരു ദുർബോധം പലൎക്കുമുണ്ട്. ജീവനസംരക്ഷണത്തിന് അധിഷ്ഠാനമായ ധനാഗമനത്തിനുത്സുകരായ ജനങ്ങൾക്ക് അന്തഃകരണചിന്താസന്താനമായ കലാവിലാസമെവിടെ വരുന്നു എന്നവർ ചോദിക്കുന്നു. ഇര തേടിനടന്ന് ഉപജീവിക്കുന്ന കാട്ടുജനങ്ങൾക്കുപോലും മാനസോല്ലാസാവസരങ്ങളുണ്ടെന്ന് നമുക്കു പ്രത്യക്ഷമാണല്ലോ. അന്നന്നു വേല ചെയ്തു കാലക്ഷേപം ചെയ്യുന്ന ചെറുമർ, കുറവർ, വേടർ മുതലായ സഹോദരങ്ങളിൽ വിലസുന്ന പ്രതിഭാശക്തിയും പ്രകൃതിവിലാസവും പരിഷ്കാരശൃംഖലയിൽ അകപ്പെട്ടുഴലുന്ന നമ്മുടെ ഇടയിൽ കണ്ടുമുട്ടുന്നില്ലെന്ന് അവരുടെ ഗാനങ്ങൾ വിളിച്ചുപറയുന്നുണ്ട്. സ്വാതന്ത്ര്യം മനോനിർവ്വാണവിച്ഛേദമല്ല; വാസനാകവനപോഷകമാണ്.

പ്രകൃതിസിദ്ധമായ വാസനാകന്ദം വളമേററാൽ തഴച്ചുവരും. വിദ്യാഭ്യാസമത്രെ അതിനുള്ള ദോഹദം. പരിതോവർത്തികളായ സ്ഥിതികൾക്കനുസരണം വിദ്യാഭ്യാസത്തിൻെറ പോക്കിനും ഉദ്ദേശ്യത്തിനും മാററം വരുന്നു. ജീവിതം ലഘുവും സാധനങ്ങൾ സുലഭവുമായിരിക്കുന്ന കാലം മനഃപ്രവൃത്തിക്കു മൂർച്ചകൂടി പ്രകൃതിതത്വഗവേഷണത്തിൽ പ്രാവീണ്യമുദിക്കുന്നു. ദുർഘടമായ ഉപജീവനം മനസ്സിനെ ക്രിയാപദ്ധതികളിലേക്കാണു നയിക്കുന്നതു്. ഒന്നു് പ്രൗഢകവനങ്ങളേയും മഹാശാസ്ത്രതത്വദർശനങ്ങളേയും, മററതു് നാടകാദികവിതകളേയും സദ്യഃഫലദായികളായ പ്രയോഗങ്ങളേയും ഉദ്ദീപിപ്പിക്കുന്നു എന്നു് സാധാരണ പറയാം. ഈ മാററം മലയാളസാഹിത്യത്തിനു പററിയിട്ടുണ്ടെന്നുള്ള അഭിപ്രായം എനിക്കു മാത്രം തോന്നീട്ടുള്ളതല്ല. തുഞ്ചൻ, കുഞ്ചൻ, ഉണ്ണായി, തമ്പി, തമ്പുരാൻ, നമ്പൂരി, ഭട്ടതിരി എന്നിങ്ങനെ പേർകേട്ട പ്രൗഢകവിപുംഗവന്മാരുടേയും അവരുടെ ഇന്നത്തെ സന്താനങ്ങളുടേയും കവനങ്ങൾ തമ്മിലുള്ള താരതമ്യം പണ്ഡിതാഗ്രസരരായ നിങ്ങൾ ക്ഷണമൊന്നു നിരൂപിക്കുമ്പോൾ ഞാൻ നിർദ്ദേശിക്കുന്ന ശൈഥില്യം സ്പഷ്ടമാകും. ഒന്നു് കാവ്യകലാപോഷണമാത്രപ്രതിഫലങ്ങളും, മറേറതു് ധനായാഭ്രമാവേശജടിലങ്ങളുമായി കാണപ്പെടുന്നതു് കവികളുടെയല്ല, കാലത്തിൻെറ ഗതിഭേദത്താലുണ്ടാകുന്ന പരിണാമമാകുന്നു. ശീലംകൊണ്ടുണ്ടാകുന്ന രുചിഭേദം നാവിനെന്നപോലെ മനോവ്യാപാരങ്ങളേയും പരാമർശിക്കുന്നുണ്ടു്. ഏതു നാട്ടിലെ സാഹിത്യസരണിയിലും ഈ മാതിരി സങ്കോചവികാസങ്ങൾ പ്രത്യക്ഷീഭവിക്കുന്നു. എലിസബത്തു് മഹാരാജ്ഞിയുടെ കാലത്തുണ്ടായിരുന്ന സാഹിത്യശൈലിയാണോ വിക്ടോറിയാ മഹാരാജ്ഞിയുടെ കാലത്തുണ്ടായിരുന്നതു്? അതും പോയില്ലേ ഇന്നു്?

അതുകൊണ്ടൊന്നും ഹാനി പററാനില്ല. മഹാകാവ്യങ്ങൾ ഖണ്ഡകൃതികളായതുകൊണ്ടോ, സംസ്കൃതവൃത്തം ദ്രാവിഡഗീതങ്ങളായതുകൊണ്ടോ, ആഖ്യായികകൾ ചെറുകഥകളായതുകൊണ്ടോ അല്ല അപകടമുണ്ടാകാവുന്നതു്. ചന്തി തിരിച്ചു കാട്ടുന്ന ഗോഷ്ടികൾ കൊണ്ടാണു്. ആഭിജാത്യഭ്രമം സാമുദായികനീതിക്കുതകുന്നതല്ലെങ്കിൽ സാഹിത്യലോകത്തിൽ അതു് അതിലേറെ കണ്ടകമായിരിക്കാനല്ലാതെ തരമില്ല. മലയാളത്തിൽ സാഹിത്യം ധാരാളമുണ്ടാകുന്നുണ്ടു്. ചിലരെഴുതിയാൽ ഏതും നന്നെന്നും ചിലരായാൽ സ്വീകാര്യമല്ലെന്നും വന്നുപോയാൽ വർഗ്ഗീയമത്സരം അതിലും ചാടിവീഴും. അതു വരാതെ നേർവഴി കാട്ടുന്നതിനു് പത്രങ്ങൾക്കും മാസികകൾക്കുമുള്ള ചുമതല ചില്ലറയല്ല. കേരളത്തിലുള്ളതുപോലെ അനവധി പത്രങ്ങളും മാസികകളും ഭാരതത്തിലുള്ള മററു രാജ്യവിഭാഗങ്ങളിൽ പ്രചരിക്കുന്നുണ്ടോ എന്നു സംശയമാണു്. അക്ഷരജ്ഞാനം കൂടുതലു

ള്ള ജനസമുദായവും കേരളത്തിലാണ്. തന്നിമിത്തം പത്രപ്രവൎത്തനത്തിൽ ചുമതലയേററിരിക്കുന്നവരുടെ ഭാരം അനല്പമാകുന്നു. അവരുടെ ചരടിലാണ് ഭൂരിപക്ഷം കൂത്താടുന്നതു്. സാഹിത്യത്തെ വൎഗ്ഗീയകലഹങ്ങളിൽ കളിയാടാതെ നേർവഴി സഞ്ചരിപ്പിക്കുന്നതിനും തദ്വാരാ, സമുദായോന്നമനമുണ്ടാക്കി ഉത്തമഗ്രന്ഥനിൎമ്മാണത്തെ പോഷിപ്പിക്കുന്നതിനും അവൎക്കു കഴിയും. ഭാഷയുടെ മേൽഗതിക്കും അവർ തന്നെയാണ് കാൎയ്യക്കാർ.

മറെറാരു വലിയ കാൎയ്യവും അവർ നേടിത്തരേണ്ടതുണ്ട്. സംഭൂയസമുത്ഥാനം കൊണ്ടാണ് വൻകാൎയ്യങ്ങളെല്ലാം നേടുന്നതെന്നു പാശ്ചാത്യജനങ്ങളുടെ ദൃഷ്ടാന്തം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ നാട്ടിലെ മണ്ണിൽ ആ വിത്തു വിതച്ചാൽ വളരുന്നില്ലെന്നു വരുമോ? ജാതിവിഭാഗം കൊണ്ടും, തറവാട്ടുഭാഗംകൊണ്ടും, ഗ്രാമബന്ധത്തിൻെറ അഭാവംകൊണ്ടും ഒററയ്ക്കു പിരിഞ്ഞിരിക്കുന്നവൎക്ക് കൂട്ടുകെട്ടുണ്ടാവുന്നതസാദ്ധ്യമല്ലെ എന്നു നിങ്ങൾ ശങ്കിക്കുന്നുണ്ടോ? എന്നാൽ ഇന്നു കാണുന്ന സഹകരണപ്രസ്ഥാനങ്ങളൊന്നും നമ്മുടെ ഇടയിൽ നടപ്പാകാൻ തരമില്ലായിരുന്നു. സ്വാതന്ത്ര്യസമ്മേളനം നിർബന്ധസംയോഗത്തെക്കാൾ ഊൎജ്ജസ്വലമാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഒന്നിൽ പരസ്പരാഭിമുഖ്യം മനഃപൂൎവ്വവും മറേറതിൽ പരപ്രേരിതവുമാണ്. നമ്മുടെ വൎത്താവ്യാപാരികൾ ഒന്നുചേൎന്ന് സാഹിത്യപോഷണത്തിൽ ദത്തദൃഷ്ടികളായാൽ വലുതായ അനുഗ്രഹമായി. ആംഗ്ലഭാഷയിൽ എന്നല്ല മററു യൂറോപ്യൻഭാഷകളിലും മഹാനിഘണ്ടുക്കളും ബൃഹൽഗ്രന്ഥമാലകളും അവരുടെ ആദ്യവസാനത്തിൽ ഉണ്ടായിരിക്കുന്നതാണല്ലോ. വൻതോതിലുടനേ സാദ്ധ്യമല്ലെങ്കിലും, ആ മാതിരി ഉദ്യമം നമുക്കും അനുകരണീയമാണ്. യോഗ്യന്മാരെ കുത്തിപ്പൊക്കി ആ മാതിരി ഗ്രന്ഥങ്ങളെ രചിപ്പിക്കാൻ മലയാളപത്രസംഘങ്ങൾക്കു സാദ്ധ്യമാകുമെന്നാണ് എൻെറ ഉത്തമവിശ്വാസം. ഏറെത്താമസിയാതെ മലബാറിൽവച്ച് പത്രപ്രവൎത്തകന്മാരുടെ ഒരു മഹാസംഘം നടക്കുമെന്ന് ഞാൻ ഈയിടെ വായിച്ചു. അപ്പോൾ ഈ വിഷയം അവരുടെ ചിന്തയിൽ ഉൾപ്പെടുമെന്നു മോഹിക്കാം.

ഗ്രന്ഥപാരായണത്തിനുള്ള അഭിരുചി വൎദ്ധിപ്പിച്ചെങ്കിലല്ലാതെ നിൎമ്മാണത്തിനു പ്രയോജനമില്ലെന്നുള്ള വസ്തുത മറക്കാവതല്ല. വായിക്കാൻ കൌതുകമിന്നു ധാരാളമുണ്ട് അതിനു നേർവഴി കാണിച്ചുകൊടുക്കണമെന്നേയുള്ളു. അതിനു നിരൂപണവും ഉദ്ഘോഷണവും സൎവ്വപ്രധാനങ്ങളാണ്. അതുകൊണ്ടാണ് വിദേശകവനങ്ങൾ നമ്മുടെ ഇടയിൽപോലും വിലയഴിയുന്നതു്. സമുദായേങ്ഗിതങ്ങളെ ഗ്രഹിച്ച് തദനുഗുണങ്ങളായ ഗ്രന്ഥങ്ങളെ രചിപ്പിച്ചു പരസ്യപ്പെടുത്തുന്നതിൽ മററുള്ളവർ പ്ര

ദർശിപ്പിക്കുന്ന സാമർത്ഥ്യത്തിൽ പത്തിലൊന്ന് നമ്മുടെയിടയിലുണ്ടായിരുന്നെങ്കിൽ മലയാളത്തിന്റെ മേൽഗതി സിദ്ധമായി.

ഇപ്പോൾ നമ്മുടെ കണ്ണുകൾ മറുനാട്ടിലേക്കു ഉഴിഞ്ഞിരിക്കയാണ്. ഇന്നത്തെ ദൂരപ്രകാശിനി കൊണ്ട് വീട്ടിലുള്ളതല്ല മറുനാട്ടിലുള്ളതാണു നാം കാണുന്നത്. നന്നല്ലെന്നല്ല ഞാൻ പറയുന്നത്. വീട്ടിലുള്ളവരെ പട്ടിണിക്കിട്ടു വച്ച്, മററുള്ളവരെ മൃഷ്ടാന്നമൂട്ടുന്ന വൈരാഗ്യം സ്വദേശസ്നേഹത്തോട് അനുരൂപമാണോ എന്നു ആലോചിക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നത്. "വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടും" എന്നല്ല പഴമൊഴി.? സ്വന്തഭാഷയ്ക്കുയർച്ച വരാതെ ഹിന്ദിയോ, ഹിന്ദുസ്ഥാനിയോ, ഗ്രീക്കോ, ലത്തീനോ വശമാക്കിയാലും എന്താണു പ്രയോജനമെന്ന്, ഏതാണ്ടൊരു നൂററാണ്ടിനു മേലുള്ള ഇംഗ്ലീഷുപഠിത്തം വ്യക്തമാക്കിട്ടുണ്ടല്ലോ. "വീട്ടിൽ തിരിച്ചെല്ലാട്ടവിൽ; അന്നിട്ടുമഷ്ടിപോലും കിട്ടാഞ്ഞു കഷ്ടതകൾ വന്നണയുന്ന നേരം" അപ്പോഴവനുള്ളതു മാത്രമേ എന്നുമുതകു; മററുള്ളതെല്ലാം ഏച്ചുകെട്ടിയതുപോലെ മുഴച്ചുനില്ക്കും.

സ്വഭാഷാഭിമാനികളായ നിങ്ങളോടു ഞാനിത്രയേറെ വാദിക്കേണ്ടതില്ലെന്നു എനിക്കു ബോധമുണ്ട്. എങ്കിലും കാഴ്ച കാണുമ്പോൾ കണ്ണുണ്ടെന്നുള്ള വസ്തുത മറന്നുപോകാറുള്ളതുപോലെ, അനുവ്യഞ്ജനവിഷയങ്ങളുടെ ആധിക്യത്തിൽ സ്വന്തകാര്യം വിസ്മരിച്ചുപോയേക്കാം. ലോകത്തിന് അനശ്വരസമ്പത്തു നേടിക്കൊടുത്ത എഡിസൺ എന്ന മഹാനായ അമേരിക്കൻ പുതുയന്ത്രനിർമ്മാണത്തിൽ മുഴുകി ആഹാരരഹിതനായിത്തീരാറുണ്ടെന്നുള്ള കഥ സുപ്രസിദ്ധമാണ്. യോഗികൾക്കും അപ്രകാരം വരുന്നില്ലേ? വ്യാമോഹമുണ്ടാകുമ്പോൾ ബുദ്ധിമാന്മാർക്കും അടുത്തുള്ള കാര്യങ്ങളെ ഉൽബോധിപ്പിക്കേണ്ടതായിരിക്കുന്നു. ഈ പ്രയോജനത്തെയാണ് ഈ മഹാസദസ്സു പ്രധാനമായി ഉദ്ദേശിക്കുന്നത്. ആണ്ടുതോറും നാമൊന്നിച്ചു കൂടുമ്പോഴെങ്കിലും നമുക്കു വലുതായ ഒരു ചുമതലയുണ്ടെന്നും, അതിനെ അല്പമെങ്കിലും നാം വ്യക്തിപൂർവ്വമായോ സംയോഗമൂലമായോ നിറവേററീട്ടുണ്ടോ എന്നും തിരിഞ്ഞുനോക്കാനിടവരുമെന്നത്രെ എന്റെ മോഹം.

ഓരോ കൊല്ലങ്ങളിലുമുണ്ടാകുന്ന ഗ്രന്ഥങ്ങളെ ശേഖരിച്ച് ഒരു വിവരണം കിട്ടുമായിരുന്നെങ്കിൽ മലയാളസാഹിത്യത്തിന്റെ ഗതിയെപ്പററി ഗണിക്കാമായിരുന്നു. അതിനു തക്കതായ ഒരു സംഘം നിർമ്മസൃഷ്ടമായുണ്ടായിരുന്നെങ്കിലുണ്ടാകുന്ന ഉപയോഗം ചില്ലറയല്ല. സാഹിത്യപരിഷത്തിന് ആ അധികാരം നല്കാൻ ഗവമ്മെൻറുകൾ അനുഭാവമുള്ളവരാകുമോ എന്നു പരീക്ഷിക്കാനുള്ളതാണ്. ആ പരീക്ഷയിൽ ജയം നേടണമെങ്കിൽ നമ്മുടെ സംഘടനയ്ക്കു ദാർഢ്യവും അന്തസ്സുമുണ്ടെന്ന് സർക്കാരിനു ബോധ

മുണ്ടാകണം. അതിനു മനഃപൂർവ്വമായ ഉത്സാഹവും പരമാർത്ഥമായ പരിശ്രമവും ദുർമ്മത്സരാഹിത്യവും കൂടാതെ സാധിക്കുന്നതല്ല. നമ്മുടെ സംഘത്തിന് നിയമാനുസരണം ഒരു സ്ഥിരപ്രതിഷ്ഠ ലഭിക്കണം. സ്വത്തില്ലാത്ത സംഘം ജീവനില്ലാത്ത വൃക്ഷംപോലെ മുറിച്ചു തള്ളിപ്പോകും. വീട്ടും കുടിയുമില്ലാതെ അലഞ്ഞുനടക്കുന്ന കാലക്ഷേപം വെടിഞ്ഞെങ്കിലല്ലാതെ മാന്യതയ്ക്കു പാത്രമാകയില്ല. ഇതെല്ലാം സുലഭമല്ലെന്ന് ആർക്കുമറിയാം. സ്ഥിരോത്സാഹമൊന്നുകൊണ്ടു വേണം കാലാന്തരത്തിലെങ്കിലും ഇതു സാധിക്കാൻ. അതിനുള്ള ഉപായങ്ങളെ ചിന്തിക്കുന്നതിനാണ് നമ്മുടെ പ്രധാന ഉദ്ദേശ്യം. പ്രവൃത്തിപദ്ധതികളെപ്പററി ചിന്തിക്കുന്നതിന് ഒരു വിദഗ്ദ്ധസംഘം കൂടുന്നുണ്ട്. അവരുടെ അഭിപ്രായങ്ങൾ അറിഞ്ഞതിനു മേൽ നമുക്കു നിർണ്ണയങ്ങൾ ചെയ്യാം. ഏതായാലും കേവലം പ്രസംഗങ്ങളെക്കൊണ്ടും വിനോദങ്ങളെക്കൊണ്ടും കാലയാപനം ചെയ്യാനുള്ള കാലം കഴിഞ്ഞു. ഈ സദസ്സിൽ ഗവൺമെന്റുകൾക്കും ജനങ്ങൾക്കും വിശ്വാസം ജനിപ്പിക്കാനുള്ള കാലമാണിതു്. ഈ വിദഗ്ദ്ധസംഘത്തിന്റെ അംഗീകരണമുദ്ര ലഭിക്കുന്ന ഗ്രന്ഥങ്ങൾക്കു വിലയുണ്ടെന്നു വന്നാൽ ഇന്ന് ബുക്കുകമ്മിററിക്കാരും മററും ചെയ്തുവരുന്ന കഷ്ടതകൾക്ക് ആശ്വാസമുണ്ടാകുന്നതോടുകൂടി, ഭാഷയ്ക്ക് ഐകരൂപ്യവും പുഷ്ടിയും വന്നു മേലുള്ള സന്താനപരമ്പരകൾക്കു മാതൃഭാഷയോട് അഭിമാനവും അഭിരുചിയും വർദ്ധിച്ചുവരികയും ചെയ്യും. അതിനു നാം തയ്യാറില്ലെങ്കിൽ ഇപ്പോൾതന്നെ ഏറ്റു കെട്ടുന്നതായിരിക്കും ഉത്തമം. തൃശ്ശിവപേരൂരിൽ വച്ചു നടന്ന സമ്മേളനത്തിൽ ഈ സംഗതികളെപ്പററി ചില നിശ്ചയങ്ങൾ ചെയ്കയും നിയമങ്ങൾ സൃഷ്ടിക്കയും ചെയ്തിരുന്നു. അവ എന്തുകൊണ്ടു നടപ്പിലായില്ലെന്നു നിശ്ചയമില്ല. ആരുണ്ടതാവും അപ്രകാരം ചെയ്യുന്നതുകൊണ്ട് ഫലസിദ്ധി കരസ്ഥമാകുന്നതല്ല. ദേശീയമത്സരം സാഹിത്യവിഷയത്തിൽ കടന്നുകൂടിയാലുണ്ടാകുന്ന കലഹം നമ്മുടെ സുസ്ഥിതിയ്ക്കു ഹാനികരമാകാതെ തരമില്ല. ഒരു നായകന്റെ നേതൃത്വം കൂടാതെ ഏതു സന്നാഹവും പുരോഗമനം ചെയ്യുന്നില്ലെന്നു സർവ്വവിദിതമാണ്. നാമെല്ലാവരും കേരളീയരാണെന്നുള്ള ബോധമല്ലാതെ, തിരുവിതാംകൂറുകാരനാണ്; കൊച്ചിയിലുള്ളയാളാണ്; മലബാർകാരനാണ്; എന്നുള്ള വ്യക്തിബോധം മുൻനിറുത്തി അവരവരുടെ ഭാഗം മുറുകെപ്പിടിച്ചാൽ ഒന്നും നടക്കയില്ലെന്നു വരും. അതുകൊണ്ടല്ലേ കേരളകലാശാലയുടെ ആവിർഭാവം താളത്തിലായതു്? ഏതേതു നാട്ടുകാർക്ക് ഏതേതു വിഷയത്തിൽ വാസനയോ പ്രാവീണ്യമോ ഉണ്ടോ അതിനെ പൊതുവായ ഉപയോഗത്തിനുവേണ്ടി പോഷിപ്പിക്കുന്നതു് യുക്തമത്രേ.

ഇനി നമുക്ക് സാഹിത്യത്തിന്റെ ഇന്നത്തെ നിലയെപ്പററി അ

ല്പം നോക്കാം. സ്വാതന്ത്ര്യം, അനുകരണം, തർജ്ജമ എന്നീ മൂന്നു മാതിരി സാഹിത്യങ്ങളുള്ളവയിൽ ആദ്യത്തേതു് കുറവും, മറ്റുള്ളവ രണ്ടും അധികവുമായിട്ടാണു് മലയാളത്തിൽ കണ്ടുവരുന്നതു്. ചെറുകഥകളും ഖണ്ഡകൃതികളും പ്രഹസനങ്ങളെന്നു പേർ പറഞ്ഞുവരുന്ന ഗദ്യനാടകങ്ങളും, സാമുദായികസ്ഥിതികളെ പരാമർശിച്ചുണ്ടാവുന്നുണ്ടെങ്കിലും, സാഹിത്യസാമാന്യം ഇന്നും പുരാണേതിഹാസങ്ങളെ ആശ്രയിച്ചുതന്നെ കഴിഞ്ഞുകൂടുന്നു. ടാഗോർപ്രസ്ഥാനമെന്നു പേർപെററിരിക്കുന്ന ഒരുവക അന്യാപദേശകവനങ്ങളും ഇന്നു നടപ്പായിട്ടുണ്ടു്. അതിനുള്ള ചമല്ക്കാരം അലബ്ധകൌശലന്മാരുടെ കൈയിൽ നഷ്ടമായി രസാഭാസത്തെ ജനിപ്പിക്കാതിരിക്കുന്നില്ല. സാഹിത്യത്തിന്റെ കുറവു സംഗീതംകൊണ്ടു നികത്താമെന്നു് ചിലർ കരുതുന്നു. ആംഗ്ലഭാഷയിൽ ഷേക്സ്പീയർമഹാകവി സ്ഥിരീകരിച്ച 'ബ്ലാൻക്‌വേർസ്' എന്നു പേരുള്ള പ്രാസരഹിതവൃത്തരീതി മലയാളത്തിൽ വരുത്തുന്നതിനു മാതൃഭാഷയായ തമിഴിൽനിന്നു പകർത്തിയിരിക്കുന്ന ഈ പാടൽശൈലിയെ പോഷിപ്പിക്കുന്നതു് വാസനാകവികളുടെ കടമയാകുന്നു. അല്ലാതെ വർത്തമാനക്കുത്തുകളും പദ്യത്തിലെഴുതുമ്പോലെ കാകളിയും അന്നനടയും എഴുതാൻ തുടങ്ങിയാൽ അതു് ഒരു വീൺകളിയും പിൻനടയുമായിപ്പോയേക്കും. കൃത്രിമരൂപങ്ങളും അതിനൊരംഗമായിത്തീർന്നിട്ടുണ്ടു്. "അഭിനവകാവ്യാദർശം" എന്നു പേരിട്ട ഒരു ലേഖനം "ഗുരുനാഥൻ" മാസികയിൽ ഒരു രസികൻ എഴുതിയിരുന്നതു് ഞാൻ വായിക്കയുണ്ടായി. അതിലെ കാരികകളിൽ വളരെ യാഥാർത്ഥ്യമുണ്ടെന്നു് എനിക്കു തോന്നി.

(തുടരും)

## * ഝർക്കൻഡ് വനങ്ങളിൽ.

(പഴരാണികാര്യകാലകഥ)

(സ്നേഹലത)

സാനുപ്രദേശത്തിൽ അവസാനിക്കുന്ന ഒരു കുന്നിന്റെ മുകളിലായി ശില്പകലയുടെ പാരമ്യതയൊന്നും കാണ്മാനില്ലെങ്കിലും ബലിഷ്ഠമായ ഒരു കോട്ട കല്ലുകൊണ്ടു നിർമ്മിച്ചതായി കാണുന്നുണ്ടു്. പ്രകൃതിരമണീയമായ

* ഛോട്ടാനാഗപുരം.

ആ സ്ഥലത്തിന്റെ സമീപപ്രദേശത്തായി കറുത്ത നിറം, പ്രസന്നകായം, എങ്കിലും സൗകുമാര്യമുള്ളവരായി ഏതാനുമാളുകൾ വില്ല്, അമ്പ്, ഇരുമ്പു കൊണ്ടും കല്ലുകൊണ്ടും നിർമ്മിച്ചിട്ടുള്ള ചില ആയുധങ്ങൾ എന്നിവയോടു കൂടി കാണപ്പെടുന്നു. സംഗ്രാമസന്നദ്ധരായ അവർ നിർന്നിമേഷരും, ധീരരും, സന്നദ്ധരും ആണെന്നു തോന്നുന്നു. ശംഖംകൊണ്ടും ചായംതേച്ചു മിനുസംവരുത്തിയിട്ടുള്ള ചില കായ്കൾകൊണ്ടും ഉണ്ടാക്കിയിട്ടുള്ള മാല കഴുത്തിലും, പരുക്കനായി മാത്രം നെയ്തിട്ടുള്ള വസ്ത്രം അരയിലും ഇവർ ധരിച്ചിട്ടുണ്ട്. ഒരു ശത്രുവിനെ പ്രതീക്ഷിച്ചുകൊണ്ടാണു ആ കറുത്ത ഭടന്മാർ അവിടെ നില്ക്കുന്നതു്.

സൂര്യകിരണങ്ങൾക്കുപോലും സുഖപ്രവേശം അനുവദിച്ചിട്ടില്ലാത്ത ഈ ജർക്കൻഡ് വനങ്ങളെ തരണംചെയ്യുന്ന ശത്രു ആരാണ്? ഗംഗാതീരങ്ങളെ ഉപേക്ഷിച്ച് വിജിഗീഷുക്കളിൽ നിന്നു പലായനംചെയ്തു പാറകൾ നിറഞ്ഞതും കാടുകൊണ്ട് ആവൃതവുമായ ഈ പ്രദേശത്തെ ആ കൃഷ്ണവർണ്ണക്കാർ അഭയം പ്രാപിച്ചു. ഇവിടെ നിർമ്മലമായ അരുവികൾ പാറകളിലും മണലിലും കൂടി പ്രവഹിക്കുന്നു. ചില ദിക്കുകളിൽ വെള്ളച്ചാട്ടവും കാണ്മാനുണ്ട്. മനോഹരങ്ങളായ കാട്ടുപുഷ്പങ്ങൾ വികസിച്ചു നില്ക്കുന്നു. പലതരം വൃക്ഷങ്ങളും അവിടെ വളരുന്നുണ്ട്.

കൃഷ്ണവർണ്ണരായ ഇവർ സ്വതന്ത്രമായി പരോപദ്രവം കൂടാതെ ഇവിടെ സുഖവാസം ചെയ്യാമെന്നുറച്ചു. ഈ സ്വാതന്ത്ര്യേച്ഛുക്കളും പ്രാകൃതരുമായ കൊളേറിയന്മാർ കൃഷ്ണശിലകളുടേയും ഉരുണ്ട ഗുഹകളുടേയും അവശിഷ്ടമോ എന്നു തോന്നിപ്പോകും.

അതാ, നദീതീരംവഴി യാത്ര ചെയ്യുന്ന സൈന്യത്തെ നയിച്ചുംകൊണ്ട് ഈ സങ്കേതത്തിൽ ഒരു ആര്യൻ എത്തുന്നു. കൊളേറിയൻപ്രമാണിയായ ബാണാസുരൻ* ഷിക്കർഭം എന്ന സ്ഥലത്തേയ്ക്കു അനുചരരൊന്നിച്ചു പോയിരിക്കയാണ്. ശേഷിച്ച ആളുകളാണ് ശത്രുക്കളോടു എതിരുവാൻ സന്നദ്ധരായി നില്ക്കുന്നതു്.

നദിയുടെ ഒരു വളവിലായി ശത്രുക്കൾ പ്രത്യക്ഷരായി. അത്ഭുതകരമായ കാഴ്ച കണ്ടിട്ട് കൃഷ്ണനിറക്കാർ ശത്രുക്കളെ സൂക്ഷിച്ചു നോക്കി. കുതിരപ്പുറത്തും കാൽനടയായിട്ടും മിന്നുന്ന പരിചയും, വാളും, വില്ലും, അമ്പും, ഗദയും ധരിച്ച് സാവധാനമായി മുന്നോട്ടുവരുന്ന ശത്രുക്കൾ ദേവന്മാരെന്ന് അവർക്കു തോന്നി. ആര്യസൈന്യം അണിനിരന്നു. ഇരുകൂട്ടരും മൗനമായി നിന്നു പരസ്പരം വീക്ഷിച്ചു. അല്പം കഴിഞ്ഞപ്പോൾ കൊളേറിയൻ ഒ

* ഹസാരിബാഗ്

രു ബാണം അയച്ചു. യുദ്ധവും തുടങ്ങി. ഇരുസേനയുടേയും മദ്ധ്യേ ഒഴുകുന്ന നദി മഴക്കാലമായിരുന്നതുകൊണ്ട് നിറഞ്ഞു പ്രവഹിക്കുന്നു. ഇരുകൂട്ടരും സധീരം പൊരുതിക്കൊണ്ടുനിന്നു. കുന്നിൻപുറം കറുത്ത ശരീരങ്ങൾകൊണ്ട് അങ്കിതവും നദീതീരം ആര്യരക്തംകൊണ്ട് പങ്കിലവുമായി. അട്ടഹാസങ്ങളും മുറവിളിയും അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു.

അപ്പോൾ പർവ്വതാന്തർഭാഗത്തുനിന്നും സുന്ദരിയായ ഒരു കന്യകാരത്നം അതിന്റെ മുകളിൽ പ്രത്യക്ഷമായി. അല്പം പൊക്കം ഏറിയവളെങ്കിലും മനോഹാരിത്വതയും വർഗ്ഗഭിന്നതയെ കാണിക്കുന്ന നിറവും അവളിൽ കാണുന്നു. നീണ്ടു ചുരുണ്ട കേശം പിൻപുറത്തെ മുഴുവനും ആച്ഛാദനം ചെയ്യുന്നുണ്ട്. ശംഖം കൊണ്ടുള്ള ഒരു മാലയ്ക്കുപുറമെ ചുവന്ന പുഷ്പം കൊണ്ട് ഒരു ഹാരവും അവൾ അണിഞ്ഞിരിക്കുന്നു. അല്പനേരത്തേയ്ക്ക് അവൾ മൗനം അവലംബിച്ചു. കട്ടിയേറിയ ഒരു പരുക്കൻവസ്ത്രംകൊണ്ട് മനോഹരവും മൃദുലവുമായ അവളുടെ അംഗങ്ങളെ മറച്ചിരുന്നു. അവൾ കൊള്ളേറിയന്മാരോട് എന്തോ പറഞ്ഞു. ഉടനെ അവർ നിശ്ചഞ്ചലരായി ഭുജങ്ങൾ താഴ്ത്തി നിന്നു. അവൾ ആര്യനേതാവിനെ സൂക്ഷിച്ചു നോക്കി; കൈയുയർത്തി. അതിനു മുമ്പെതന്നെ ഈ യുവതിയുടെ ദർശനമാത്രയിൽ അന്ധരായ അവർ യുദ്ധം നിറുത്തിയിരുന്നു. അനന്തരം അവൾ ആ കുന്നിൽനിന്നു മന്ദമായി താഴോട്ടിറങ്ങി. നദിയുടെ എതിർകരയിൽ ചെന്നു നിന്നുകൊണ്ടു ആര്യനേതാവിനോട് ആര്യഭാഷയിൽ ഇങ്ങിനെ പറഞ്ഞു. "ഹേ പ്രഭോ, ഞാൻ നിങ്ങളുടെ വംശജ തന്നെയാണ്. ഈ ഏകാന്തകാന്താരത്തിന്റെ മദ്ധ്യത്തിൽ നിങ്ങൾ എന്താണന്വേഷിക്കുന്നത്? ഈ ദേശത്തെ അധിവസിക്കുന്ന ജനങ്ങളെ എന്തിനാണു നിങ്ങൾ വധിക്കുന്നത്?"

ശാന്തമെങ്കിലും വീരധ്വനിയോടെ പ്രഭു:- "സുന്ദരി! എന്നോടിങ്ങനെ ഒരു ചോദ്യംചെയ്യാൻ നീയാരാണ്? പുരുഷയോഗ്യമായ കർമ്മങ്ങളിൽ നീ എന്തിന് ഇടപെടുന്നു?"

ഞാൻ ആര്യനായ ഒരു രാജാവിന്റെ പുത്രിയായിരുന്നു. ഇപ്പോൾ ജർകൻഡിലെ രാജാവായ ബാണാസുരന്റെ ദത്തുപുത്രിയാണ്. ഈ കൃഷ്ണവർഗ്ഗക്കാരുടെ രാജ്ഞിയുമത്രെ. പാവങ്ങളും നിരുപദ്രവികളുമായ ഇവർ ആരേയും ദ്രോഹിക്കുന്നില്ല. മാന്യപ്രഭോ! നിങ്ങളുടെ സ്വരാജ്യത്തേയ്ക്കു മടങ്ങുക. ഈ പർവ്വതങ്ങളും വനങ്ങളും അഭയസ്ഥാനമാക്കിയിരിക്കുന്ന ഈ സാധുക്കളെ ഉപദ്രവിക്കരുതേ.

കുന്നിന്റെ ഒരു വശത്തുള്ള നിബിഡകാന്താരത്തേയും തകർത്ത് ആയുധസന്നദ്ധനായി ശ്രേഷ്ഠത്വവും കുലീനത്വവുമുള്ളവനായി ദീർഘകാ

യനായ ഒരു യോദ്ധാവ് അവിടെ ചാടിവീണ "മകളെ മാറിനില്ക്കൂ" എന്നു പറഞ്ഞു. അദ്ദേഹത്തെ തുടൎന്ന് ഏതാനും ഭടവീരരും എത്തി. ആൎയ്യപ്രമാണിയുടെ നേരെ തിരിഞ്ഞു് ഇങ്ങനെ ആൎയ്യഭാഷയിൽ ചോദിച്ചു. "നിങ്ങൾ എന്തന്വേഷിക്കുന്നു." "ഞാൻ ഒരു നിധി അന്വേഷിക്കയാണ്." "നിധിയോ കൊള്ളാം, അന്വേഷിച്ചുകൊള്ളൂ. ഞങ്ങളെ ഉപദ്രവിയ്ക്കുന്നതെന്തിന്? ഞങ്ങൾ നിങ്ങളോട്ട് ഒരു അഹിതവും ഭാവിക്കുന്നില്ല. നിങ്ങൾക്ക് ഒരുപദ്രവവും ചെയ്യുന്നുമില്ല. ശാന്തമായി നിധിയന്വേഷിക്കുക."

ആൎയ്യൻ അത്ഭുതപരവശനായി ലജ്ജാനമ്രനായി നിന്നുപോയി. ഇരുവശത്തും കിടക്കുന്ന മൃതശരീരങ്ങളെ സൂക്ഷിച്ചുനോക്കി. ഒരു ശബ്ദംപോലും പറയാതെ വനരാജനെ അഭിനന്ദിച്ചു.

ബാണാസുരൻ— "പ്രഭോ അങ്ങ് എന്തുനിധിയാണന്വേഷിക്കുന്നത്?"

"അതു എന്തെന്ന് എനിക്കറിഞ്ഞുകൂടാ. ഋഷികൾ പറഞ്ഞതനുസരിച്ചു മാത്രമാണ്."

"ഈ കാണുന്ന നദിയെ അനുഗമിക്കുക. നിങ്ങൾക്ക് മനശ്ശാന്തിയെ തരുന്ന ഒരു പുതിയ രാജധാനി അവിടെ കണ്ടെത്തും. അതുതന്നെയല്ലെ നിങ്ങളുടെ നിധി."

"ദീൎഘദൎശിയും പുണ്യാത്മാവുമായ ഒരുവന്റെ വാക്കു ഞാൻ അനുസരിച്ചു. നിധി കണ്ടെത്തുമല്ലൊ."

"ഇന്നു വിശ്രമിക്കുക. നാളെ നിധി അന്വേഷിക്കാം" എന്നിങ്ങനെ പറഞ്ഞു ബാണാസുരൻ ആൎയ്യനേതാവിനെ ക്ഷണിച്ചു.

ആതിഥ്യം സ്വീകരിച്ച് ആൎയ്യന്മാർ കൊളേറിയന്മാരൊന്നിച്ച് മലമുകളിലേയ്ക്കു പോയി.

സൎവ്വത്ര ശാന്തവും പരമാനന്ദവുമത്രെ. ക്ഷീണംകൊണ്ടു തളൎന്നവരായ സേന സുഖമായുറങ്ങി. ആൎയ്യവൃദ്ധനു മാത്രം ഉറക്കമുണ്ടായില്ല. ആ കന്യക എന്തോ ചില സ്മരണകളെ ഉണൎത്തി; അദ്ദേഹത്തിന്റെ ഹൃദയത്തെ ഇളക്കി.

നേരം പ്രഭാതമായി. സൂൎയ്യന്റെ ചെങ്കതിരുകൾ പരന്നു. കുന്നും സാനുവും ആറും എല്ലാം ആനന്ദപ്ലവം തന്നെ. രണ്ടു വൎഗ്ഗക്കാരുടേയും പ്രമാണികൾ ഒന്നിച്ചിരുന്നു പലതും പറഞ്ഞു. പല ദിവസങ്ങൾ ഇങ്ങനെ കഴിഞ്ഞു. ഇതിനിടയിൽ ആൎയ്യഭടന്മാർ നിധി അന്വേഷിച്ച് അവിടെ എല്ലാം അലഞ്ഞു; ഫലമുണ്ടായതുമില്ല. ഒടുവിൽ ഒരു ദിവസം ആൎയ്യനേതാവ് ബാണാസുരനോടിങ്ങനെ പറഞ്ഞു:—

ഇതുവരേയും നിധിദൎശനം ഉണ്ടായില്ല. ഋഷികൾ പറഞ്ഞതി

ന്റെ അർത്ഥം ഞാനൊരു രാജ്യം സ്ഥാപിക്കുമെന്നാണോ? ഈ സ്ഥലം നിങ്ങളിൽനിന്നു ഞാൻ അപഹരിക്കട്ടയോ? യുദ്ധത്തിനൊരുങ്ങുക. അല്ലയോ കൊള്ളരിയപ്രമാണി! ബലം തന്നെ പ്രമാണം. ജയിക്കുന്നവൻ ഭരിക്കട്ടെ.

ബാണാസുരൻ സാഭിമാനം:- അങ്ങിനെയാകട്ടെ. മരണം അന്തിരായി പടവെട്ടുക. നിങ്ങളുടെ ആളുകളുടെ ഉപദ്രവംകൊണ്ട് പലായനംചെയ്തു ഞങ്ങൾ ഇവിടെ ശാന്തമായി ജീവിക്കാമെന്നു വിശ്വസിച്ചിരുന്നു. വിസ്തൃതദേശത്തിന്റെ അധിപന്മാരേ! നിങ്ങളുടെ ലോഭം അതിഭയങ്കരം. ഞങ്ങൾ സംഗ്രാമഭീരുക്കളല്ല. ഒരു വിദേശിയുടെ മേധാവിത്വത്തിൽ തല കുനിക്കുന്നവരുമല്ല.

വളരെ പിതാവുമൊന്നിച്ചുതന്നെ സഞ്ചരിക്കുന്ന കന്യക മുന്നോട്ടു വന്നു ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:- അല്ലയോ മാന്യരെ, നിങ്ങൾ ഇവരെ ഉപദ്രവിച്ച് എന്തിന്നു പലായനം ചെയ്യിക്കുന്നു. നിങ്ങൾക്കിവിടെ ശാന്തമായി ജീവിക്കരുതേ. ജർക്കൻഡ് വളരെ വിസ്തൃതമത്രെ. അടുത്തു എവിടെയെങ്കിലും ഒരു വസതി കണ്ടെത്തരുതേ?

ആര്യൻ—സാധിക്കയില്ല. ആര്യന്മാരും അനാര്യന്മാരും ഒരിക്കലും സമാധാനത്തോടെ ജീവിക്കയില്ല. ഈ കൃഷ്ണവർണ്ണക്കാരെ ഞങ്ങൾ കീഴടക്കും. അവരുടെ നാടും കൈക്കലാക്കും. ഞങ്ങളുടെ കലകളും വിദ്യയും മതവും അവരെ പഠിപ്പിക്കയും ചെയ്യും.

മധുരമെങ്കിലും ഗൗരവത്തോടെ കന്യക— പ്രഭോ! കേൾക്കു. അങ്ങ് ഈ വർഗ്ഗക്കാരെ പിടിച്ചടക്കി സ്വാതന്ത്ര്യഭംഗം ചെയ്യാനാണല്ലോ ശ്രമിക്കുന്നതു്. അങ്ങ് ഒന്നു ധരിക്കണം. മർദ്ദനം ഒരു രാഷ്ട്രത്തെ ഒരിക്കലും നിർണ്ണാൾ ഭരിച്ചിട്ടില്ല. അവിടത്തെ ജനങ്ങളുടെ ഹൃദയത്തെ അതു് ഒരിക്കലും ജയിക്കയുമില്ല. അവരുടെ രാജ്യം പക്ഷെ ജയിച്ചടക്കിയേക്കാം. പക്ഷെ അവരെ അടക്കുവാൻ സാധിക്കയില്ല. പ്രേമം, അനുഭാവം, സ്നേഹം എന്നിവ പ്രയോഗിച്ചു് അവരെ സ്വാധീനമാക്കുക. ഈ വിശാലഭൂമിയുടെ പൂർവ്വനിവാസികളെ ഒരിക്കലും നാമാവശേഷമാക്കുവാൻ നിങ്ങൾക്കു കഴികയില്ല. ദൈവമാണ് അവരെ ഇവിടെ പാർപ്പിച്ചിരിക്കുന്നതു്. നിങ്ങൾ ഇച്ഛിക്കുന്നവയെ സമാധാനത്തോടും മൈത്രിയോടും അവരെ പഠിപ്പിക്കുക.

വൃദ്ധൻ സ്വല്പനേരത്തേയ്ക്കു് മൗനം അവലംബിച്ചു. പിന്നെ ഇങ്ങനെ പറഞ്ഞു:-

കന്യകേ, നിങ്ങൾ ആരാണ്? മറെറാരു ജന്മമെടുത്തു് എന്നോടു സംസാരിക്കുന്നപോലെ തോന്നുന്നു. നിങ്ങളുടെ ഭാഷ ഉൽകൃഷ്ടവും, വിശേഷകപൂർവ്വവുമായിരിക്കുന്നു. നിങ്ങളുടെ സ്വദേശമേതു്? നിങ്ങളുടെ അച്ഛനാര്?

അവൾ അല്പം ക്ഷീണസ്വരത്തിൽ:— യമുനയുടെ തെക്കും വിന്ധ്യന്റെ വടക്കുമായി കിടക്കുന്ന ഒരു രാജ്യമുണ്ട്. അവിടത്തെ രാജാവ് എന്റെ ജന്മഹേതുവായി അറിഞ്ഞാലും. അച്ഛന്റെ ശത്രുക്കളായ കൊളേറിയന്മാർ എന്നെ മോഷ്ടിച്ചു കൊണ്ടുപോന്നു. അന്നു ഞാൻ ഒരു ശിശുവായിരുന്നു. വൃദ്ധയായ വളർത്തമ്മ എന്നോടൊന്നിച്ചുതന്നെ ഉണ്ടായിരുന്നു. അവരാണ് എന്നെ ഈ ഭാഷ പഠിപ്പിച്ചത്. ഈ കാന്താരാധിപനായ ബാണാസുരന്റെ അടുക്കൽ എന്നെ ഏല്പിച്ചു.

ഇടറുന്ന സ്വരത്തിൽ മന്ദമായി പ്രഭ ചോദിച്ചു:- "നിങ്ങളുടെ അച്ഛന്റെ പേർ ഓർമ്മിക്കുന്നുണ്ടോ?"

"ദർപ്പരാജ്, പാമ്പഗർ രാജധാനി"

"വിധി ദർശിച്ചു. ഋഷിവാക്യം മറിച്ചു വരുമോ. ഞാൻ ദർപ്പരാജനാണ്. നീ എന്റെ തസ്കരിക്കപ്പെട്ട മകളുമത്രെ." ഇത്രയും പറഞ്ഞ് ആര്യരാജാവ് മകളെ ഹൃദയത്തോടു ചേർത്തു പുണർന്ന് ആശീർവദിച്ചു.

അല്പനേരത്തേയ്ക്കു സർവ്വത്ര നിശ്ശബ്ദം. ബാണാസുരൻ:- "ദർപ്പരാജ്, അങ്ങയുടെ പുത്രി ഞങ്ങളുടെ രാജ്ഞിയാണ്. എനിക്ക് ഒരു കുട്ടിയുമത്രെ. ആ കുട്ടി ഞങ്ങളൊന്നിച്ചു വാഴട്ടെ."

വൃദ്ധരാജാവു സാവധാനമായി— "ബാണാസുരാ, ഞങ്ങൾ പർവ്വതസാനുക്കളെക്കൊണ്ടു മനോഹരമായ ഈ നാട്ടിൽതന്നെ പാർക്കാം. നമുക്കു പരസ്പരം അറിയേണ്ടതു പലതുമുണ്ട്."

ജർക്കൻഡ് കുന്നുകളുടെ മധ്യത്തിൽ രണ്ടു പ്രമാണികളും സമാധാനത്തോടും മൈത്രിയോടും വസിച്ചു. ആ സാനുവിൽ പല ഗ്രാമങ്ങളുമുണ്ടായി. കാടുകൾ നിബിഡമായി വളർന്നു. ആ പ്രദേശം മൃഗയാവിനോദത്തിനും, ഫലമൂലങ്ങൾ ആഹാരത്തിനും ഉപകരിച്ചു. താഴെ മരുവിൽ ഉർവ്വരപ്രദേശങ്ങൾ സുവർണ്ണധാന്യങ്ങളേയും നൽകി.

ഇതിൽ കൂടുതലായി ഈ പഴംകഥയിൽ ഒന്നുംതന്നെ അറിയുന്നില്ല. കൃഷ്ണവർണ്ണമുള്ള കൊളേറിയന്മാരിൽ നീണ്ടുനിവർന്ന ശരീരവും ഉൽകൃഷ്ടകുടുംബചിഹ്നവും കന്യകമാരിൽ ആര്യച്ഛായയും കാണുമ്പോൾ അത്ഭുതകൗതുകങ്ങൾ ഉണർന്നുപോകാറുണ്ട്. ജർക്കൻഡുപ്രദേശത്ത് സുഖസഞ്ചാരം ചെയ്യുമ്പോൾ ഉയർന്ന കുന്നുകളും, മനോഹരസാനുക്കളും, ശാദ്വലങ്ങളും, അരുവിയുടെ തീരത്തുള്ള കാവുകളും, കൊട്ടാരങ്ങളും, ക്ഷേത്രങ്ങളും, ഗോപുരങ്ങളും കാണുമ്പോൾ ദർപ്പരാജനും മകളും ബാണാസുരനും കൊളേറിയന്മാരും ഒന്നിച്ചു മൈത്രിയോടെ കഴിഞ്ഞുകൂടിയ സ്മരണ കാലത്തിന്റെ തിരസ്കരണിയിൽകൂടി മിന്നിമിന്നിത്തെളിയുന്നു.

# പുസ്തകാഭിപ്രായം.

## കാത്ത്യായനിഅമ്മ അഥവാ

## അധികമായാൽ അമൃതവും വിഷം.

ഗ്രന്ഥകർത്താ, ശ്രീമാൻ പി. കെ. ശ്രീ വീരരായൻരാജാ ബി. എ., എൽ. ടി.
സാമൂതിരികാളേജ്, ചാലപ്പുറം.

വില 1 ക.

ആഖ്യായികാപ്രസ്ഥാനം മലയാളഭാഷയിൽ അതിൻെറ ജനയിതാക്കളെ വിട്ട് സധീരം പെരുമാറുന്നില്ല. സഹവാസസൗഖ്യം കുറവാണെങ്കിലും നാലുപേരോടൊപ്പം നാമും പെരുമാറണമല്ലോ എന്നു വിചാരിച്ച് അതു പലരോടും ചേരുന്നതിൽ വൈമനസ്യവും പ്രദർശിപ്പിക്കുന്നില്ല. മാമൂൽ അവലംബിച്ചും അങ്ങിനെയല്ലാതേയും വരുത്തിക്കൂട്ടുന്ന ഏതു ബന്ധങ്ങൾ വിരസപരിണതിയെ പ്രാപിക്കുന്നു.

ചന്ദ്രനിലെത്താൻ ഒരു പാലത്തിനു വേണ്ട സാമാനങ്ങൾ മനോരാജ്യത്തിൽ സംഭരിക്കുന്ന വിദ്യാർത്ഥിലോകം ജീവിതരംഗത്തിൽ ഇറങ്ങുമ്പോൾ ആ സാമാനം ഒരു ചെറിയ കോവണിക്കുപോലും മതിയാകാതെ വിഷമിക്കാറുണ്ട്. ഏതാണ്ട് ഈ അഭിപ്രായത്തോടുകൂടിയാണ് പ്രസ്തുതകർത്താവും ഗ്രന്ഥം അവതരിപ്പിക്കുന്നത്.

ഗതാനുഗതികത്വം മാന്യമായി തോന്നായ്കയാണ് ദുഃഖപരിണാമിയായ ഒരു നോവൽ എഴുതാൻ പ്രേരിപ്പിച്ചതെങ്കിലും സമ്മാനത്തിൽ ഉണ്ടായ സമ്മോഹവും കാരണമാകാതിരുന്നിട്ടില്ല.

ശോകപരിണാമികളായ ഒരു പ്രസ്ഥാനവും പൗരസ്ത്യർ കൈകാര്യം ചെയ്തിട്ടില്ലെന്നുതന്നെ പറയാം. എങ്കിലും തദ്രസാനുഭൂതിയിൽ അവർ അശേഷവും പിന്നണിയിൽ അല്ല.

ശുഭപരിണാമിയായ ഒരു ഇതിവൃത്തം സ്വീകരിക്കുന്നതിനേക്കാൾ അശുഭപരിണതിയിലെ വേഷവിധാനത്തിനു ഗ്രന്ഥകർത്താവിൻെറ ഭാവനാശക്തിയ്ക്കു ചിലവധികമുണ്ട്. വരവില്ലാത്തവർ ചിലവിനു തുടങ്ങിയാൽ ആ രംഗം ദുഃഖത്തിൽ പര്യവസാനിയ്ക്കും.

പ്രസ്തുതനോവലിൻെറ നാമകരണംതന്നെ 'കാത്ത്യായനിഅമ്മ' എന്നാക്കിയതിൽ ഉള്ള ഔചിത്യമെന്താണ്? നായികാനായകന്മാരുടെയോ സമപ്രധാനമുള്ളതോ അതിലധികമുള്ളതോ ആയ കഥാബന്ധതന്തുവായ ഒരു വേഷത്തിൻേറയോ പേർ ഗ്രന്ഥത്തിനു നൾകുന്നതു് ഉചിതമായിരിക്കും. കാത്ത്യായനിഅമ്മയ്ക്ക് ഇവയിൽ ഒന്നിൻേറയും സ്ഥാനം ഗ്ര

നഥത്തിൽ പ്രത്യക്ഷപ്പെട്ടന്നില്ല. 'ഗോവിന്ദമേനവൻ' എന്ന പേരായാൽ ഇതിൽ ഭേദമെന്ന തോന്നുന്നു.

'അധികമാൽ അമൃതവും വിഷം' എന്നൊരപരനാമവും ഗ്രന്ഥത്തിന്ന നൾകീട്ടുണ്ട്. അധികമായത് ഏത്? അമൃത് എന്ത്? അത് എങ്ങിനെ വിഷമായി? ഈ മൂന്ന പൂർവ്വപക്ഷങ്ങൾക്ക് സമാധാനം പറയേണ്ടിയിരിക്കുന്നു.

പ്രണയരംഗത്തിനാണ് ഇതിൽ പ്രാമാണ്യം കാണുന്നത്. പ്രണയപരവശരായ രണ്ടു കാമുകന്മാർ അനുരാഗിണിയല്ലാത്ത ഒരു തരുണിയിൽ വലയുന്നു. അതിലൊരുവൻ വിവേകംകൊണ്ടു പിൻതിരിയുന്നുണ്ടെങ്കിലും കാമദേവന്റെ കോമരമായി വെളിപാടുകൊള്ളുന്നു. ഇതാണധികമായതെങ്കിൽ അത് വിഷപരിണാമിയായിട്ടില്ല.

സുകുമാരന്റെ ബാലലീലയിൽ മുളച്ച ചേതോവികാരം രാഗപ്രണയങ്ങളായി വിജൃംഭിച്ചിട്ടുണ്ടെങ്കിലും അത് അമൃതമോ എന്ന സംശയമാണ്. സരോജിനിയിൽനിന്നുള്ള ഒരു പ്രത്യാഘാതം സുകുമാരപ്രണയത്തിന്ന സിദ്ധിച്ചിട്ടില്ല. "മദനവിധിഫലിച്ചീലെങ്കിലും സ്ത്രീപുമാന്മാക്കുദയതി രതിലാഭം പ്രാത്ഥനാസാമ്യമൂലം." രാഗം പ്രണയമായി വളൻ പ്രേമത്തിൽ പരിണമിച്ച് പരമപ്രേമത്തിന്റെ ആദ്യപാഠമായിട്ടില്ലെങ്കിൽ അതു അമൃതല്ല. കേവലം ദുർവ്വികാരപോഷണം മാത്രമെ ആകയുള്ളു. വിഷമായി പരിണമിച്ചിരിക്കുന്നത് കാർത്ത്യായനിഅമ്മ, സരോജിനി, സുകുമാരൻ, ശങ്കരമേനവൻ എന്നിവരുടെ ദുർമ്മരണം ആണെങ്കിൽ ഇവരിൽ ആരുടേയും അമൃതപരിണാമമല്ല വിവേകശൂന്യതയാണ് അതിനുള്ള കാരണമെന്ന വിശദപ്പെടുന്നു.

ഇതിവൃത്തം, പാത്രം, ഘടന, രസം, ഉചിതപരിണാമം, ഭാഷാശുദ്ധി എന്നിങ്ങിനെ പലതിന്റേയും സമഞ്ജസസമ്മേളനംകൊണ്ട് ദേശത്തേയും കാലത്തേയും മറന്ന വായനക്കാരെ കഥാകുടുംബത്തിലെ അംഗമാക്കിത്തീക്കുന്നതത്രെ ആഖ്യായികയുടെ പരമധമ്മം.

ശങ്കരമേനവൻ വ്യവഹാരപരാജയംകൊണ്ട് ഉന്മാദചിത്തനായി പുറപ്പെട്ടുപോകുന്നു. അന്നു രാത്രി ഗോവിന്ദമേനവനും കൂട്ടരുംകൂടി മദ്യപാനോന്മാദവും വിജയോന്മാദവും പിടിപെട്ട് പാലകര എത്തുന്നു. ആ രാത്രി കാർത്ത്യായനിഅമ്മയേയും മകളേയും പുറത്താക്കി. അവിടെ പുരുഷന്മാരാരും ഉണ്ടായിരുന്നില്ലെങ്കിലും ഉണ്ണിപ്പാറുഅമ്മ കൂട്ടർ വെളിയിൽതന്നെ വന്നില്ലത്രെ. എങ്കിലും ഇവരുടെകൂടെ ഉണ്ടായിരുന്ന ചീരു ഇറങ്ങി കാർത്ത്യായനിഅമ്മയെ അനുഗമിക്കുന്നു. ഇവിടെയെല്ലാം കഥയ്ക്കു് അസ്വാഭാവികതയുണ്ട്. അന്നുവരെ കാർത്ത്യായനിഅമ്മ 'അമ്മായിപഞ്ചതന്ത്രം' പാടിയിരുന്നതായും അത്ര വിശദമല്ല.

കാത്ത്യായനിഅമ്മയും മകളും വാലിയക്കാരിയോടുകൂടി പാററയ്ക്കൽ ചെല്ലുന്നു. അവിടം ഒരു പ്രണയരംഗമായി മാറുന്നു. കാത്ത്യായനിഅമ്മയുടെ ദുർവ്യാശയും, സരോജിനിയുടെ സൗന്ദര്യവും ഒരു പുറത്തും, കല്യാണിഅമ്മയുടെ കഥയില്ലായ്മയും, രാമൻമേനവന്റെ ഗ്രന്ഥം ജീവനം കൊണ്ടു് ലോകജ്ഞാനമില്ലായ്മയും മറുപുറത്തും നിന്നുകൊണ്ടാണ് നാടകം തുടങ്ങിയതു്. നിരാലംബകളായ രണ്ടു പെണ്ണുങ്ങൾ, തന്നെ അഭയംപ്രാപിച്ചിരുന്ന ഘട്ടത്തിൽ രാമൻമേനവൻ പ്രണയഗാനം പാടിയതു് വീരോചിതമായില്ല. സാഹോദര്യമായി പരിണമിച്ച വികാരാവേശവുംകൊണ്ടു രാമൻമേനവനങ്ങിനെ കഴിയുന്നു. കാത്ത്യായനിഅമ്മയുടെ 'ചെവിയിൽഓത്തു്' ശങ്കരമേനവന്റെ നല്ലജീവനെ നശിപ്പിച്ചു. സുകുമാരനു സരോജിനീപ്രാപ്തി സുഖസാദ്ധ്യമല്ലെന്നു കണ്ടിട്ടു് രാമൻമേനവനെക്കൂടി ആലോചിച്ചു് രാക്ഷസോദ്വാഹത്തിനൊരുങ്ങി. അതിൽ പരാജയം പററി. സരോജിനിയുടെ ഒരു എഴുത്തു് ഉണ്ടാക്കി സുകുമാരനെ വഞ്ചിച്ചു. കഷ്ടം! ഇവിടെയെല്ലാം കഥയുടെ ശിഥിലബന്ധം വെളിപ്പെട്ടുപോകുന്നു.

അടുത്തു സുകുമാരൻ രാക്ഷസനായി മാറുന്നു. മാതുലവധംചെയ്തു് ആവേശിതനായിനില്ക്കുന്ന സുകുമാരനെ യൗവ്വനപൂർണ്ണദശയെ പ്രാപിച്ചിരിക്കുന്ന ഒരു യുവാവിന്റെ കൈയ്യിൽനിന്നും ആയുധംവാങ്ങി കാത്ത്യായനിഅമ്മ അയാളെ വെട്ടിയത്രെ. മകളെക്കൂടി കൊല്ലാൻശ്രമിച്ചു് സാധിക്കാത്ത ദേഷ്യം ആത്മഹത്യയ്ക്കു് ആ സ്ത്രീയെ പ്രേരിപ്പിച്ചു. ഇതെല്ലാം നോവൽ "ദുഃഖപര്യവസായി" ആക്കാൻവേണ്ടി ചെയ്തതാണെങ്കിൽ സമാധാനമുണ്ടു്. ലോകസ്വഭാവം അനുവദിക്കുന്നതുമാത്രം സംശയമാണ്.

രോഗംകൊണ്ടു് സരോജിനിയും സന്യാസംകൊണ്ടു് രാമൻമേനവനും ജീവിതം അവസാനിപ്പിച്ചു.

പാലകരക്കാർ പൂർവ്വാധികം വർദ്ധിച്ചു. കുട്ടൻമേനവൻ വിദേശത്തുനിന്നും ധാരാളം പണവുംകൊണ്ടെത്തി. ഗോവിന്ദൻമേനവൻ കള്ളുകുടി മാററി ഒററക്കാലനായി സുഖിക്കുന്നു. ഇങ്ങിനെ കഥ അവസാനിച്ചു.

കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നിടത്താണ് ഗ്രന്ഥകർത്താവിന്റെ കല്പനാശക്തി വെളിപ്പെടുന്നതു്. വൈത്തിപ്പട്ടർ, സുന്ദരയ്യൻ, സൂരിനമ്പൂതിരിപ്പാടു്, മാമാവെങ്കിടൻ എന്നീ വേഷങ്ങളെ പ്രത്യക്ഷവീക്ഷണംചെയ്തിട്ടില്ലെങ്കിലും അവർ ആരും നമ്മുടെ കണ്ണിനു മുമ്പിൽനിന്നു് മായുന്നില്ല. കാത്ത്യായനിഅമ്മയിൽനിന്നു് എത്ര പേർ നമുക്കീദുരനുഭവം തരുന്നുണ്ടു്? ശങ്കരമേനവൻ പൂമുഖത്തു സ്വാഭിമാനചിന്തയോടെ ലാത്തുന്നതു് ഇടയ്ക്കിടെ ഓർമ്മ വരുന്നുണ്ടു്. ചീരുവിനെയും ചിലപ്പോൾ കാണാറില്ലെന്നില്ല. ദുഃഖപര്യവസായിപ്രസ്ഥാനങ്ങളിൽ ഉള്ള പ്രധാന വേഷങ്ങളോടു് നമുക്കു് വെറുപ്പല്ല വരേണ്ടതു്. എങ്കിലും അവരുടെ ശുഭപരിണാമത്തിനു പരിത

സ്ഥിതികൾ അനുവദിക്കയുമരുതു്. 'മാൎത്താണ്ഡവൎമ്മ' എന്ന ആഖ്യായികയിലെ സുഭദ്രയെക്കുറിച്ചും, 'ദുൎഗ്ഗേശനന്ദിനി'യിലെ ഐഷയെക്കുറിച്ചും സഹോദരീനിൎവ്വിശേഷമായോ, അഥവാ ആരാധനാൎഹമായോ തോന്നുന്നുണ്ടെങ്കിലും അവരുടെ അശുഭപരിണതിയെത്തന്നെയാണു് പ്രശ്രയപൂൎവ്വം പ്രാൎത്ഥനീയമായിട്ടുള്ളതു്.

സാധു ശങ്കരമേനവനെ വധാൎഹനാക്കാതെതന്നെ കൊല്ലിച്ചതും, കഷ്ടിച്ചു് വധാൎഹയായ കാൎത്ത്യായനിഅമ്മയെക്കൊണ്ടു് അവിവേകിയായ സുകുമാരനെ കൊല്ലിച്ചതും മകളെ കൊല്ലുനൊരുങ്ങിയ ഘാതകവൃത്തി ആത്മഹത്തിയ്ക്കു് പൎയ്യാപ്തമായതും കഥയ്ക്കും പാത്രങ്ങൾക്കും, ഘടനയ്ക്കും അനുഗുണമായി കാണുന്നില്ല.

താമസിയായ ശൃംഗാരംകൊണ്ടും അവിവേകപ്രേരിതമായ ക്രൗൎയ്യംകൊണ്ടും കരുണമായി പരിണമിച്ചതുകൊണ്ടു ദുഃഖപൎയ്യവസായിയായ പ്രസ്ഥാനത്തിനു ഗുണപൗഷ്കല്യം വരുന്നതല്ല.

ഭാഷയെസംബന്ധിച്ചു് തെക്കനെന്നും വടക്കനെന്നും പരസ്പരം പറയുന്ന ആക്ഷേപം നിസ്സാരമാണു്. ദേശ്യങ്ങളെ അല്പം കുറയ്ക്കണമെന്നൊരു പക്ഷമുണ്ടെങ്കിലും അവയുടെ പ്രചാരം നമ്മുടെ ഭാഷയ്ക്കു് ഇന്നത്തെ നിലയ്ക്കു് ആവശ്യംതന്നെയാണു്. വ്യാകരണവിരുദ്ധമായ—പക്ഷേ വ്യാകരണം തെക്കരുടേതെന്നു പറയും—പ്രയോഗങ്ങൾ സൎവ്വസമ്മതമെന്നു തോന്നുന്നവയെ ഉപേക്ഷിക്കേണ്ടതല്ലെ. വധമെന്ന അൎത്ഥത്തിൽ "കുല" എന്നു കാണുന്നതും "കാണിപ്പിക്കുന്നു" ഞാൻ "സാധിപ്പിച്ചുതരാം" എന്ന പ്രയോജകരൂപം പ്രയോഗിച്ചിരിക്കുന്നതും എത്രത്തോളം ആദരണീയമെന്നറിയുന്നില്ല. "നാനി അവൾ നിലത്തുവീഴുന്നതായിക്കണ്ടു എഴുത്തു് തൽക്ഷണം എടുത്തു" ഈ വാക്യം ഇംഗ്ലീഷുരീതിയിൽ ഒട്ടും അസ്വാരസ്യമുള്ളതല്ലെങ്കിലും മലയാളത്തിൽ അശേഷവും ഭംഗിപോരാത്തതാണു്. "വിരഹതാപത്തിൽ കിടന്നു് കുഴങ്ങുന്ന സുകുമാരനു രാമൻമേനവന്റെ ഈ ഉപായം വരണ്ട മരുഭൂമിക്കു മഴയെന്നവിധം ആശ്വാസജനകമായിരുന്നു" ഈ വിധമുള്ള അലങ്കാരപ്രയോഗം ആശയപ്രകാശനമോ, മഹത്വമൊ വെളിപ്പെടുത്തുന്നില്ല.

ഗ്രന്ഥത്തിൽക്കൂടി തൽകൎത്താവിനെ ഏതാണ്ടൊന്നു കാണുവാൻ സാധിക്കുന്നതാണു്. ആ വഴിക്കു് ഒന്നു നോക്കുമ്പോൾ ഗ്രന്ഥകൎത്താവു് ഒരു യഥാസ്ഥിതികനെന്നു് തോന്നും. മെഡിക്കൽ ലൈനിൽ പഠിക്കണമെന്നു് നിശ്ചയിയ്ക്കുന്ന സുകുമാരൻ അമ്മാവന്റേയും അമ്മയുടേയും ലോകപരിചയത്തേയും അറിവിനേയും ശ്രേഷ്ഠവും ആദരണീയവും എന്നു വച്ചു് ബി. എ. യ്ക്കു പഠിക്കാൻ ഒരുങ്ങുന്നു. സരോജിനി മാതാപിതാക്കളുടെ ഹിതം ഒരിക്കലും കൈവിടുന്നതല്ലെന്നു ശഠിക്കുന്നു. അമ്മാവന്മാർ സംബ

ന്ധം ചെയ്യാതിരുന്നാൽതന്നെ നന്ന്; അഥവാ ചെയ്തു വല്ലതും കൊടുക്കാനൊരുങ്ങിയാൽ അവക്കു ഒതുങ്ങരുതു്. തിരിഞ്ഞു മറിഞ്ഞു മരുമക്കത്തായ ഏർപ്പാടിന്നു് ഹാനിവരരുതു്. ഇവയെല്ലാം കഥയിൽ പ്രതിബിംബിച്ചു കാണുന്നുണ്ടു്. പരാജയം എന്നൊന്നില്ലെന്നു മിഥ്യയായിട്ടെങ്കിലും ചിന്തിപ്പാൻ മനസ്സാന്നിദ്ധ്യമുള്ള കാലത്തു് ശുഭപരിണാമിയായ ഒരു നോവൽ എഴുതുന്നതായിക്കും വിജയഹേതുവെന്നു തോന്നിപ്പോകുന്നു. ഈ നോവൽ അങ്ങിനെ ആകത്തീക്കാനുള്ള ലക്ഷണങ്ങളാണു് പ്രസ്ഫുടമായി കാണപ്പെടുന്നതു്.

ഒരു ശുഭഭാവിയെ പ്രവചിക്കുന്ന പല ഭാഗങ്ങളും ഇതിൽ കാണ്മാനുണ്ടു്. പ്രാപ്യസ്ഥാനത്തേക്കുള്ള പ്രയാണസരണി ചിലപ്പോൾ കണ്ടകാകീർണ്ണമായേക്കാമെങ്കിലും അതു അവിടയ്ക്കുതന്നെയെങ്കിൽ നൈരന്തര്യണയുള്ള കർമ്മംമാത്രം വിജയകാരണമാകുന്നതാണു്. സൃഷ്ടികർമ്മംതന്നെ ചെയ്തുപോരുന്ന വിധാതാവിന്റെ കർമ്മവും ദോഷശൂന്യമായി ഏതൽകാലപര്യന്തം പരിണമിച്ചിട്ടില്ലല്ലൊ. ഈ ഗ്രന്ഥകർത്താവിന്റെ അനന്തരകാലസംരംഭം സാഹിത്യസരണിയിൽ പ്രവർത്തിച്ചുകാണുവാനും അദ്ദേഹത്തിന്നു് അതിൽ സ്ഥിരപ്രതിഷ്ഠയും പ്രോത്സാഹനവും ഉത്തരോത്തരം ലബ്ധിക്കുവാനും ഞങ്ങൾ സാഹിതീദേവതയെ പ്രാർത്ഥിച്ചുകൊള്ളുന്നു.


## കേരളം.

നാട്ടിൽ അകത്തും പുറത്തും വിപുലമായ പ്രചാരം പ്രാപിച്ചുകൊണ്ടിരിക്കുന്നു. നല്ല മേനിക്കടലാസ്, റോയൽ 8 വലിപ്പത്തിൽ 48 പുറങ്ങൾ, നവീനലോകത്തിന്ന് ഏററം രസപ്രദങ്ങളും ആവശ്യവിജ്ഞേയങ്ങളുമായ പല വിഷയങ്ങളെക്കുറിച്ചു വിദ്വാന്മാർ മനസ്സിരുത്തി എഴുതിക്കൊണ്ടിരിക്കുന്ന ലേഖനപരമ്പര, നിർദ്ദോഷമായ ഭാഷാരീതി, ഇതെല്ലാം തികച്ചും യോജിച്ചു പ്രതിമാസം കൃത്യമായി പുറപ്പെടുന്ന മാസിക കേരളത്തിൽ "കേരളം" മാത്രമാണെന്നു് പല മഹാന്മാരും നിശ്ശങ്കം സമ്മതിക്കുന്നു.

മാസികാപാരായണംകൊണ്ടു് വിജ്ഞാനാർജ്ജനത്തിന്നു കരുതുന്നവർ കേരളം പതിവായി വായിക്കുക. വരിസംഖ്യ 2—8—0 മാത്രം.

മാനേജർ,
"കേരളം" തൃശ്ശിവപേരൂർ.